
Date of publication: 9 ജൂൺ 2016
വോള്യം 11 / ലക്കം 6 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത

## കളിക്കളത്തിലെ സ്ത്രീ



# സംഘടിത

സംഘടിത|ജൂൺ 2016 |വോള്യം 11 |ലക്കം 6

കവർ : ഇറ്റലിയിലെ സിസിലിയിൽ നിന്നും കണ്ടെടുത്ത പ്രാചീന റോമൻ മൊസൈക്കിൽ നിന്ന്




**ചർച്ചാവിഷയം**

സീന സി.വി: ഒരു ഇന്ത്യൻ വനിതാ ഫുട്ബോളർ — **കവിത സി.** 7

10 **സുഭിഷ** — പെൺകുതിപ്പിനെ ചങ്ങലക്കിടുന്നവർ !

കളിക്കളത്തിലും ഗ്യാലറിയിലുമെത്താത്ത പെൺജന്മങ്ങൾ — **വിനയ** 15

24 **ദീപ നമ്പൂതിരി** — വിംഗ്സ് കേരള-സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ

നമ്മുടെ പെൺ കായികതാരങ്ങൾ അവഗണിക്കപ്പെടുന്നതെങ്ങനെ? — **കിഷൻ ദേശായ്** 30

**അഭിമുഖം**

എന്നും സഖാവായിത്തന്നെ ജീവിതം; മീനാക്ഷിതമ്പാൻ — 47 **ചാരുലത**

**വാർത്തകൾ**

മെയ് ദിനാചരണ പരിപാടികൾ 58

സ്ഥാനാർത്ഥികളോട് 60

59 ജിഷയുടെ ഘാതകരെ പിടികൂടുക

**ഫോട്ടോ ഫീച്ചർ : പുരുഷാധിപത്യത്തെ അതിജീവിച്ച കായിക പ്രതിഭകൾ**

45 പെൺപക്ഷം — **അജിത കെ.**

54 ചരിത്രത്തിൽ നിന്ന്....

38 കവിത — **ഷീലാ ലാൽ**

42 പുസ്തകയാത്രകൾ — **എം.ഡി.രാധിക**

50 വാസ്തവം — **ഡോ.ജാൻസി ജോസ്**

37 വീട്ടുവിശേഷം — **റഷീദ ഗഫൂർ**

39 ഉപ്പും മുളകും — **ഗീത**

47 കഥ — **നിഫ്സ.സി**

61 ശാസ്ത്രം — **സീമ ശ്രീലയം**

**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **ഗസ്റ്റ് എഡിറ്റർ**:ദിവ്യാദിവാകരൻ **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ് **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് **സർക്കുലേഷൻ മാനേജർ** : ചാരുലത എ.എസ്. **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

**ജി**ഷയുടെ കൊലപാതകം ആളിക്കത്തിച്ച പ്രതിഷേധാഗ്നി ഇനിയും കെട്ടടങ്ങിയിട്ടില്ല. സ്ത്രീയും ദലിതയും ദരിദ്രയുമായ ഒരുവൾക്ക് ഈ നാട്ടിൽ ലഭിക്കാവുന്ന നീതിയുടെ പരിമിതമായ അതിരുകൾ ലജ്ജാവഹമായി വെളിവാക്കപ്പെട്ടിരിക്കുകയാണ്. ഭരണകൂടതാല്പര്യങ്ങൾ എത്ര നിഷ്ഠൂരമായാണ് അക്ഷരാർത്ഥത്തിൽ പുറമ്പോക്കുകളിലേക്ക് തള്ളപ്പെട്ടവർക്കെതിരെ തിരിയുന്നത്! ജിഷയുടെ വീട്ടിൽ നിന്ന് നടന്നാൽ അഞ്ചു നിമിഷത്തെ ദൂരം പോലുമില്ലാത്തിടത്ത് ഇതുപോലെ പരിതാപകരമായ അവസ്ഥകളിൽ (എന്നാൽ എ.പി.എൽ കാർഡുടമകളായി) ഇനിയും എത്രയോ കുടുംബങ്ങൾ ജീവിക്കുന്നുണ്ട്. ക്ഷേമവകുപ്പുകളും പീഡനവിരുദ്ധനിയമങ്ങളുമൊക്കെയുണ്ടായിട്ടും അരികുവൽക്കരിക്കപ്പെട്ടവരുടെ ജീവിതങ്ങൾ മെച്ചപ്പെടുത്താൻ കഴിയാതെ പോകുന്ന സർക്കാറുകൾക്ക് ജനാധിപത്യപ്രക്രിയയുടെ പേരിൽ ഭരിക്കാനെന്താണവകാശം? ജിഷയുടെ കൊലപാതകിയെ കണ്ടെത്തി ശിക്ഷിക്കുക എന്ന ആവശ്യത്തെപ്പോലെത്തന്നെ പ്രധാനമാണ് പ്രാന്തവൽക്കരിക്കപ്പെട്ട മനുഷ്യർക്ക് അഭിമാനമുള്ള മനുഷ്യരായി നിർഭയമായി ജീവിക്കാനും ജീവിതം മെച്ചപ്പെടുത്താനുമുള്ള സാഹചര്യങ്ങളുണ്ടാവുക എന്നതും. എല്ലാം ശരിയാവുമെന്നത് സൗകര്യപൂർവ്വമായ ഒരു താൽക്കാലിക മുദ്രാവാക്യം ആയിക്കൂടല്ലോ!

സ്കൂൾകാലം ആരംഭിച്ചതോടെ ഈ സ്ഥാപനങ്ങളിൽ നമ്മുടെ കുട്ടികൾ ഏതൊക്കെ വിധത്തിലുള്ള പരുവപ്പെടുത്തലുകൾക്കാണ് വിധേയരാവുന്നതെന്ന് ശ്രദ്ധിക്കാനുള്ള ജാഗ്രത ഉണ്ടാകേണ്ടതുണ്ട്. ആശാസ്യകരമല്ലാത്ത മതം, ജാതി, ലിംഗഭേദ, വർഗ്ഗ വിടവുകൾ സൃഷ്ടിക്കുന്നതിൽ വിദ്യാലയാന്തരീക്ഷം വഹിക്കുന്ന പങ്ക് ഒട്ടും കുറച്ചുകാണാനാവില്ല. വീടുകളിൽ തുറന്ന അന്തരീക്ഷങ്ങളിൽ ജീവിക്കുന്ന കുട്ടികൾ പോലും വിദ്യാലയങ്ങളുടെ പ്രത്യയശാസ്ത്ര നിർബന്ധങ്ങൾക്ക് അടിമപ്പെട്ടു പോകാറുണ്ട് എന്നതാണ് സത്യം.

സ്ത്രീ അബലയാണെന്ന വാദം സമൂഹത്തിൽ വളരെ പ്രബലമാണ്. അതോടൊപ്പം ചേർത്തുവെയ്ക്കുന്ന ആശയമാണ് ശാരീരികശക്തിയാണ് മികവിന്റെ പര്യായമെന്നത്. രണ്ടും ചേർന്ന് സ്ത്രീകളുടെയുള്ളിൽത്തന്നെ സ്വന്തം ശരീരങ്ങളെക്കുറിച്ചുള്ള അധമബോധങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാവുന്നു. പകലന്തിയോളം പണിയെടുക്കുന്ന കായികാദ്ധ്വാനത്തിലേർപ്പെടുമ്പോഴും അബലയാണെന്ന ചിത്രീകരണത്തിന്റെ വൈരുദ്ധ്യം തിരുത്തപ്പെടുന്നില്ല തന്നെ. മനുഷ്യജീവിതത്തിന്റെ താളം നിലനിർത്തുന്നതിൽ കായികവിനോദങ്ങൾക്കുള്ള പങ്ക് പണ്ടു മുതലേ തിരിച്ചറിയപ്പെട്ടിട്ടുണ്ടെങ്കിലും സ്ത്രീകളെ ഈ അറിവിന്റെ ഗുണഭോക്താക്കളാവാൻ സമൂഹം അനുവദിക്കാറില്ല. സ്ത്രീകൾക്കാവശ്യമെന്ന് കല്പിക്കപ്പെട്ട നല്ല പെരുമാറ്റത്തിന്റെ പേരു പറഞ്ഞും മാതൃത്വത്തിന്റേയും സ്ത്രൈണശരീരസൗന്ദര്യത്തിന്റേയും നിർബന്ധങ്ങൾ നിരത്തിയും കളിക്കളം എന്ന പൊതുവിടത്തിൽ നിന്നും സ്ത്രീകളെ അകറ്റി നിർത്തുകയാണ് ചെയ്യുന്നത്. കുഞ്ഞുനാൾ മുതൽ തുടങ്ങുന്ന ഈ ചിട്ടപ്പെടുത്തൽ വാസ്തവത്തിൽ ആനന്ദത്തിന്റേയും ആത്മാവിഷ്കാരത്തിന്റേയും കൂട്ടുകൂടലിന്റെയും സമ്പുഷ്ടമായ സാമൂഹികജീവിതലോകങ്ങളിൽ നിന്നും സ്ത്രീകളെ നിഷ്കാസനം ചെയ്തുകൊണ്ടിരിക്കുന്നു. ഇത്തരം അനേകം പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ചാണ് സ്ത്രീകളായ കായികപ്രതിഭകൾ സ്വന്തം ഇടങ്ങൾ സ്ഥാപിച്ചെടുത്തതെന്ന് ഈയവസരത്തിൽ ഓർക്കേണ്ടതുണ്ട്. പുരുഷന്മാരേക്കാൾ എത്രയോ മടങ്ങ് കടമ്പകൾ കടന്നാണ് അവർ വിജയത്തിന്റെ ചവിട്ടുപടികൾ കയറിയിട്ടുണ്ടാവുക എന്നത് തീർച്ച. കളിയോടുള്ള തങ്ങളുടെ ജീവിതാഭിനിവേശം നിലനിർത്താൻ സ്വന്തം നിലനിൽപ്പു പോലും അപായപ്പെടുത്തിയിട്ടുള്ള കായികതാരങ്ങൾ എത്രയെത്രയോ! എന്നാൽ മാധ്യമങ്ങളും പൊതുസമൂഹവും സ്ത്രീകളുടെ കായികവിനോദങ്ങളെ രണ്ടാംതരം മാത്രമായാണ് കണക്കാക്കുന്നത്. പണത്തിന്റേയും പ്രശസ്തിയുടേയും ജോലിവാഗ്ദാനങ്ങളുടേയുമൊക്കെ കുത്തൊഴുക്കുകൾ സ്ത്രീകളായ കായികതാരങ്ങളെ തേടിയെത്തുന്നതും വിരളം. പഠനവേളകളിലും പരിശീലനങ്ങൾക്കിടയിലും ആത്മഹത്യയിൽ വരെ കലാശിക്കുന്ന ദുരനുഭവങ്ങൾ വേറെയും. എങ്കിലും സ്ത്രീകൾ പൊരുതുന്നു. സ്വന്തമായൊരു കളിയിടത്തിനായി. കളിക്കളത്തിലെ സ്ത്രീ എന്ന വിഷയം ചർച്ച ചെയ്യുന്ന ദിവ്യ ദിവാകരൻ സമ്പാദകയായ ഈ ലക്കം സംഘടിത വായനക്കാർക്ക് സമർപ്പിക്കട്ടെ.

# അതിഥി പത്രാധിപകുറിപ്പ്



ദിവ്യ ദിവാകരൻ

നമ്മുടെ നാട്ടിലൂടെ വൈകുന്നേരം വെറുതെ ഒന്ന് നടക്കാനിറങ്ങുക. പൊതു കളിക്കളങ്ങളിൽ , സ്കൂൾ ഗ്രൗണ്ടുകളിൽ, അല്പം തുറസ്സായ സ്ഥലങ്ങളിൽ എല്ലാം ആൺകുട്ടികളോ മുതിർന്ന പുരുഷൻമാരോ കൂട്ടമായി ആസ്വദിച്ച് കളിക്കുന്നത് കാണാം. മിക്കവാറും ഫുട്ബോൾ. അല്ലെങ്കിൽ ക്രിക്കറ്റോ വോളിബോളോ. കളി എന്തു തന്നെയായാലും അത് അവരിൽ ഒരു സംഘടിത ബോധം ഉണ്ടാക്കുന്നു. കായികമായ കരുത്തു നൽകുന്നു. സ്ത്രീകളും പെൺകുട്ടികളും ഇങ്ങനെയൊന്ന് കളിക്കുന്നത് നാം എപ്പോഴെങ്കിലും കാണാറുണ്ടോ ? അവർ ആ സമയത്ത് വീട്ടിനുള്ളിൽ ടി.വി കാണുകയോ, പാചകം ചെയ്യുകയോ, പഠിക്കുകയോ ഒക്കെ ആയിരിക്കും. കളിയും കായിക ശേഷിയും സംഘബോധവും ഒന്നും സ്ത്രീകൾക്ക് ആവശ്യമുള്ള കാര്യങ്ങളായി പൊതു സമൂഹത്തിന് തോന്നുന്നതേ ഇല്ല. അതുകൊണ്ടു തന്നെ ഒരു നാൽപത് വയസ്സ് കഴിയുമ്പോൾതന്നെ ഗൃഹസ്ഥകളായ സ്ത്രീകൾ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നു. മുട്ടുവേദന, നടുവേദന, അമിത ഭാരം തുടങ്ങി ഡിപ്രഷൻ വരെ ഉണ്ടാകുന്നത് വ്യായാമവും കൂട്ടായ്മയും ഇല്ലാത്തതുകൊണ്ടു തന്നെയാണ്.

ചെറിയ പെൺകുട്ടികൾ ആൺകുട്ടികളെ പോലെ തന്നെ കളിച്ചു വളരേണ്ടവരാണെന്ന ബോധം രക്ഷിതാക്കൾക്കോ അധ്യാപകർക്കോ ഇല്ല. അതുകൊണ്ടാണ് ആൺകുട്ടിക്ക് ഫുട്ബോൾ വാങ്ങിക്കൊടുക്കുമ്പോൾ പെൺകുട്ടിക്ക് പാവയെ വാങ്ങിക്കൊടുക്കുന്നത്. സ്കൂളിലും അവസ്ഥ വ്യത്യസ്ഥമല്ല. ക്രിക്കറ്റും ഫുട്ബോളുമൊക്കെ ആൺകുട്ടികൾക്ക് മാത്രമുള്ളതാണ് എന്നാണ് മിക്ക അധ്യാപകരുടേയും ധാരണ. പി.ടി പിരീഡിൽ ആൺകുട്ടികൾ അറമാദിച്ച് കളിക്കുമ്പോൾ പെൺകുട്ടികൾ ഏതെങ്കിലും മൂലയിൽ വെറുതെ വർത്തമാനം പറഞ്ഞിരിക്കും. കൂടിപ്പോയാൽ ഒന്നു വള്ളിച്ചാട്ടം ചാടുകയോ ബാറ്റ്മിൻറൺ കളിക്കുകയോ ചെയ്യും. ആൺകുട്ടിയും പെൺകുട്ടിയും സ്കൂളിൽ രണ്ടു രീതിയിൽ condition ചെയ്യപ്പെടുന്നത് കൊണ്ടുതന്നെയാണ് ഇത്. ഇനിയെങ്കിലും ഈ അവസ്ഥക്ക് മാറ്റം ഉണ്ടായേ പറ്റൂ. പെൺകുട്ടികളേയും ആൺകുട്ടികളേയും ക്ളാസ് മുറികളിൽ ഒന്നിച്ചിരുത്തുക. ഒന്നിച്ച് കളിക്കാനും പഠിക്കാനും അനുവദിക്കുക. ആരോഗ്യകരമായ ആൺ പെൺ ബന്ധങ്ങൾ ഉണ്ടാകും എന്നു മാത്രമല്ല പെൺകുട്ടികൾ കായികമായും സാമൂഹികമായും മാനസികമായും കരുത്താർജ്ജിക്കുകയും ചെയ്യും.

പെൺകുട്ടികളേയും സ്ത്രീകളേയും പൊതു കളിക്കളങ്ങളിലേക്കും പൊതുവിടങ്ങളിലേക്കും കൊണ്ടു വരിക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച സംഘടനയാണ് WINGS ( Women Integration N Growth through Sports ).

രൂപീകൃതമായിട്ട് കേവലം ഒരു വർഷം മാത്രമേ ആയിട്ടുള്ളൂ എങ്കിലും മലപ്പുറം, പാലക്കാട് , തൃശൂർ , കണ്ണൂർ തുടങ്ങി വിവിധ ജില്ലകളിലേക്ക് വ്യാപിക്കാനും സ്ത്രീകളുടെ വോളിബോൾ ടീമുകൾ രൂപികരിക്കാനും WINGS ന് കഴിഞ്ഞു. 2016 ലെ വനിതാദിനത്തിൽ കോഴിക്കോട് നടത്തിയ വീട്ടമ്മമാരുടെ വോളിബോൾ മത്സരവും കലാപരിപാടികളും ജനശ്രദ്ധയും മാധ്യമശ്രദ്ധയും ആകർഷിച്ചു. സാദാ വീട്ടമ്മമാരായി വീടുകളിൽ ഒതുങ്ങികഴിഞ്ഞിരുന്ന സ്ത്രീകളിൽ ആത്മവിശ്വാസത്തിന്റേയും സംഘബോധ ത്തിന്റേയും ഊർജ്ജം പകരാൻ WINGS ന് ഇന്ന് കഴിയുന്നുണ്ട്. ആടാനും പാടാനും എഴുതാനും വരക്കാനും കളിക്കാനും ഉള്ള കഴിവുകൾ വർഷങ്ങളായി കെട്ടിപ്പൂട്ടി വെച്ച് വീട്ട് ജോലികളിൽ മുഴുകി കഴിഞ്ഞിരുന്നവർ ആ കഴിവുകളൊക്കെ വീണ്ടും പുറത്തെടുക്കുന്നു.

വളരെ പ്രകടമായി ലിംഗ വിവേചനം നിലനിൽക്കുന്ന ഒരു മേഖലയാണ് കായിക രംഗം. ഒരു സച്ചിൻ ടെണ്ടുൽക്കറോ വിരാട് കോഹ്ലിയോ ആകാൻ ഒരു സ്ത്രീക്ക് കഴിയുമോ? ഇല്ല. കാരണം പുരുഷന്റെ ക്രിക്കറ്റും പുരുഷന്റെ ഫുട്ബോളും മാത്രമാണ് ഇവിടെ ആഘോഷിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ ക്രിക്കറ്റ് താരവും ഫുട്ബോൾ താരവുമൊക്കെ പുരുഷൻ മാത്രമാണ്. സ്ത്രീകളുടെ ക്രിക്കറ്റ് -ഫുട്ബോൾ ടീമുകളെ കുറിച്ച് ആർക്കും അറിയുക പോലും ഇല്ല. സർക്കാരോ മാധ്യമങ്ങളോ ആവശ്യത്തിന് പരിഗണനയോ ശ്രദ്ധയോ കൊടുക്കാത്തതു കൊണ്ട് തന്നെയാണ് ഇത്.

എന്ത് കൊണ്ട് മിക്സഡ് ടീമുകളെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല. ഒരു രാജ്യത്തെ പ്രതിനിധീകരിക്കുന്ന ക്രിക്കറ്റ് ടീമിൽ എന്തുകൊണ്ട് പെൺ കളിക്കാരും ആൺ കളിക്കാരും ഉണ്ടായിക്കൂട ? ഫുട്ബോളിലും വോളിബോളിലും ഹോക്കിയിലും ഒക്കെ ഇതാകാം. ലോക രാജ്യങ്ങൾ ഈ വിഷയംചർച്ച ചെയ്യുകയും നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്. ആരോഗ്യകരമായ സ്ത്രീ പുരുഷ ബന്ധം ഇല്ലാത്തതു കൊണ്ടാണ് ഇത്രയേറെ സ്ത്രീ പീഢനങ്ങളും ബലാത്സംഗങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആൺ പെൺ ബന്ധം ആരോഗ്യകരമാക്കാൻ കായിക മേഖലക്ക് തീർച്ചയായും കഴിയും. പെൺകുട്ടിയും ആൺകുട്ടിയും ഒന്നിച്ച് കളിച്ചു വളരട്ടെ ! സ്ത്രീയും പുരുഷനും ഒന്നിച്ചു കളിക്കുന്ന ടീമുകൾ ലോക രാജ്യങ്ങളെ പ്രതിനിധീകരിക്കട്ടെ ! ലിംഗ വിവേചനം ഇല്ലാത്ത ഒരു ലോകം പുലരട്ടെ !





കവിത സി.

# സീന സി.വി.: ഒരു ഇന്ത്യൻ വനിതാ ഫുട്ബോളർ

**ഭക്ഷണത്തിനും മറ്റ് ആവശ്യങ്ങൾക്കും ഞങ്ങൾ ആശ്രയിച്ചത് അയൽവീടുകളായിരുന്നു. ഒരു മഴക്കാലത്ത് ഞങ്ങളുടെ കുഞ്ഞുവീട് നിലംപൊത്തി. പിന്നീട് പാലാരിവട്ടത്തെ ഒറ്റമുറിവീട്ടിലായിരുന്നു ജീവിതം. അവിടെയും കഷ്ടപ്പാടുകൾക്ക് കുറവുണ്ടായിരുന്നില്ല." കണ്ണീരിനിടയിലൂടെ സീന ചിരിക്കുന്നു.**

ലോകോത്തര കാൽപന്തുകളിക്കാർ എല്ലാവരും തന്നെ ദാരിദ്ര്യത്തിന്റെ രുചിയറിഞ്ഞിട്ടുള്ളവരാണ്. അവരിലേറെയും ഒത്തിരി ശ്രദ്ധിക്കപ്പെടുകയും ചെയ്തു. ഇതാ.... ഇന്ത്യൻ വനിതാ ഫുട്ബോളിലെ ഐ.എം.വിജയൻ.

### ബാല്യം

"എറണാകുളം നഗരത്തിലെ കളത്തിപറമ്പിൽ എന്ന സ്ഥലത്ത് അന്നന്നത്തെ ആഹാരത്തിനു പോലും ബുദ്ധിമുട്ടിയിരുന്ന ഒരു കുടുംബത്തിലാണ് ജനനം. അച്ഛനും അമ്മയും രണ്ട് ചേച്ചിമാരും ഒരു ചേട്ടനും അടങ്ങുന്നതായിരുന്നു എന്റെ കുടുംബം. മക്കൾക്ക് വിശപ്പടക്കാൻ ഉള്ള ഭക്ഷണം പോലും

നൽകാൻ ദരിദ്രരായ അച്ഛനും അമ്മക്കും കഴിഞ്ഞില്ല. ഒരു സങ്കടബാല്യത്തെ ഓർത്തുകൊണ്ട് സീന തുടർന്നു. എനിക്ക് ഒരുവയസ്സുള്ളപ്പോൾ അച്ഛൻ ഞങ്ങളെ ഉപേക്ഷിച്ചു പോയി. പിന്നെ അമ്മയാണ് ഞങ്ങൾ നാല് മക്കളെയും വളർത്തിയത്. ഭക്ഷണത്തിനും മറ്റ് ആവശ്യങ്ങൾക്കും ഞങ്ങൾ ആശ്രയിച്ചത് അയൽവീടുകളായിരുന്നു. ഒരു മഴക്കാലത്ത് ഞങ്ങളുടെ കുഞ്ഞുവീട് നിലംപൊത്തി. പിന്നീട് പാലാരിവട്ടത്തെ ഒറ്റമുറിവീട്ടിലായിരുന്നു ജീവിതം. അവിടെയും കഷ്ടപ്പാടുകൾക്ക് കുറവുണ്ടായിരുന്നില്ല." കണ്ണീരിനിടയിലൂടെ  സീന ചിരിക്കുന്നു. വിധിയൊരുക്കിയ കളിക്കളത്തിൽ വിധി തന്നെ നിറഞ്ഞു കളിച്ചുകൊണ്ടിരുന്നു. പന്ത്രണ്ടാമത്തെ വയസ്സിൽ സീനക്ക് അമ്മയെ നഷ്ടപ്പെട്ടു. അപ്പോഴേക്കും ദാരിദ്ര്യം ഈ നാലു സഹോദരങ്ങളേയും നാല് വഴിക്ക് ചിന്നിച്ചിരുന്നു. പിന്നീടുള്ള ജീവിതം മരടിലെ വലിയച്ഛന്റെ വീട്ടിൽ. കണ്ണാടിക്കടവിലെ വലിയച്ഛന്റെ വീട്ടിൽ അഭയാർത്ഥിയെ പോലെ ജീവിതം തുടങ്ങി.

**കൂട്ടുകാരനായി കാൽപന്ത്**

സീന എന്ന പന്ത്രണ്ട് വയസ്സുകാരി പെൺകുട്ടിയുടെ ജീവിതത്തിൽ കാൽപ്പന്ത് സന്തതസഹചാരിയായി മാറുന്നത് ഇവിടം മുതലാണ്. പെൺകുട്ടി ആയിരുന്നെങ്കിലും ആൺകുട്ടിയുടെ സ്വഭാവമായിരുന്നു തനിക്കെന്ന് സീന ചിരിയോടെ ഓർക്കുന്നു. ആൺകുട്ടികളോടൊപ്പം  ഫുട്ബോൾ കളിക്കാനായിരുന്നു ഏറ്റവും ഇഷ്ടം. അന്ന് കളിക്കാൻ ഗ്രൗണ്ട് ഒന്നുമില്ല. വെളിമ്പറമ്പുകളിലാണ് കളി. ഗോളടിക്കുന്നതിലെ മികവ് ആൺകുട്ടികൾ അവരുടെ ടീമിലേക്ക് എന്നെ സ്ഥിരമായി ചേർക്കാൻ കാരണമായി. കൂടെ ഒരു പെൺകുട്ടിയാണ് കളിക്കുന്നതെന്ന തോന്നൽ അവർക്കുണ്ടായിരുന്നില്ല. അവരാണ് എല്ലാ പിന്തുണയും നൽകി എന്നെ അവർക്കൊപ്പം ചേർത്തത്. കാൽപ്പന്തിനെ ജീവിതത്തിൽ ഒപ്പം ചേർക്കാൻ കാരണക്കാരായത് ഈ സൗഹൃദങ്ങളാണെന്ന് പറഞ്ഞ് സീന സ്നേഹത്തോടെ ചിരിക്കുന്നു. ഇടക്കിടെ കണ്ണ് നിറച്ചല്ലാതെ കളിജീവിതത്തെ പറഞ്ഞ് തരാൻ കഴിയില്ലെന്ന് സീനയുടെ മുഖം പറഞ്ഞുകൊണ്ടിരുന്നു.

**പരിശീലനം**

ജില്ലാടീമിൽ നിന്ന് ഒന്നരവർഷത്തിനുള്ളിൽ തന്നെ സംസ്ഥാന ടീമിൽ ഇടം പിടിച്ചു. തൃശൂർ സ്വദേശി. വി.എ.നാരായണനായിരുന്നു സംസ്ഥാനടീമിൽ പരിശീലനം നൽകിയിരുന്നത്. അദ്ദേഹം പറഞ്ഞ് തന്ന അടവുകളാണ് കളിക്കളത്തിൽ താൻ പ്രയോഗിച്ചതെന്ന് സീന പറഞ്ഞു. തമിഴ്നാട് സ്വദേശിയായ അരുമനായകവും മണിപ്പൂരുകാരിയായ ശാന്തിയുമായിരുന്നു ദേശീയതലത്തിലെ പരിശീലകർ. അർപ്പണബോധത്തോടെ കളിക്കണമെന്നാണ് ഈ പരിശീലകരെല്ലാം പറഞ്ഞ് പഠിപ്പിച്ചത്. പരിശീലകരെ കുറിച്ച് പറയുമ്പോൾ സീനയുടെ വാക്കുകളിൽ ആദരവ്. പരിക്കുകളുടെ പരമ്പര തന്നെ കളിക്കളത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്ന് സീന പറയുന്നു. എന്നാൽ ജീവിതത്തിൽ അനുഭവിച്ചതൊക്കെ വെച്ച് നോക്കുമ്പോൾ ആ പരിക്കുകളൊന്നും എന്നെ സംബന്ധിച്ച് ഒന്നുമല്ലായിരുന്നു എന്ന ഭാവം ആ ഫുട്ബോളറുടെ മുഖത്തുണ്ട്.



**ആൺകുട്ടികളോടൊപ്പം  ഫുട്ബോൾ കളിക്കാനായിരുന്നു ഏറ്റവും ഇഷ്ടം. അന്ന് കളിക്കാൻ ഗ്രൗണ്ട് ഒന്നുമില്ല. വെളിമ്പറമ്പുകളിലാണ് കളി. ഗോളടിക്കുന്നതിലെ മികവ് ആൺകുട്ടികൾ അവരുടെ ടീമിലേക്ക് എന്നെ സ്ഥിരമായി ചേർക്കാൻ കാരണമായി. കൂടെ ഒരു പെൺകുട്ടിയാണ് കളിക്കുന്നതെന്ന തോന്നൽ അവർക്കുണ്ടായിരുന്നില്ല. അവരാണ് എല്ലാ പിന്തുണയും നൽകി എന്നെ അവർക്കൊപ്പം ചേർത്തത്.**

**അംഗീകാരങ്ങൾ**

കേരളടീമിൽ നിന്ന് ഇന്ത്യൻ ടീമിലെത്താൻ അധിക കാലതാമസമുണ്ടായിരുന്നില്ല. തൊണ്ണൂറുക

ളുടെ തുടക്കത്തിലായിരുന്നു സീന ഇന്ത്യൻ ടീമി ലെത്തുന്നത്. 35 തവണ ഇന്ത്യൻ ക്യാമ്പിൽ പങ്കെടുത്തതിന്റെ സന്തോഷം സീന മറച്ചുവെക്കുന്നില്ല. അഞ്ച് ടൂർണമെന്റുകളിലായി ഇന്ത്യൻ ജഴ്സി അണിഞ്ഞു.

ജർമ്മനിയിലെ സ്റ്റഡ്ടാർട്ടിൽ നടന്ന ഇൻവിറ്റേഷൻ സന്നാഹ മത്സരം, ചൈനയിൽ നടന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പ്, ഈസ്റ്റ് ബംഗാളിന് വേണ്ടി കളിച്ചത് എന്നിവ സീന ഓർത്തെടുത്ത് പറയുന്നു.

പങ്കെടുത്ത മത്സരങ്ങളിലെല്ലാം മികച്ച കളിക്കാരിയായി തിരഞ്ഞെടുക്കപ്പെട്ടത് സീനയായിരുന്നു. 'മണിപ്പൂരിലും പഞ്ചാബിലും നടന്ന ദേശീയഗെയിംസുകളിൽ കേരളം വെങ്കലം നേടിയപ്പോൾ ഞാനും ടീമിലുണ്ടായിരുന്നു. 2007ൽ ഛത്തീസ്ഗഡിൽ നടന്ന നാഷണൽ ചാമ്പ്യൻഷിപ്പിൽ രണ്ടാംസ്ഥാനവും കേരളത്തിനായിരുന്നു. ഈസ്റ്റ് ബംഗാളിന് വേണ്ടി 38 മത്സരങ്ങളാണ് സീന കളിച്ചത്.

സർക്കാർ തലത്തിൽ ജി.വി.രാജ അവാർഡ് മാത്രമേ സീനയെത്തേടി എത്തിയുള്ളു. കിട്ടിയ അവാർഡുകളും ഫലകങ്ങളും രണ്ട് ചാക്കുകളിൽ കെട്ടി സൂക്ഷിച്ചിട്ടുണ്ട്. ഒരു നല്ല വീട് പണിതിട്ട് വേണം എല്ലാം ഭംഗിയായി അടുക്കിവയ്ക്കാൻ; സീന പ്രതീക്ഷയോടെ നിറഞ്ഞു ചിരിക്കുന്നു. ജില്ലാതലം മുതൽ 23 വർഷം സീന കാൽപ്പന്തിനൊപ്പം കളിക്കളത്തിലുണ്ടായിരുന്നു.

**സർക്കാർ തലത്തിൽ ജി.വി.രാജ അവാർഡ് മാത്രമേ സീനയെത്തേടി എത്തിയുള്ളൂ കിട്ടിയ അവാർഡുകളും ഫലകങ്ങളും രണ്ട് ചാക്കുകളിൽ കെട്ടി സൂക്ഷിച്ചിട്ടുണ്ട്. ഒരു നല്ല വീട് പണിതിട്ട് വേണം എല്ലാം ഭംഗിയായി അടുക്കിവയ്ക്കാൻ; സീന പ്രതീക്ഷയോടെ നിറഞ്ഞു ചിരിക്കുന്നു. ജില്ലാതലം മുതൽ 23 വർഷം സീന കാൽപ്പന്തിനൊപ്പം കളിക്കളത്തിലുണ്ടായിരുന്നു.**

### പരിശീലക

ജോലിയുണ്ടെങ്കിലും അതിലൊതുങ്ങി ഇനിയെന്തിന് ഫുട്ബോൾ എന്ന് ചോദിക്കാൻ ഈ കായികതാരം തയ്യാറല്ല. മരടിലെ കെ.അംബുജാക്ഷൻ ഫുട്ബോൾ ട്രെയിനിംഗ് സെന്ററിലെ പരിശീലകയാണ് സീന. കൂടാതെ തേവര ഫുട്ബോൾ അക്കാദമിയിലും കടവന്ത്ര രാജീവ്ഗാന്ധി ഫുട്ബോൾ അക്കാദമിയിലും കുട്ടികളെ പരിശീലിപ്പിക്കുന്നുണ്ട്. അവർക്കൊപ്പം ഞാനും ഗ്രൗണ്ടിലിറങ്ങും എങ്ങനെയാണ് കളിക്കേണ്ടതെന്ന് കാണിച്ചു കൊടുക്കും എവിടെയായിരുന്നാലും അവിടെ ആറ് മണി മുതൽ എട്ട വരെയും സീന കുട്ടികൾക്കൊപ്പം ഗ്രൗണ്ടിലുണ്ടാക്കും. ഇന്ത്യയിൽ തന്നെ ആൺകുട്ടികൾക്ക് പരിശീലനം നൽകുന്ന ഏക വനിതാകോച്ച് സീനയാണ്.

കളിക്കളത്തിലും ജീവിതത്തിലും ഓർത്തിരിക്കുന്ന വ്യക്തികളെക്കുറിച്ച് സീനക്ക് പറയാനുണ്ട്. ഏറെ ഇഷ്ടമുള്ള ഫുട്ബോളറാണ് ഐ.എം.വിജയൻ. സീനക്ക് ഏറ്റവും അടുത്ത സുഹൃത്തുകൂടിയാണ് അദ്ദേഹം. വനിത ഫുട്ബോളിലെ ഐ.എം.വിജയൻ എന്നൊക്കെ സീനയെക്കുറിച്ച് മാധ്യമങ്ങൾ എഴുതിയിട്ടുണ്ട്. ഫുട്ബോളിനെക്കുറിച്ച് എല്ലാം അറിയാം എന്നൊന്നും ഞാൻ അഹങ്കരിക്കില്ല. എനിക്കറിയാവുന്നതുപോലെ ആത്മാർത്ഥമായി ഞാൻ കളിക്കും അത്രമാത്രം. സിസർകട്ടിന്റെ രാജാവാണ് വിജയൻ. പിന്നീട് ജീവിതാവസ്ഥയിലും ഞങ്ങൾ തമ്മിൽ സാമ്യമുണ്ട്. ഒരുപാട് കഷ്ടപ്പെട്ടാണ് അദ്ദേഹം ഫുട്ബോളിലെത്തിയത്. എല്ലാവരോടും സ്നേഹത്തോടു കൂടിയേ വിജയൻ പെരുമാറൂ. സീനയുടെ ജീവിതത്തിന്റെ ഗതി തന്നെ തിരിച്ചുവിട്ടത് നവാബ് രാജേന്ദ്രനുമായുള്ള കൂടിക്കാഴ്ചയാണ്. ദേശീയതലത്തിൽ കളിച്ചിട്ടും സാമ്പത്തിക പ്രയാസങ്ങൾ വിട്ടുപോയില്ല. ഒരു ജോലിയും കിട്ടാതെ വന്നപ്പോൾ എറണാകുളം റെയിൽവേസ്റ്റേഷനിൽ ഒരു കോഫി ബൂത്തിൽ ചായ എടുത്തുകൊടുക്കാൻ നിന്നു. ഒരിക്കൽ അവിടെത്തിയ നവാബ് രാജേന്ദ്രൻ എന്നെ കണ്ടു. നീയെന്താണ് ഇവിടെ എന്നു ചോദിച്ചു അദ്ദേഹം വിശേഷമെല്ലാം ചോദിച്ച് തിരികെ പോയി. പിറ്റേന്ന് എന്നെ തിരക്കി മാധ്യമപ്രവർത്തകരുടെ ഒരു പട തന്നെ എത്തി. അദ്ദേഹമാണ് പത്രക്കാരെ വിളിച്ച് പറഞ്ഞതെന്ന് എനിക്ക് മനസ്സിലായി.

ഇങ്ങനെ പത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽ പെട്ടാണ് മുഖ്യമന്ത്രി ഇ.കെ.നയനാർ സീനയെ വിളിപ്പിക്കുന്നത്. 'ഓൾ ഫുട്ബോൾ കളിക്യോ ഓളെ ഇങ്ങ് വിളി' എന്നാണദ്ദേഹം പറഞ്ഞത്.

എന്നെ കണ്ടപ്പോൾ വിശേഷങ്ങൾ ചോദിച്ചു എവിടെ ജോലി വേണമെന്ന് ചോദിച്ചു. അത് പറയാൻ പോലും എനിക്കറിയില്ലായിരുന്നു. എന്നതാണ് സത്യം . അങ്ങനെ എനിക്ക് സെയിൽസ് ടാക്സിൽ തപാൽവിഭാഗത്തിൽ ജോലി കിട്ടി. ഇപ്പോൾ 15 വർഷമായി ഇവിടെ ജോലി ചെയ്യുന്നു. ഇനി ഒരു സ്വപ്നം കൂടി ബാക്കി. കുട്ടികൾക്കായി ഒരു ഫുട്ബോൾ പരിശീലന കേന്ദ്രം ആരംഭിക്കുക എന്ന സ്വപനം.●

ചർച്ചാവിഷയം



സുഭിഷ

ഒരു പെണ്ണായി പിറന്നതിന്റെ ഒറ്റ കാരണത്താൽ നഷ്ടമായ എന്റെ കലാകായിക ജീവിതം! ആദ്യ ആർത്തവം മുതൽ തന്നെ എന്റെ മേൽ ചങ്ങലകൾ കുരുങ്ങാൻ തുടങ്ങി. പെണ്ണിനെ അടക്കിയൊതുക്കി വളർത്തണം' എന്ന് എന്റെ മുത്തശ്ശിമാർ മാത്രമല്ല , മാതാപിതാക്കൾ ഉൾപ്പെടെ കുടുംബത്തിലുള്ള മുതിർന്നവരെല്ലാം വിശ്വസിച്ചിരുന്നു.

# പെൺ കുതിപ്പിനെ ചങ്ങലക്കിടുന്നവർ !

'വിശാലമായ ഒരു മൈതാനം, മുന്നിൽ വിജയം മാത്രം ലക്ഷ്യം വച്ച് നീളുന്ന ട്രാക്കുകൾ' ഇതായിരുന്നു പഠനത്തേക്കാൾ ഞാൻ മുന്നിൽ കണ്ടിരുന്ന എന്റെ ലോകം .

ഒരു പെണ്ണായി പിറന്നതിന്റെ ഒറ്റ കാരണത്താൽ നഷ്ടമായ എന്റെ കലാകായിക ജീവിതം! ആദ്യ ആർത്തവം മുതൽ തന്നെ എന്റെ മേൽ ചങ്ങലകൾ കുരുങ്ങാൻ തുടങ്ങി. പെണ്ണിനെ അടക്കിയൊതുക്കി വളർത്തണം' എന്ന് എന്റെ മുത്തശ്ശിമാർ മാത്രമല്ല , മാതാപിതാക്കൾ ഉൾപ്പെടെ കുടുംബത്തിലുള്ള മുതിർന്നവരെല്ലാം വിശ്വസിച്ചിരുന്നു.

പ്രായപൂർത്തിയാവുന്നതുവരെ ഞാൻ കേട്ടിട്ടില്ലാത്ത പല വിലക്കുകളും പുതുതായി കേട്ടു തുടങ്ങി. സ്പോർട്സിൽ പങ്കെടുക്കുന്നതിന് കർശന നിയന്ത്രണങ്ങൾ വന്നു.

ട്രാക്കിൽ ഓടുമ്പോൾ ഷോർട്സ് ധരിക്കുന്നതാണ് സൗകര്യം. ആദ്യം വീട്ടിൽ പ്രശ്നമില്ലായിരുന്നു. എന്നാൽ പിന്നീട് 'സദാചാര' പാഠങ്ങൾ പഠിക്കേണ്ട ഗതികേടിലായി. മുതിർന്ന പെൺകുട്ടി എന്ന നിലയിൽ ഇങ്ങനെ നടക്കണം, ഇങ്ങനെ വസ്ത്രം ധരിക്കണം, ഓടിച്ചാടി കളിക്കരുത് തുടങ്ങിയ പാഠങ്ങൾ.

വീട്ടുകാർക്ക് ക്ലാസ്സെടുത്ത് എരിതീയിൽ എണ്ണയൊഴിക്കാൻ അയൽക്കാരും !

മത്സരങ്ങളിൽ എവിടെയും പ്രൈസും, ചാമ്പ്യൻ ട്രോഫിയും ഞാൻ നേടും.200 മീറ്ററിനു മുകളിലേക്കുള്ള ഓട്ടമാണ് എന്റെ ഐറ്റം. മത്സര ദിവസത്തിന്റെ തലേന്നേ സ്പോർട്സിൽ പങ്കെടുക്കുന്ന കാര്യം വീട്ടിൽ പറയൂ. മുന്നേ പറഞ്ഞാൽ പേരു കൊടുത്തതിന് മാനസികമായും ശാരീരികമായും നിരുത്സാഹപ്പെടുത്തും. അമ്മയായിരിക്കും അതിനു മുന്നിൽ. പിറ്റേന്ന് ഗ്ലൂക്കോസും നാരങ്ങാ വെള്ളവും എല്ലാം എടുത്തു




വയ്ക്കുമ്പോൾ പറയും 'പാവാടയോ, ചുരിദാറോ ഇട്ട് ഓടിയാൽ. മതി അല്ലെങ്കിൽ നീ സ്പോർട്സിനേ പോകേണ്ട'. മാനസികമായി എന്നെ തളർത്തുന്നതായിരുന്നു വീട്ടുകാരുടെ സംസാരവും പെരുമാറ്റവും.

എന്റെ പി.ടി.സാർ അമ്മയോട് വളരെ താൽപര്യത്തോടെ എന്നെ പറ്റി സംസാരിക്കും. എന്നാലും വീട്ടുകാരുടെ പരുക്കൻ സ്വഭാവത്തിൽ മാറ്റമൊന്നും വന്നില്ല. ഷോർട്ട്സിട്ട് ഒരു പെണ്ണ് ഓടുമ്പോൾ നശിച്ചു പോകുന്ന എന്തോ ഒന്നുള്ളതായി അവർ പഠിപ്പിച്ചു. എനിക്കു പകരം ഒരു പക്ഷേ ചേട്ടനായിരുന്നു ഈ കഴിവെങ്കിൽ അവർ വളർത്തിയേനേ......!

പെണ്ണിന്റെ വളർച്ചയെ ചങ്ങലയ്ക്കിട്ടു തുടങ്ങുന്നത് വീടുകളിൽ നിന്നു തന്നെയാണ്.

സമൂഹം സ്ത്രീയെ അടുക്കളയും കിടപ്പറയും മാത്രമായ ഒരു ലോകത്തേക്ക് തള്ളിയിടുന്നു. സാംസ്കാരിക ബൗദ്ധിക രംഗങ്ങളിൽ എത്ര പുരോഗതി ഉണ്ട് എന്ന് പറഞ്ഞാലും നമ്മുടെ നാട്ടിൽ അടുക്കളയിൽ നിന്ന് കളിക്കളത്തിലേക്ക് വരുന്ന സ്ത്രീകൾ വിരളമാണ്. ഇതൊന്നും എന്റെ മാത്രം അനുഭവമല്ല. എത്രയോ പെൺകുട്ടികൾക്ക് ഈ അനുഭവം ഉണ്ടായിട്ടുണ്ട്.

"വർഷങ്ങളായി കലോൽസവ രംഗത്തും കായിക മേഖലയിലും കിരീടം വാങ്ങിക്കുന്ന കോഴിക്കോടു നിന്നും കലാകായിക രംഗത്ത് പ്രഗൽഭരായ വിരലിലെണ്ണാവുന്ന സ്ത്രീകളെ ഉള്ളൂ. ബാക്കിയുള്ളവരെ പൊതുബോധം ഒരു ചങ്ങലയിൽ തളച്ചിടുന്നു . സമൂഹം അവരെ വേണ്ട വിധം പ്രോൽസാഹിപ്പിക്കാറോ അനുമോദിക്കാറോ ഇല്ല. ചെറുപ്പത്തിൽ കലാ കായിക രംഗത്ത് കഴിവ് തെളിയിച്ച പല പെൺകുട്ടികളും പിന്നീട് എവിടെയോ ഒതുങ്ങി പോകുന്നു. അവർ പൊതുരംഗത്തേക്ക് വരുന്നതേ ഇല്ല.

പെൺകുട്ടികളുടെ കലാകായിക രംഗത്തെ വളർച്ച വർദ്ധിപ്പിക്കാൻ സ്കൂളുകളും, സമൂഹവും കുറച്ചു കൂടി വിശാലമായി ചിന്തിക്കേണ്ടതുണ്ട്.

ഇപ്പോഴും പല അധ്യാപകർക്കും പെൺകുട്ടികൾ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതും കായിക വിനോദങ്ങളിലേർപ്പെടുന്നതും മാനസികമായി ഇഷ്ടമുള്ള കാര്യങ്ങളല്ല. വിദ്യാഭ്യാസ മേഖലയിലും

**"പെണ്ണായാൽ അടക്കവും ഒതുക്കവും വേണം. മുതിർന്നവരെ എതിർത്ത് പറയാൻ പാടില്ല. എല്ലാവരെയും ബഹുമാനിക്കണം". ഇതെല്ലാം പൊതുവെ പെൺകുട്ടികളുടെ അടുത്ത് പറഞ്ഞ് പഠിപ്പിക്കുന്ന കാര്യമാണ്. പുരുഷൻമാർക്കും ആൺകുട്ടികൾക്കും ഇതൊന്നും ബാധകമല്ലേ?**



കുടുംബത്തിനുള്ളിലുമാണ് ആദ്യം അഴിച്ചു പണി നടത്തേണ്ടത്.

'പെണ്ണായാൽ അടക്കവും ഒതുക്കവും വേണം. മുതിർന്നവരെ എതിർത്ത് പറയാൻ പാടില്ല. എല്ലാവരെയും ബഹുമാനിക്കണം'. ഇതെല്ലാം പൊതുവെ പെൺകുട്ടികളുടെ അടുത്ത് പറഞ്ഞ് പഠിപ്പിക്കുന്ന കാര്യമാണ്. പുരുഷൻമാർക്കും ആൺകുട്ടികൾക്കും ഇതൊന്നും ബാധകമല്ലേ? ഭൂരിഭാഗം പെൺകുട്ടികളേയും പോലെ അടങ്ങിയൊതുങ്ങി വളർന്നിരുന്നുവെങ്കിൽ മേരി കോം ,കർണ്ണം മല്ലേശ്വരി, പി .ടി ഉഷ, പ്രീജ, തുടങ്ങിയ കായിക താരങ്ങളൊന്നും തന്നെ നമ്മുടെ അഭിമാനമാവില്ലായിരുന്നു. സമൂഹത്തിന്റെ പൊതുബോധം എത്രയെത്ര താരങ്ങളെ ഇല്ലാതാക്കിയിട്ടുണ്ടാകും ! കുട്ടികളെ വെറും പുസ്തകപ്പുഴുക്കളാക്കുന്ന രക്ഷിതാക്കളുണ്ട്. മറ്റേതെങ്കിലും കഴിവ് അവർക്കുണ്ടെങ്കിൽ അത് വളർത്താൻ ശ്രമിക്കില്ല. ഒരു കുട്ടിയുടെ ഭാവി പാഠപുസ്തകത്തിൽ നിന്നു മാത്രമല്ല ഉണ്ടാവുന്നത് എന്ന് നമ്മുടെ രക്ഷിതാക്കളും അധ്യാപകരും ഇനിയെങ്കിലും പഠിക്കേണ്ടിയിരിക്കുന്നു.

അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടെയും പേരിൽ പെൺകുട്ടികളെ നിരുത്സാഹപ്പെടുത്തുന്ന അമ്മമാരും മുത്തശ്ശിമാരും ഒരു പഴങ്കഥയൊന്നുമല്ല. എനിക്ക് ചെറുപ്പത്തിൽ കിട്ടിയ ഒരു ഉപദേശമാണ്"വെള്ളിയാഴ്ച്ചയിൽ രാത്രിയിലും മറ്റു ദിവസങ്ങളിൽ ഉച്ചയ്ക്കും പെൺകുട്ടികൾ പുറത്തിറങ്ങി നടക്കരുത്"എന്ന്.

കാരണം പറഞ്ഞ തോർക്കുമ്പോൾ ഇപ്പോ ചിരി വരും. 'ദുരാത്മാക്കളും ചെകുത്താൻമാരും ശരീരത്തിൽ കുടികൊള്ളും'. മെൻസസ് ആയാൽ കഴിയുന്നതു വരെ പുറത്തിറങ്ങാൻ പാടില്ല എന്ന ഉപദേശവും കിട്ടിയിട്ടുണ്ട്. ഇത്തരം അന്ധവിശ്വാസങ്ങളിൽ അടിമപ്പെട്ട് നടന്ന കൗമാരം എനിക്കും ഉണ്ടായിരുന്നു.

ഒരിക്കൽ ഞാൻ എട്ടാം തരത്തിൽ പഠിക്കുമ്പോൾ 'ദേശീയ ഗാനം 'ചൊല്ലാൻ സമയം വൈകിയതുകൊണ്ട് ബല്ലടിക്കുന്ന സ്ഥലത്തേക്ക് ഓടുകയാണ്. അപ്പോൾ എതിരെ വന്ന ടീച്ചർ ദേഷ്യപ്പെട്ട് പറഞ്ഞു,

"ടീ.... എന്തിനാ ടീ .... മുലയും കുലുക്കി ഓടുന്നത്? നിനക്ക് നടന്നു പോയാൽ പോരേ....? പെൺകുട്ടികൾ ഇങ്ങനെ ..... കുലുക്കി ഓടാമോ?"

ടീച്ചറുടെ മുഖത്തെ ഭാവവും ആ വാക്കുകളും എന്റെ ആത്മവിശ്വാസത്തേയും അഭിമാന ബോധത്തേയും തകർത്തു കളയുന്ന രീതിയിലായിരുന്നു. ടീച്ചർമാർ പറയുന്നത് (എന്ത് മണ്ടത്തരമാണേലും ) അനുസരിക്കണമെന്നാണ് വീട്ടുകാർ പറഞ്ഞു പഠിപ്പിക്കുന്നത്. അതു കൊണ്ടു തന്നെ ടീച്ചർ പറഞ്ഞതിനെപ്പറ്റി അന്ന് ഞാൻ ചിന്തിച്ചത് ഇങ്ങനെയാണ്. " മോശമായതെന്തോ ഞാൻ ചെയ്തു" കാരണം ഞാൻ ആദ്യമായി മെൻസസ് ആയിട്ട് മാസങ്ങളേ ആയുള്ളൂ. അതു കൊണ്ടു തന്നെ ശാരീരികമായ മാറ്റങ്ങൾ 'സ്വയം' പഠിച്ചു വരുന്നേ ഉണ്ടായിരുന്നുള്ളൂ. ആ സമയത്ത് മെൻസസ് എന്താണെന്ന് ശാസ്ത്രീയമായ അറിവ് കിട്ടാത്ത ആളാണ് ഞാൻ. അതു കൊണ്ട് തന്നെ ഈ ശാസനയ്ക്ക് അർത്ഥം എന്താണന്ന് എന്റെ വീട്ടുകാരുടെ അടുത്ത് ചെന്ന് ചോദിക്കാൻ ധൈര്യം പോര. പൊതുവെ യുള്ള ഇത്തരം സംസാര രീതി ശരീരത്തിലെ ഇളക്കങ്ങളും ചലനങ്ങളുമൊക്കെ എന്തോ അശ്ളീലമാണെന്ന

ചിന്ത പെൺകുട്ടികൾക്കിടയിൽ ഉണ്ടാക്കുന്നു.
ശരീരമിളക്കിയുള്ള കായിക വിനോദങ്ങളിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നു. കായിക വിനോദങ്ങളും സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ള അടങ്ങിയൊതുങ്ങിയുള്ള നടപ്പും ഒത്തുചേരാതെ വരുമ്പോൾ പലരും കായിക മേഖല വിട്ട് സമൂഹത്തിന്റെ കണ്ണിലെ മാതൃകസ്ത്രീയാകാൻ തയ്യാറെടുക്കുന്നു.

(അതിനു ശേഷം പ്രസ്തുത അദ്ധ്യാപികയുടെ മുന്നിൽ വച്ച് സ്പോർട്സിൽ പങ്കെടുക്കാൻ പോലും പേടിയായിരുന്നു .എന്നാൽ സപ്പോർട്ട് ചെയ്ത വേറെ ഒരു പാട് അദ്ധ്യാപികമാരും ഉണ്ടായിരുന്നു)

എല്ലാ ഹൈസ്ക്കൂളുകളിലും ഡ്രില്ലിനു വേണ്ടി അരമണിക്കൂർ സമയമെങ്കിലും ഉണ്ടാവും. ഈ സമയം ആൺകുട്ടികൾക്കു ള്ളതാണ്. പെൺകുട്ടികൾ കളിക്കേണ്ട, നിങ്ങൾ ലൈബ്രറിയിൽ പോയി വല്ല പുസ്തകവും വായിച്ചിരുന്നാൽ മതി! ഇത്രയും വല്ല്യ പെമ്പിള്ളേർ കളിക്കാനിറങ്ങിയിരിക്കുന്നു എന്ന കമൻറ് മിക്ക ടീച്ചർമാരിൽ നിന്നും കേട്ട അനുഭവം നിങ്ങൾക്കും ഉണ്ടാവും. കളി സമയത്ത് സ്ക്കൂളിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് കളിക്കാൻ പാടില്ല. രണ്ടു വശങ്ങളിൽ നിന്നാണ് കളിക്കുന്നതെങ്കിൽ തമ്മിൽ കൂട്ടിച്ചേരാതെ നോക്കാൻ ടീച്ചറോ ,നിയമിച്ചിട്ടുള്ള ലീഡറോ ഉണ്ടാകും. ഫുട്ബോൾ പോലുള്ള കളികൾ ആൺകുട്ടികൾക്കും ഗ്രൗണ്ടിന്റെ കോണിലുള്ള കളികൾ പെൺകുട്ടികൾക്കും. അഥവ ഗ്രൗണ്ടിലിറങ്ങാൻ കളി സാധനങ്ങൾ ചോദിച്ച് ഓഫീസിലെത്തിയാൽ ആൺ കുട്ടികൾക്ക് ഫുട്ബോളും പെൺ കുട്ടികൾക്ക് വട്ടത്തിൽ നിന്ന് എറിഞ്ഞു കളിക്കുന്ന 'റിംഗ്' കളും ആണ് സാധാരണ തരാറ് .ആൺ കുട്ടികൾ ചെയ്യുന്ന ജോലിയോ കളിയോ മറ്റെന്തും ആവട്ടെ പെൺ കുട്ടികൾ ചെയ്യാൻ പാടില്ല. അല്ലങ്കിൽ അതിനു ശ്രമിക്കുന്നവൾ ഒരുമ്പെട്ടവൾ ആണ്. ഇത്തരം സമീപനങ്ങളാണ് പെൺകുട്ടികളെ , ഒന്ന് പ്രതികരിക്കാൻ പോലും ശേഷിയില്ലാത്ത കഴിവു കെട്ടവർ ആക്കി മാററുന്നത്.

മിക്ക പെൺകുട്ടികളുടേയും സ്പോർട്സ് ലൈഫ് അധികവും ഹൈസ്കൂൾ വരെയെ ഉണ്ടാകാറുള്ളൂ. ഓരോ വർഷവും വളരെ കുറഞ്ഞ



**"ടീ.... എന്തിനാ ടീ .... മുലയും കുലുക്കി ഓടുന്നത്? നിനക്ക് നടന്നു പോയാൽ പോരേ....? പെൺകുട്ടികൾ ഇങ്ങനെ ..... കുലുക്കി ഓടാമോ?"**



പെൺകുട്ടികളേ ജില്ലാതലത്തിനു മുകളിലേക്ക് പോകാറുള്ളൂ. വീട്ടിന്നു സമ്മതിച്ചില്ല എന്നതാണ് പ്രധാന കാരണം . ചിലരെങ്കിലും അവിടെ വരെയെത്തുന്നത് ഗ്രേസ് മാർക്ക് കിട്ടും എന്നതുകൊണ്ട് മാത്രമാണ്. ചിലരാകട്ടെ വിവാഹത്തോടെ കായിക ജീവിതം അവസാനിപ്പിക്കുന്നു. ചൂലും, പാത്രങ്ങളും, മുഷിഞ്ഞ തുണികളും ആണ് അവരുടെ ലോകം. ആ ലോകത്തു നിന്നും ജിമ്മിലേക്കുള്ള യാത്രകളും ഹെൽത്ത് ക്ലബുകളിലെ കൂടിചേരലുകളും സ്ത്രീ എന്ന നിലയിൽ അവൾക്ക് അന്യമാണ്. അല്പം സ്വാതന്ത്ര്യ ബോധത്തോടെ ജീവിക്കുന്ന സ്ത്രീകളെ വഴി പിഴച്ചവരായി ചുററുമുള്ള സമൂഹം മുദ്ര കുത്തുകയും ചെയ്യും.

**ചങ്ങലകളഴിച്ച് സ്വതന്ത്രമായ ലോകത്തേക്ക് പറന്നുയരുന്ന സ്ത്രീകളെ അടുത്ത കാലത്തായി കാണാൻ കഴിയുന്നു എന്നത് സന്തോഷം പകരുന്ന കാര്യമാണ്. കളിക്കാനിഷ്ടമുള്ളവർ കളിക്കുന്നു. ആടാനിഷ്ടമുള്ളവർ ആടുന്നു. സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കുന്നു.**

ഈ ചങ്ങലകളഴിച്ച് സ്വതന്ത്രമായ ലോകത്തേക്ക് പറന്നുയരുന്ന സ്ത്രീകളെ അടുത്ത കാലത്തായി കാണാൻ കഴിയുന്നു എന്നത് സന്തോഷം പകരുന്ന കാര്യമാണ്. കളിക്കാനിഷ്ടമുള്ളവർ കളിക്കുന്നു. ആടാനിഷ്ടമുള്ളവർ ആടുന്നു. സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കുന്നു. ഇതൊന്നും കഴിയാതെ കഠിനമായ പൊതുബോധമെന്ന ചങ്ങലയ്ക്കും സദാചാര ചിന്തകൾക്കും അടിമപ്പെടേണ്ടവരായി മാറിയ എത്രയെത്ര പി.ടി.ഉഷമാരും സാനിയാ മിർസമാരും ഇന്നും നമുക്കിടയിൽ ചുറ്റുമതിലിനുള്ളിലെ വീടിന്റെ അടുക്കള കോണിൽ ഒതുങ്ങിപ്പോയിരിക്കുന്നു.

കായിക രംഗത്തിന്റെ എല്ലാ മേഖലയിലും വ്യക്തിമുദ്ര പതിപ്പിക്കാൻ ഇനിയെങ്കിലും നമ്മുടെ പെൺകുട്ടികൾക്ക് കഴിയണം.അതിനെതിരെ നിൽക്കുന്ന പൊതുബോധത്തിനെ തകർത്തെറിഞ്ഞാൽ മാത്രമേ ഈ വിപ്ലവം കൊണ്ടുവരാൻ പറ്റൂ... ●



# കളിക്കളത്തിലും ഗ്യാലറിയിലുമെത്താത്ത പെൺജന്മങ്ങൾ



വിനയ

സർവ്വാഭരണ വിഭൂഷിതയായി പാതിരാത്രിയിൽ പേടികൂടാതെ ഒറ്റക്കൊരു സ്ത്രീ നടക്കുന്ന രാജ്യം (രാമായണത്തിലെ രാമരാജ്യ സങ്കല്പം അത്തരത്തിൽ പേടികൂടാതെ പുരുഷനും നടക്കാനാവില്ലെന്നത് നാം മനപ്പൂർവ്വം വിസ്മരിക്കുന്ന വസ്തുത)

**ഒരുമ്പെട്ട പെണ്ണ്**

പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുക്കില്ല..ചെറുപ്പം മുതലേ നാം കേട്ടു തഴമ്പിച്ച

ഒരു വെറും പഴംചൊല്ലാണിത്.എന്നാൽ ഈ പഴംചൊല്ല് ഓരോ കുടുംബത്തിലും ഉണ്ടാക്കിയ സ്വാധീനം ചെറുതല്ലന്നു മാത്രമല്ല അതിഭീകരം കൂടിയാണെന്ന് കാലം
തെളിയിച്ചുകൊണ്ടിരിക്കുന്നു.

തന്റെ വീട്ടിലെ/ നാട്ടിലെ പെണ്ണ് ഒരുമ്പെട്ടവളാകാതിരിക്കാൻ ഓരോ കുടുംബവും സമൂഹവും ഏറെ



**തന്റെ വീട്ടിലെ/ നാട്ടിലെ പെണ്ണ് ഒരുമ്പെട്ടവളാകാതിരിക്കാൻ ഓരോ കുടുംബവും സമൂഹവും ഏറെ ശ്രദ്ധിച്ചുകൊണ്ടേയിരിക്കുന്നു.അന്നും.ഇന്നും. സംസ്കാരത്തിന്റെ കാവലാളാകാൻ/അടയാളമായി പെൺജന്മം നിലനിർത്തിപ്പോരാൻ ഓരോരുത്തരും അവരാലാകുന്നവിധത്തിൽ ഓരോ പെണ്ണിന്റെ കാര്യത്തിലും സ്വയം ഉത്തരവാദിത്തങ്ങൾ പാലിച്ചു പോരുന്നു.**

ശ്രദ്ധിച്ചുകൊണ്ടേയിരിക്കുന്നു.അന്നും.ഇന്നും. സംസ്കാരത്തിന്റെ കാവലാളാകാൻ/അടയാളമായി പെൺജന്മം നിലനിർത്തിപ്പോരാൻ ഓരോരുത്തരും അവരാലാകുന്നവിധത്തിൽ ഓരോ പെണ്ണിന്റെ കാര്യത്തിലും സ്വയം ഉത്തരവാദിത്തങ്ങൾ പാലിച്ചു പോരുന്നു.ഇത്തരത്തിൽ പൊതു സമൂഹം ഏറ്റെടുത്ത് നടപ്പിലാക്കിപ്പോന്ന ഉത്തരവാദിത്തം അവളുടെ ജീവൻ സംരക്ഷിക്കുന്ന കാര്യത്തിൽ ഉണ്ടാകുന്നില്ല എന്നത് യാഥാർത്ഥ്യം.

**അടക്കവും ഒതുക്കവും**

പെണ്ണ് അടക്കവും ഒതുക്കവും ഉള്ളവളാകണം,അവൾ ജാതി മതം പ്രായം,വിവാഹിതയോ അല്ലയോ എന്നതെല്ലാം തെളിയിച്ചിരിക്കണം. അവൾ ഏതെല്ലാം മേഖലകൾ കീഴടക്കിയാലും അത് മേല്പറഞ്ഞ കാര്യങ്ങൾക്കകത്തു നിന്നുകൊണ്ട് തന്നെയാകണം.എങ്കിൽ മാത്രമേ തനിക്ക് സാമൂഹികാംഗീകാരം ലഭിക്കൂ എന്ന മിഥ്യാധാണ ഓരോ പെൺകുട്ടിയും നില നിർത്തിപ്പോരുന്നു.

പെൺകുട്ടിയിലെ/ സ്ത്രീയിലെ ഈ മാനസീകാവസ്ഥ എക്കാലവും നില നിർത്തുന്നതിൽ പൊതുബോധം, പൊതുയിടം,കുടുംബം ,സിനിമ,വിദ്യാഭ്യാസം ഔദ്യോഗിക സ്ഥാനം തുടങ്ങിയ മേഖലകൾ വഹിക്കുന്ന പങ്ക് ചെറുതല്ല.

**പെൺരൂപം ആൺരൂപം**

ഒരു കുഞ്ഞ് ജന്മമെടുത്തയുടൻ തന്നെ ആ രൂപത്തെ സാമൂഹികാംഗീകാരമുള്ള ആണോ പെണ്ണോ ആയി നാം കൃത്രിമമായി ക്രമീകരിച്ചെടുക്കുന്നു. ഇതിലെ ശരി തെറ്റുകളെയോ യുക്തിയെയോ ചോദ്യം ചെയ്യാത്തവിധം പെൺ / ആൺ രൂപങ്ങൾ



വ്യക്തിയുടെ സമ്മതമോ അംഗീകാരമോ ഇല്ലാതെതന്നെ സമൂഹം പരമ്പരാഗതമായി കണ്ടു ശീലിച്ച രൂപത്തിലേക്കവരെ പരുവപ്പെടുത്തിയെടുക്കുന്നു.

**കാതുകുത്ത്**

ജനിച്ച് 28 ദിവസം കഴിഞ്ഞ് 2 വയസിനുള്ളിൽ തന്നെ ഓരോ പെൺകുട്ടിയുടെയും കാതുകുത്തി കാഴ്ച്ചയിൽ തന്നെ മറ്റുള്ളവർക്ക് ബോധ്യപ്പെടുത്തുന്നതിനുള്ള ശ്രമം തുടങ്ങുന്നു. വസ്ത്രമേതായാലും കമ്മലു കണ്ടാൽ മനസ്സിലാക്കാമല്ലോ. സമൂഹം ആ രൂപകല്പനയിൽ ആശ്വാസം കണ്ടെത്തുന്നു. കാതു കുത്തി തുളച്ച് കമ്മലിട്ട് അവളെ വേദനിപ്പക്കലിന്റെ സാമൂഹികാംഗീകാരം ബോധ്യപ്പെടുത്തുന്നു. ഒരു കുഞ്ഞ് വേദനകൊണ്ട് പൊട്ടിക്കരയുമ്പോൾ ആ കരച്ചിൽ ചുറ്റുമുള്ളവർ ചാരിതാർത്ഥ്യം നിരഞ്ഞ ചിരിയാലേ ആസ്വദിക്കുന്നു.അവളുടെ സമ്മതമില്ലാതെ അവളുടെ ശരീരത്തിലേക്കുള്ള അധികാരത്തിന്റെ ആദ്യത്തെ കടന്നു കയറ്റം. (കാതിൽ കടുക്കനുള്ളവൻ മിടുക്കൻ എന്ന പഴമൊഴി യാഥാർത്ഥ്യമാക്കുന്നതിന് ആൺവർഗ്ഗം ഇപ്പോൾ തുനിയാറില്ല. ആണ് വേദന തിന്നേണ്ടോനല്ലെന്ന് നാം തീരുമാനിച്ചതിന്റെ അനന്തരഫലം) പെണ്ണായാൽ വേദന തിന്നേണ്ടോളാണെന്ന് നാം ആദ്യമേ അവളെ അനുഭവിപ്പിച്ചുകൊണ്ടു തന്നെ ഓർമ്മപ്പെടുത്തുന്നു.

**മുടി എന്ന മുടിഞ്ഞ ചിന്ത**

പെൺകുട്ടി മുടി നീട്ടി

**കാതു കുത്തി തുളച്ച് കമ്മലിട്ട് അവളെ വേദനിപ്പക്കലിന്റെ സാമൂഹികാംഗീകാരം ബോധ്യപ്പെടുത്തുന്ന.ഒരു കുഞ്ഞ് വേദനകൊണ്ട് പൊട്ടിക്കരയുമ്പോൾ ആ കരച്ചിൽ ചുറ്റുമുള്ളവർ ചാരിതാർത്ഥ്യം നിരഞ്ഞ ചിരിയാലേ ആസ്വദിക്കുന്നു.അവളുടെ സമ്മതമില്ലാതെ അവളുടെ ശരീരത്തിലേക്കുള്ള അധികാരത്തിന്റെ ആദ്യത്തെ കടന്നു കയറ്റം.**

വളർത്തണമെന്നും,അത്തരത്തിൽ നീട്ടി വളർത്തിയ മുടി മെനക്കു കൊണ്ടു നടക്കാൻ അവളെ പരിശീലിപ്പിക്കുകയുമാണ് അവളുടെ ദേഹത്തിനേല്പിക്കുന്ന മറ്റൊരു പീഡനം. ഓരോ പെൺകുഞ്ഞും തന്റെ ജീവനെക്കാൾ ആരോഗ്യത്തെക്കാൾ പ്രാധാന്യം കൊടുക്കേണ്ടത് സൗന്ദര്യത്തിനാണെന്ന് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിൽ മുടി വഹിക്കുന്ന പങ്ക് അനിർവചനീയമാണ്.

കുഞ്ഞുന്നാളിലേ പെൺരൂപം ഉറപ്പിക്കുന്നതിനും നമുക്ക് കാണാനുള്ള കൗതുകത്തിനുമായി അവളുടെ മുടിഇരുഭാഗത്തേക്കും കൊമ്പു കെട്ടി നാം അവളെ സുന്ദരിയെന്ന് ബോധ്യപ്പെടുത്തുന്നു.മുടി ചീകൽ,കെട്ടൽ, പേൻ നോക്കൽ, ദേഷ്യം തോന്നുന്നവർക്ക് പിടിച്ചു വലിക്കൽ തുടങ്ങിയവ പിന്നീട് ജീവിതാവസാനം മുഖത്തിന് അനുയോജ്യമായ രീതിയിൽ ചീകിക്കെട്ടി സൗന്ദര്യപരിചരണം ശീലിക്കുന്ന പെൺകുട്ടി തനിക്ക് പഠിക്കാനും കളിക്കാനും ചിന്തിക്കാനുമുള്ള നിരവധി മണിക്കൂറുകൾ തന്നെ തന്റെ നിത്യജീവിതത്തിന് ഒട്ടും അനിവാര്യമല്ലാത്ത ഈ മുടിപരിചരണത്തിനായി പാഴാക്കുന്നു

ദീർഘയാത്രയിൽ പരിമിതമായ വെള്ളത്തിൽ



**ആണിന് മുടി വെട്ടാനും നീട്ടാനും തോന്നുന്ന രീതിയിൽ ഡിസൈൻ ചെയ്യാനുമുള്ള വിവേചനാധികാരം പ്രയോഗിക്കുന്നതിന് അവന്റെ പ്രതികരണ പ്രതിഷേധ പ്രതിരോധശക്തി അവനെ പ്രാപ് തനാക്കുമ്പോൾ ഇത്തരത്തിലുള്ള വികാരങ്ങളെ കുഞ്ഞിലേമുതൽ ഇല്ലാതാക്കി പരുവപ്പെടുത്തിയെടുത്ത പെൺകുട്ടിക്കത് സാധ്യമല്ലാതെ പോകുന്നു.പെൺകുട്ടികൾ ഇത്തരം കോപ്രായങ്ങളൊന്നും ഇഷ്ടപ്പെടുന്നില്ല എന്ന വാദം ശുദ്ധ അസംബന്ധം തന്നെയാണ്.**

വരെയുള്ള അനുബന്ധ പീഡനങ്ങളായി മാറുന്നു. സ്ക്കൂൾ യൂണിഫോമിന്റെ ഭാഗമായി മുടി കെട്ടിക്കൊടുക്കുമ്പോൾ കൃത്യതയോടെ വെക്കാൻ മറക്കുന്ന സ്ലൈഡ്, ക്ലിപ്പ് റിബ്ബൺ, കെട്ടുമ്പോഴുള്ള പേൻ നോട്ടത്തിന് ഭംഗം വരുത്തുന്ന രീതിയിൽ തല അനങ്ങിയാൽ.... എല്ലാമവൾക്ക് കുറ്റപ്പെടുത്തലുകളും തലക്കു കിട്ടുന്ന നിരന്തരമായ കിഴുക്കും അവളെ അനുസരണയുള്ളവളാക്കി പ്രതികരണ പ്രതിരോധ പ്രതിഷേധ ശേഷികളില്ലാത്തവളാക്കി വാർത്തെടുക്കുന്നതിന്റെ ബാലപാഠങ്ങൾ മാത്രം. ഒരു പെണ്ണിനെ പ്രതികരണശേഷി ഇല്ലാത്തവളായി രൂപപ്പെടുത്തുന്നതിൽ മുടി വഹിക്കുന്ന പങ്ക് ഏറെ വലുതാണ്.

കഴുത്തറ്റമുള്ള മുടി ആട്ടിയാട്ടിനടക്കുമ്പോഴും അവളുടെ ശ്രദ്ധയുടെ സിംഹഭാഗവും മുടി അപഹരിക്കുന്നു. പിന്നീട് മുന്നിലേക്ക് മെടഞ്ഞിട്ടും കുളിക്കേണ്ടിവരുമ്പോൾ എല്ലാം അവൾ മുടിചിന്തയാൽ അസ്വസ്ഥയാകുന്നു.എന്റെ മുടി എന്റേതാണ് അതെനിക്ക് തോന്നുംപോലെ മുറിക്കുകയോ കെട്ടിവെക്കുകയോവെട്ടി രൂപകല് പന വരുത്തുകയോ ചെയ്യാം എന്ന അധികാരം സ്വന്തം മുടിയുടെ കാര്യത്തിലെടുക്കാൻ പെൺകുട്ടിക്ക് അധികാരമില്ല.ഏത് ചൂടുകാലത്തും തുമ്പോലാർച്ച സ്റ്റൈലിൽ കെട്ടിവെക്കാൻ അവൾക്കാകുമോ?

ലോകകപ്പ് ഫുട്ബോൾ കാലഘട്ടങ്ങളിൽ സ്വന്തം തലമുടി ഫുട്ബോളിന്റെ ഡിസൈനിൽവെട്ടിയ നിരവധി ആൺകുട്ടികളെ നമ്മുക്കുകാണാനാകും.ആണിന് മുടി വെട്ടാനും നീട്ടാനും തോന്നുന്ന രീതിയിൽ ഡിസൈൻ ചെയ്യാനുമുള്ള വിവേചനാധികാരം പ്രയോഗിക്കുന്നതിന് അവന്റെ പ്രതികരണ പ്രതിഷേധ പ്രതിരോധശക്തി അവനെ പ്രാപ്

തനാക്കുമ്പോൾ ഇത്തരത്തിലുള്ള വികാരങ്ങളെ കുഞ്ഞിലേമുതൽ ഇല്ലാതാക്കി പരുവപ്പെടുത്തിയെടുത്ത പെൺകുട്ടിക്കത് സാധ്യമല്ലാതെ പോകുന്നു.പെൺകുട്ടികൾ ഇത്തരം കോപ്രായങ്ങളൊന്നും ഇഷ്ടപ്പെടുന്നില്ല എന്ന വാദം ശുദ്ധ അസംബന്ധം തന്നെയാണ്.നിവൃത്തികേട് ഒരു തിരഞ്ഞെടുപ്പല്ലല്ലോ.

മുടിയുടെ പേരിലുണ്ടാകുന്ന പരിഹാസങ്ങൾ (എലിവാലുമുടി, സായ്ബാബ, കോഴിവാല്,നീഗ്രോ, പശുവാല്, ചൂല്, ചകിരി) കുറ്റപ്പെടുത്തലുകൾ (ബസ്സിൽ പുറകിൽ നില്ക്കുന്ന ആളിന്റെ മുഖത്തേക്ക് പറക്കുന്ന മുടി , ഭക്ഷണത്തിൽ പെട്ടുപോയ മുടി, ബാത്ത്റൂമിൽ തങ്ങി നില്ക്കുന്ന മുടി) അവളെ അഭിമാനബോധമില്ലാത്തവളും നിശബ്ദയും ആക്കി തീർക്കുന്നതിൽ മുടി മുഖ്യപങ്കു വഹിക്കുന്നു. പലതും കേട്ടില്ലെന്ന് നടിക്കാനും പലർക്കുമുന്നിലും തല കുനിക്കാനും ഈ ഉപകാരമില്ലാത്ത കറുത്ത നാര് (രോമം) ഹേതുവാകുന്നു.

സിനിമാപാട്ടിലൂടേയും മറ്റും മുടിക്കു നല്കുന്ന വർണ്ണന അതിനെ സ്നേഹിക്കാനും സ്വയം അഭിമാനിക്കുന്നതിനും അവളെ നിർബന്ധിതയാക്കുന്നു.ഇതെല്ലാം അവളുടെ സ്വതന്ത്ര ചലനത്തെ നന്നായി പ്രതികൂലമായി ബാധിക്കുന്നു.

മുടിക്കെട്ട് അവളുടെ വ്യക്തിത്വത്തെ ഗൗരവക്കാരിയും ശാലീനയും ആയി കാഴ്ചക്കാരിൽ വെളിവാക്കാൻ സഹായിക്കുന്നു.പണ്ടത്തെ സിനിമകളിലെ കൊണ്ടകെട്ട് വലിയ സ്ഥാനങ്ങളിലിരിക്കുന്നസ്ത്രീകളേയും അതേ സ്

**മുടിയുടെ പേരിലുണ്ടാകുന്ന പരിഹാസങ്ങൾ (എലിവാലുമുടി, സായ്ബാബ, കോഴിവാല്,നീഗ്രോ, പശുവാല് , ചൂല്, ചകിരി) കുറ്റപ്പെടുത്തലുകൾ (ബസ്സിൽ പുറകിൽ നില്ക്കുന്ന ആളിന്റെ മുഖത്തേക്ക് പറക്കുന്ന മുടി , ഭക്ഷണത്തിൽ പെട്ടുപോയ മുടി, ബാത്ത്റൂമിൽ തങ്ങി നില്ക്കുന്ന മുടി) അവളെ അഭിമാനബോധമില്ലാത്തവളും നിശബ്ദയും ആക്കി തീർക്കുന്നതിൽ മുടി മുഖ്യപങ്കു വഹിക്കുന്നു.**



ത്രീകൾ മുടി അഴിച്ചിട്ട് ശാലീനകളാകുന്നതും പതിവു കാഴ്ചയായിരുന്നു.ആരോഗ്യവും ആനന്ദവും നല്കുന്ന കളിക്കളങ്ങളിലേക്കുള്ള അവളുടെ വഴിമുടക്കിയതിൽ അവൾക്ക് ആവോളം ആനന്ദം നല്കിയ മുടിപരിപാലനത്തിനും നല്ല പങ്കുണ്ട്.

**വസ്ത്രം.**

പിറന്നുവീണുടനെയുള്ള ഒരു കുഞ്ഞിന് കുട്ടിക്കുപ്പായം വാങ്ങാൻ കടയിലെത്തിയാൽ ആദ്യത്തെ ചോദ്യം തന്നെ കുട്ടി ആണോ പെണ്ണോ എന്നുള്ളതാണ്.ആൺകുട്ടിയാണേൽ ട്രൗസറും ബനിയനും പെൺകുട്ടിയാണേൽ ഉടുപ്പും അയാൾ നമുക്കു മുന്നിൽ നിരത്തും.ആൺകുട്ടി ട്രൗസറിട്ട് സ്വതന്ത്രമായ് കൈകാലിട്ടടിച്ച് കുത്തിമറിഞ്ഞ് വസ്ത്രചിന്തയോ ശരീരചിന്തയൊ ഇല്ലാതെ വളരുമ്പോൾ പെൺകുട്ടി വസ്ത്രചിന്തയാലും ശരീരചിന്തയാലുമാണ് വളരുന്നത്. പെൺകുട്ടിയുടെ സ്വതന്ത്ര ചലനത്തെ തടസ്സപ്പെടുത്തുന്നതിൽ വസ്ത്രം വഹിക്കുന്ന പങ്ക് ഏറെ വലുതാണ്. നിരന്തരമായി കൈകാലിട്ടടിച്ച് സന്തോഷിക്കുന്ന കുഞ്ഞിനടുത്തേക്ക് ആരേലും വന്നാൽ അവളുടെ ഉടുപ്പ് താഴ്ത്തിയിട്ട് "നാണം"

**നാലഞ്ച് വയസ്സാകുന്നതോടെ കളിക്കാനായി പുറത്തേക്കിറങ്ങുന്ന പെൺകുട്ടിയും പുറത്ത് പാമ്പുണ്ടോ പട്ടിയുണ്ടോ എന്ന് ശ്രദ്ധിച്ചില്ലെങ്കിലും ഉടുപ്പ് കൃത്യമായ് താഴ്ത്തിയിട്ടിരിക്കാൻ ശ്രദ്ധിച്ചിരിക്കും. കളിക്കുമ്പോൾ ഉടുപ്പ് പൊങ്ങാതെ നോക്കണം, ഉയരത്തിലൂടെ നടക്കുമ്പോൾ താഴെ ആരും ഇല്ലെന്നുറപ്പാക്കണം , കാറ്റത്ത് പാറിപ്പറക്കാതെ നോക്കണം , കുസൃതിക്കുട്ടികൾ പാവാട പൊക്കാതിരിക്കാൻ ശ്രദ്ധിക്കണം.**

**പെൺകുട്ടിയുടെ സ്വതന്ത്ര ചലനത്തെ തടസ്സപ്പെടുത്തുന്നതിൽ വസ്ത്രം വഹിക്കുന്ന പങ്ക് ഏറെ വലുതാണ്. നിരന്തരമായി കൈകാലിട്ടടിച്ച് സന്തോഷിക്കുന്ന കുഞ്ഞിനടുത്തേക്ക് ആരേലും വന്നാൽ അവളുടെ ഉടുപ്പ് താഴ്ത്തിയിട്ട് ""നാണം" മറയ്ക്കുന്ന പ്രവർത്തിയിൽ സദാ ഏർപ്പെട്ടുകൊണ്ടേയിരിക്കും**

മറയ്ക്കുന്ന പ്രവർത്തിയിൽ സദാ ഏർപ്പെട്ടുകൊണ്ടേയിരിക്കും

നാലഞ്ച് വയസ്സാകുന്നതോടെ കളിക്കാനായി പുറത്തേക്കിറങ്ങുന്ന പെൺകുട്ടിയും പുറത്ത് പാമ്പുണ്ടോ പട്ടിയുണ്ടോ എന്ന് ശ്രദ്ധിച്ചില്ലെങ്കിലും ഉടുപ്പ് കൃത്യമായ് താഴ്ത്തിയിട്ടിരിക്കാൻ ശ്രദ്ധിച്ചിരിക്കും. കളിക്കുമ്പോൾ ഉടുപ്പ് പൊങ്ങാതെ നോക്കണം, ഉയരത്തിലൂടെ നടക്കുമ്പോൾ താഴെ ആരും ഇല്ലെന്നുറപ്പാക്കണം , കാറ്റത്ത് പാറിപ്പറക്കാതെ നോക്കണം , കുസൃതിക്കുട്ടികൾ പാവാട പൊക്കാതിരിക്കാൻ ശ്രദ്ധിക്കണം. ക്ലാസ്സിലിരിക്കുമ്പോൾ കാലുകൾ അകത്തി സ്വാഭാവികരീതിയിൽ ഇരുന്നാൽ അടിവസ്ത്രമോ നഗ്നഭാഗമോ കാണാതിരിക്കാൻ പാകത്തിന് കാലുകൾ സജ്ജമാക്കിവെയ്ക്കണം (കൊണ്ടലീസ റൈസും ഇതിൽ നിന്നും മോചിതയല്ല.) നിരന്തരമായുള്ള ഈ ഓർമ്മപ്പെടുത്തലുകൾ സ്വതന്ത്ര ചലനം അനിവാര്യമായ സ്വതന്ത്ര



ചലനത്താൽ മാത്രം സമ്പന്നമാക്കാവുന്ന കളിക്കളങ്ങളെ ഉപേക്ഷിക്കുന്നതിന് പെൺകുട്ടികളെ പ്രേരിപ്പിക്കുന്നു.

പാർക്കിലും മറ്റും ആൺകുട്ടികൾ സ്ലൈഡറിൽ സ്വതന്ത്രമായി താഴോട്ടുതകിയിറങ്ങുമ്പോൾ പെൺകുട്ടി ഏറെ സംഘർഷഭരിതമായാണ് ഇത്തരത്തിൽ ഉതകിയിറങ്ങുന്നതെന്ന് അവളെ നിരീക്ഷിക്കുന്ന ആർക്കും ബോധ്യമാകും.

**എന്തിനാണ് തിരിച്ചറിയിക്കുന്നത്?**

സ്ക്കൂളിൽ വരുന്ന കുട്ടികൾ കുട്ടികളായി തന്നെ വളരുന്നതിനുള്ള സാഹചര്യമുണ്ടാക്കി കൊടുക്കുകയാണ് വേണ്ടത്. അവരെ മുടിയുടേയും

പൊതു ഇടവും പൊതു വസ്ത്രവും,ഉൾക്കൊണ്ട പെൺകുട്ടിക്ക് തന്റേടത്തോടെ എവിടേയും കടന്നു ചെല്ലാനും ഏതു ദിക്കിലേക്കും സഞ്ചരിക്കാനും,എവിടെക്കിടന്നുറങ്ങാനും മാനസീകമായ ധൈര്യം ലഭിക്കും എന്നതിൽ ശങ്കയില്ല. തന്റെ വളർച്ചക്ക് വിഘാതമായി നില്ക്കുന്നതെന്തെല്ലാമാണ് താൻ പേറുന്നതെന്ന് ഓരോ പെൺകുട്ടിയും ചിന്തിക്കേണ്ടതുണ്ട്.പ്രത്യേകിച്ചും അവൾക്കുവേണ്ടി ചിന്തിക്കാനോ അവളുടെ ദുരവസ്ഥക്ക് പരിഹാരമാരായാനോ ഭരണസംവിധാനങ്ങൾക്ക് പ്രാപ്തിയില്ലെന്ന് തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന ഈ ദുരവസ്ഥയിൽ



വസ്ത്രത്തിന്റെയും പേരിൽ വേർതിരിക്കുന്നതെന്തിനാണ്? ആൺകുട്ടി ട്രൗസറും ഷർട്ടുമിട്ട് ധ്രുതഗതിയിൽ പുറത്തേക്കോടുമ്പോൾ ഷാളുമടക്കാനും പിൻചെയ്യാനുമായി പെൺകുട്ടികൾ സമയം പാഴാക്കുന്നു. സ്ക്കൂളുകളിൽ ആൺ പെൺ യൂണിഫോം ഏകീകരിക്കേണ്ടത് അനിവാര്യം തന്നെയാണ്. ഭിന്നലിംഗക്കാരുടെ രേഖപ്പെടുത്തലോടെ സ്ക്കൂൾ അധികാരികൾക്ക് യൂണിഫോം ഏകീകരിക്കുന്നതിന് നിയമത്തിന്റെ പിൻബലവും കിട്ടുമെന്നകാര്യത്തിൽ തർക്കമില്ല. മിഡി, ചുരിദാർ, സാരി പർദ്ദ,ടൈറ്റ് ജീൻസ് തുടങ്ങിയ പെൺകുപ്പായങ്ങളും പെൺ ചെരുപ്പുകൾ, പെൺ ബാഗുകൾ,കൈനറ്റിക് പോലുള്ള പെൺ വാഹനങ്ങൾ എല്ലാം തന്നെ അവളുടെ ശീലിച്ചു വന്ന പരിമിതമായ ചലനസ്വാതന്ത്രത്തെ ഒന്നുകൂടി ഉറപ്പിക്കുന്നു.

**സ്ക്കൂളും പൊതു കളിക്കളങ്ങളും**

വസ്ത്രം,മുടി,ആഭരണം,സൗന്ദര്യം തുടങ്ങിയ ചിന്തകളിൽ സ്വയം ആനന്ദംകണ്ടെത്താൻ പരിശീലിപ്പിക്കപ്പെട്ട പെൺകുട്ടി സ്ക്കൂളിലെത്തിയാലും ഓടിച്ചാടി കളിക്കുന്നതിന് താത്പര്യം കാണിക്കുകയില്ല. സ്ക്കൂളുകളിൽ പി.ടി പിരീയഡ് ഉണ്ടെങ്കിലും പരിമിതമായ ആ സമയം കഥാ ബുക്ക് വായിക്കുന്നതിനോ, കായികമല്ലാത്ത മറ്റു കളികളിൽ ഏർപ്പെട്ടോ ഓടിച്ചാടി കളിക്കുന്ന ആൺകുട്ടികളെ നോക്കി നിന്നോ അവൾ സമയം കളയും. ആൺകുട്ടികൾ ചെറുപ്പം മുതലേ കായികമായ കളികളിലൂടെ വളരുമ്പോൾ പെൺകുട്ടികൾ ഇത്തരം കളികളുടെ അഭാവത്തിലാണ് വളരുന്നത്. സ്വതസിദ്ധമായി ഓടാനും ചാടാനും തുള്ളാനും മറിയാനും അലറാനുമുള്ള പ്രകൃതിയിലെ ഏതൊരു ജീവിയും സ്വായത്തമാക്കുന്ന കഴിവിനെ കൃത്രിമമായ

നിയന്ത്രണങ്ങളാൽ പെൺകുട്ടിക്ക് നാം നിഷേധിക്കുന്നു.

ഓണാഘോഷത്തോടനുബന്ധിച്ച് ആൺകുട്ടികൾക്ക് ഫുട്ബോൾ മത്സരവും പെൺകുട്ടികൾക്ക് മൈലാഞ്ചിയിടൽ മത്സരവും ഒരുക്കുന്ന സ്ക്കൂളുകൾ നമുക്കുണ്ടെന്ന് ഈ അവസരത്തിൽ നാം ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു.

വീടിനു പരിസരത്തും സ്ക്കൂൾ ഗ്രൗണ്ടിലും ഓടിച്ചാടി കളിച്ചു വളരുന്ന ആൺകുട്ടി എവിടെച്ചെന്നാലും കളിക്കളം അന്വേഷിക്കും; ഒപ്പം കൂട്ടുകാരേയും. ഇത് സംഘം ചേരുന്നതിനും വ്യത്യസ്തമായ ചുറ്റുപാടുകളെ തനിക്കനുകൂലമാക്കി മാറ്റുന്നതിനും അവന് പ്രേരണ നല്കും. ആൺകുട്ടികൾ സംഘം ചേർന്നും പെൺകുട്ടികൾ ഒറ്റക്കൊറ്റക്കുമാണ് പൊതുവേ സഞ്ചരിക്കാറ്.കളികളിലേർപ്പെടാൻ അവന് കൂട്ടുകാർ നിർബന്ധമാണ്.ഇത് സംഘബലത്തിന്റെ ശക്തിയും സാധ്യതയും അവനെ ബോധ്യപ്പെടുത്തുന്നു.കളിക്കളത്തിലെത്താത്ത പെൺകുട്ടിക്ക് ഇത്തരം അറിവുകൾപോലും അന്യമാണ്.

പ്രതികരിക്കാനും പ്രതിഷേധിക്കാനും തെന്നിമാറാനും തന്ത്രം മെനയാനും മുൻകൂട്ടി കാണാനും അവൻ പഠിക്കുന്നത് കളിക്കളത്തിൽ വെച്ചാണ്.ഈ സാധ്യതകളെല്ലാം പെൺകുട്ടിക്ക് നഷ്ടമാകുന്നു.വാഹനാപകടങ്ങളിലും മറ്റും പെടുമ്പോൾ നിസാരമായ പരിക്കുമാത്രം പറ്റാനിടയുള്ള വീഴ്ചകളിൽ പോലും പെൺക്കുട്ടികൾക്കും സ്ത്രീകൾക്കും ഗുരുതരമായ പരിക്കുപറ്റാനിടയാകുന്നത് കളിയുടെ അഭാവം തന്നെയാണ് .

**നിർഭയ , സൗമ്യ , ജിഷ.... എന്തുകൊണ്ട്?**

മേൽപറഞ്ഞ കാരണങ്ങളാൽ അക്രമത്തിലകപ്പെടുന്ന പെൺക്കുട്ടി ഒന്നലറിക്കരയാൻ പോലും പ്രാപ്തിയില്ലാതെയാണ് മരണത്തെ നേരിടുന്നത് . ഒറ്റപ്പെടുന്ന പെൺകുട്ടിക്ക് അക്രമത്തിനോ പ്രതിരോധത്തിനോ മുതിരാനാവില്ല. ക്രമാനുഗതമായി വ്യക്തിയിൽ വളർന്നുവരുന്ന കഴിവുകളാണിവ . അവളുടെ മുടിയും ഷാളും വസ്ത്രവും ആരോഗ്യവുമെല്ലാം അവളെ വരുതിയിൽ നിർത്തുന്നതിന് അക്രമിയെ സഹായിക്കുന്നു. പെട്ടെന്നുണ്ടാകുന്ന ഭയം അവളെ MENTAL-ARREST എന്ന പ്രക്രിയക്ക് വിധേയമാക്കുന്നു. ഇത് അവളെ നിശ് ചലയാക്കുന്നു. സൗമ്യയെ ഗോവിന്ദചാമി മുടിക്ക് കുത്തിപിടിച്ച് ട്രയിനിന്റെ വാതിലിന്മേലിടിച്ചാണ് പുറത്തേക്ക് തള്ളിയത് എന്നോർക്കണം.

ചില സ്ക്കൂളുകളിൽ പെൺകുട്ടികളെ സ്പോർട്

**വീടിനു പരിസരത്തും സ്ക്കൂൾ ഗ്രൗണ്ടിലും ഓടിച്ചാടി കളിച്ചു വളരുന്ന ആൺകുട്ടി എവിടെച്ചെന്നാലും കളിക്കളം അന്വേഷിക്കും; ഒപ്പം കൂട്ടുകാരേയും.ഇത് സംഘം ചേരുന്നതിനും വ്യത്യസ്തമായ ചുറ്റുപാടുകളെ തനിക്കനുകൂലമാക്കി മാറ്റുന്നതിനും അവന് പ്രേരണ നല്കും. ആൺകുട്ടികൾ സംഘം ചേർന്നും പെൺകുട്ടികൾ ഒറ്റക്കൊറ്റക്കുമാണ് പൊതുവേ സഞ്ചരിക്കാറ്.കളികളിലേർപ്പെടാൻ അവന് കൂട്ടുകാർ നിർബന്ധമാണ്.**






**അക്രമത്തിലകപ്പെടുന്ന പെൺക്കുട്ടി ഒന്നലറിക്കരയാൻ പോലും പ്രാപ് തിയില്ലാതെ യാണ് മരണത്തെ നേരിടുന്നത്. ഒറ്റപ്പെടുന്ന പെൺകുട്ടിക്ക് അക്രമത്തിനോ പ്രതിരോധ ത്തിനോ മുതിരാനാവില്ല. ക്രമാനുഗതമായി വ്യക്തിയിൽ വളർന്നുവരുന്ന കഴിവുകളാണിവ**

സ് ആക്റ്റിവിറ്റികളിൽ പങ്കെടുപ്പിക്കണമെങ്കിൽ രക്ഷകർത്താക്കളുടെ സമ്മതപത്രം നിർബന്ധമാണ്. ആൺകുട്ടികളുടെ കാര്യത്തിൽ ഇത് നിർബന്ധമല്ല. നിബന്ധനകളും നിർബന്ധങ്ങളും എപ്പോഴും അടിച്ചേൽപ്പിക്കാനെളുപ്പം പെൺകുട്ടികളിലാണല്ലോ.

ആൺകുട്ടികളെ സമ്മതിച്ചാലും ഇല്ലെങ്കിലും അവർ കളിക്കുക തന്നെ ചെയ്യും എന്ന ബോധ്യം എല്ലാവരിലുമുണ്ട്. കുസൃതി ആണിന്റേതാണെന്ന ബോധ്യവും അത് വെറും തമാശയായി കാണാനുള്ള പൊതു മാനസികാവസ്ഥയും ഭഗവാൻ ശ്രീകൃഷ്ണനിലൂടെ സമൂഹത്തിലെത്തിക്കാൻ പുരാണങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. പെൺകുട്ടികളെന്തും അനുസരിക്കുന്നതിന് കുഞ്ഞു നാൾ മുതൽ പരുവപ്പെട്ടതുകൊണ്ട് എന്തും അനുസരിച്ചുകൊള്ളും എന്ന പൊതുബോധമാണ് അവളെ അനുസരിക്കുന്നവളാക്കുന്നത്.

കൊല്ലാനായ് ഗോവിന്ദച്ചാമിമാരേയും ചത്തുകൊടുക്കാനായ് സൗമ്യമാരേയും സൃഷ് ടിച്ചെടുക്കുന്നത് നാം തന്നെയാണെന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട് തഞ്ചത്തിൽ കിട്ടിയാൽ ആരാലും കീഴ്പ്പെടുത്താനുതകുന്നതാണ് പെൺശരീരം എന്ന പൊതുബോധം തന്നെയാണ് കുറ്റവാളിയുടെ പ്രചോദനവും ഇതു മാറണമെങ്കിൽ പെൺകുട്ടികൾ വളരുന്ന ചുറ്റുപാടും സമൂഹവും സാമൂഹിക സംഘടനകളും സ്പോട്സ് ആക് റ്റിവിറ്റികൾക്ക് മതിയായ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്.അവരെ ഊർജ്ജസ്വലരാക്കി പ്രതിസന്ധി ഘട്ടങ്ങൾ അനായാസം തരണം ചെയ്യുന്നതിന് സഹായകരമാക്കുന്ന കായിക വിനോദങ്ങൾ ഉൾപ്പെടുത്തുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുന്നതിന് അധികാരികൾ തയ്യാറാകേണ്ടിയിരിക്കുന്നു.

ഇനിയും ഒരു ജിഷയെ സൃഷ്ടിക്കാതിരിക്കാൻ അധ്യാപകർ, രക്ഷകർത്താക്കൾ, സാമൂഹിക സംഘടനകൾ.. തുടങ്ങി എല്ലാവരും ഒന്നിച്ചു കൈകോർക്കുമെന്ന് പ്രത്യാശിക്കാം. ●

**ആൺകുട്ടികളെ സമ്മതിച്ചാലും ഇല്ലെങ്കിലും അവർ കളിക്കുക തന്നെ ചെയ്യും എന്ന ബോധ്യം എല്ലാവരിലുമുണ്ട്. കുസൃതി ആണിന്റേതാണെന്ന ബോധ്യവും അത് വെറും തമാശയായി കാണാനുള്ള പൊതു മാനസികാവസ്ഥയും ഭഗവാൻ ശ്രീകൃഷ്ണനിലൂടെ സമൂഹത്തിലെത്തിക്കാൻ പുരാണങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. പെൺകുട്ടികളെന്തും അനുസരിക്കുന്നതിന് കുഞ്ഞു നാൾ മുതൽ പരുവപ്പെട്ടതുകൊണ്ട് എന്തും അനുസരിച്ചുകൊള്ളും എന്ന പൊതുബോധമാണ് അവളെ അനുസരിക്കുന്നവളാക്കുന്നത്.**

ചർച്ചാവിഷയം

ദീപ നമ്പൂതിരി

# വിംഗ്സ് കേരള– സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ



തന്റെ മുറ്റത്ത് നീതി പൂക്കുമെന്ന് സ്വപ്നം കണ്ട് ജീവിതത്തിൽ പടപൊരുതിയിട്ടും അതിദാരുണമായി തോറ്റുപോയവളാണ് ജിഷ. ഒരു പരിധിവരെ അതിനുത്തരവാദി നമ്മൾ കൂടിയാണ്. അതുകൊണ്ടുതന്നെ ഈ തോൽവിയ്ക്കും മരണത്തിനും മുമ്പ് അവൾ നടത്തിയ പോരാട്ടങ്ങളും ചെറുത്തുനിൽപ്പുകളും നാം ഏറ്റെടുത്തേ മതിയാവൂ. എന്നാൽ, ആ കൊലപാതകത്തിന്റെ ഓർമയിൽ വെന്തുനീറുമ്പോൾ, ഇതിന്റെ സാമൂഹ്യ-രാഷ്ട്രീയ-ശാരീരിക കാരണങ്ങൾ അന്വേഷിക്കുകയും വിശകലനം ചെയ്യുകയും അതില്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിനു പകരം ഈ സമയവും സന്ദർഭവും മുതലെടുത്തുകൊണ്ട് 'നീ ഭയക്കണം മകളേ' എന്ന് സ്നേഹശാസനയുടെ രൂപത്തിൽ ഉപദേശിച്ച് സ്ത്രീകളെയും പെൺകുട്ടികളെയും ഒതുക്കാൻ പഠിപ്പിക്കുകയും ഒരു കുറ്റവാളിയുടെ മാനസികാവസ്ഥ സൃഷ്ടിക്കുകയുമാണ് ഇന്ന് ചെയ്യുന്നത്! ഇതിനുമാത്രം എന്ത് തെറ്റാണ് സൗമ്യയും ജിഷയും തുടങ്ങി എണ്ണിയാലൊടുങ്ങാത്ത നമ്മുടെ പെൺകുട്ടികൾ ചെയ്തത്?

ഇത്തരം സംഭവങ്ങൾ ഉണ്ടാവുമ്പോൾ മെഴുകുതിരി കത്തിച്ചും മുഖത്തു കറുത്ത തുണി മൂടിക്കെട്ടിയും പ്രതിഷേധപ്രകടനം നടത്തുകയും കിട്ടാവുന്ന സ്ത്രീ

ആക്റ്റിവിസ്റ്റുകളെയൊക്കെ നിരത്തി നിരന്തരം ചർച്ചചെയ്യുകയും മാത്രമാണ് പതിവ്. എന്നാൽ എന്തുകൊണ്ട് ഇതു പരിഹരിക്കാനായി ഒരു ക്രിയാത്മകശ്രമം നമുക്ക് നടത്തിക്കൂടാ? ഇത്തരമൊരു ശ്രമം നമുക്കെന്തുകൊണ്ട് ഏറ്റെടുത്തുകൂടാ?

തൃശൂർ ജില്ലയുടെ വിവിധഭാഗങ്ങളിൽ സ്ത്രീ പന്തുകളിക്കാരുടെ സംഘങ്ങൾ ഉണ്ടാവുന്നുണ്ടെന്നറിഞ്ഞപ്പോൾ അതിനെക്കുറിച്ച് അറിയണമെന്ന് തോന്നി. മേളകളിൽ പങ്കെടുത്ത് ഗ്രേസ്മാർക്ക് നേടി, ജോലിയിൽ കയറിപ്പറ്റാനുള്ള എളുപ്പവഴിയല്ല; വെറുമൊരു രസമാവും എന്ന് കരുതി തള്ളിക്കളയാനും പറ്റിയില്ല. ഒരിടത്തും പോവാതെ ആരുമറിയാതെ പൊണ്ണത്തടി കുറയ്ക്കാനും കൈകാലുകളുടെ വേദനമാറ്റാനുമുള്ള നിരവധിമാർഗങ്ങൾ മലയാളി പൊങ്ങച്ചക്കാർക്കറിയാം. അതിനായുള്ള ഒരുപാട് വിലപിടിപ്പുള്ള യന്ത്രങ്ങൾ നമ്മുടെ അകത്തളങ്ങളിലിരുന്ന് തുരുമ്പെടുക്കുന്നുമുണ്ട്. അന്വേഷിച്ച് ചെന്നപ്പോൾ അത്ഭുതം തോന്നിയില്ല. കേരളത്തിലെ 'സാംസ്കാരിക'സ്ത്രീയുടെ പൊള്ളത്തരങ്ങൾ തിരിച്ചറിയുകയും സ്ത്രീജീവിതത്തിന്റെ ഗതിവിഗതികൾ സസൂക്ഷ്മം വീക്ഷിക്കുകയും ക്രിയാത്മകമായി ഇടപെടുകയും, സ്വാഭാവികയാഥാർത്ഥ്യങ്ങളായി നാം അംഗീകരിച്ചുപോരുന്ന വർത്തമാനവ്യവസ്ഥയോട് നിരന്തരം കലഹിക്കുകയും ചെയ്യുന്ന വിനയയാണ് ഇതിനു പിന്നിലെന്നും അറിഞ്ഞപ്പോൾ ഈ കളി സ്ത്രീസൗഹൃദപരമാണെന്ന് തിരിച്ചറിഞ്ഞു.

സ്ത്രീകൾ സുരക്ഷിതരാവാൻ ഏറ്റവും എളുപ്പമാർഗം എല്ലാസമയത്തും എല്ലായിടത്തും സ്ത്രീകൾ ഉണ്ടാവുക എന്നുതന്നെയാണെന്ന് വളരെ ലളിതമായി വിനയ പറയുന്നു. ഒറ്റപ്പെട്ടുപോയാലാണ് അവർക്കുനേരെ ആക്രമണമുണ്ടാവുക;



**സ്ത്രീകൾ സുരക്ഷിതരാവാൻ ഏറ്റവും എളുപ്പമാർഗം എല്ലാസമയത്തും എല്ലായിടത്തും സ്ത്രീകൾ ഉണ്ടാവുക എന്നുതന്നെയാണെന്ന് വളരെ ലളിതമായി വിനയ പറയുന്നു. ഒറ്റപ്പെട്ടുപോയാലാണ് അവർക്കുനേരെ ആക്രമണമുണ്ടാവുക; അതുകൊണ്ട് എല്ലായിടത്തും സ്ത്രീ സാന്നിധ്യമുണ്ടാവണം.**


അതുകൊണ്ട് എല്ലായിടത്തും സ്ത്രീ സാന്നിധ്യമുണ്ടാവണം. ചെറുത്തു നിൽക്കാൻ കഴിവുവേണമെങ്കിൽ സ്ത്രീകൾക്ക് ശാരീരികക്ഷമത ഉണ്ടാവണം, പെട്ടെന്ന് തീരുമാനമെടുക്കാനും, പ്രതികരിക്കാനും കഴിയണം; കളിയിലൂടെ ആ ശേഷി കൈവരുത്തുക. ലിംഗഭേദമില്ലാതെ സൗഹൃദപരമായ ഒരു സാമൂഹ്യാന്തരീക്ഷം ഉണ്ടാക്കിയെടുക്കുക. ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്ത്രീകൾ സജീവമായി ഉണ്ടാവുക. ഇതെല്ലാം വിനയ മുന്നോട്ടുവെയ്ക്കുകയും വിംങ്സ്  എന്ന സംഘടന രൂപമെടുക്കുകയും ചെയ്തു. ഈ പ്രായോഗികാശയം സ്ത്രീകൾ ആവേശത്തോടെ നെഞ്ചേറ്റുകയായിരുന്നു.



**ലോകത്തിലെ സകല ജീവജാലങ്ങൾക്കും പ്രകൃത്യാ ഉള്ള ശരീരചോദനകൾ യഥേഷ്ടം ഉപയോഗിക്കാനും ആസ്വദിക്കാനും കഴിയുന്നുണ്ട്. ഇതിന് കഴിയാത്തത് മനുഷ്യസ്ത്രീക്ക് മാത്രമാണ്. കുട്ടിക്കാലം മുതൽ അവൾ വിലക്കുകൾക്കുള്ളിലാണ്.**

ലോകത്തിലെ സകല ജീവജാലങ്ങൾക്കും പ്രകൃത്യാ ഉള്ള ശരീരചോദനകൾ യഥേഷ്ടം ഉപയോഗിക്കാനും ആസ്വദിക്കാനും കഴിയുന്നുണ്ട്. ഇതിന് കഴിയാത്തത് മനുഷ്യസ്ത്രീക്ക് മാത്രമാണ്. കുട്ടിക്കാലം മുതൽ അവൾ വിലക്കുകൾക്കുള്ളിലാണ്. അതുകൊണ്ട് തന്നെ അവളിലെ ശരീരസാധ്യത അവളറിയുന്നുമില്ല. ഇത് സ്ത്രീകളെ ബോധ്യപ്പെടുത്തണമെന്ന ഉദ്ദേശമാണ്'വിംങ്സ്' സ്പോർട്സിന് പ്രാധാന്യം കൊടുത്തതിനു പിന്നിലുള്ളത്.

തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ട്രൂപ്പ് രൂപീകരിക്കാൻ ഒരുപാട് ബുദ്ധിമുട്ടുണ്ടായെന്ന് വിനയ. "കളിക്കളത്തിലേക്ക് വരണമെന്ന് അതിയായ ആഗ്രഹമുണ്ട് പലർക്കും. സാഹചര്യങ്ങളെല്ലാം പ്രതികൂലമാണ്. ഇതുപറഞ്ഞ് ഒരു പാട് പേർ ആദ്യം പിൻമാറി. പക്ഷേ ഞങ്ങൾ പിൻമാറിയില്ല. തയ്യാറായി വന്ന രണ്ടുമൂന്നുപേർക്ക് കോച്ചിംഗ് കൊടുത്തുതുടങ്ങി. ഇതുകണ്ട് ഹരം മൂത്ത് എല്ലാ പ്രശ്നങ്ങളും സ്വയം തരണം ചെയ്ത് മാറിനിന്നവരിൽ പലരും എത്തി. ആദ്യം സാരിയും നൈറ്റിയും ചുരിദാറും സെറ്റും മുണ്ടും ഷാളുമൊക്കെ ധരിച്ചാണ് എല്ലാവരും കളിക്കളത്തിലിറങ്ങിയത്. ആരേയും ഞങ്ങൾ ആദ്യം വിലക്കിയില്ല.പലതവണ സാരിയും ഷാളും തടഞ്ഞുവീഴുകയും കളിക്കാൻ വസ്ത്രധാരണം തടസ്സപ്പെടുകയും ചെയ്തപ്പോൾ അവർതന്നെ കളിക്കളത്തിൽ ഡ്രസ്സ്കോഡ് നിർബന്ധമാക്കി. കളിനിയമങ്ങൾ സ്വയം ഉണ്ടാക്കി. കളിക്കളത്തിൽ അനായാസമായി ചലിക്കാൻ



എനിക്ക് കഴിയുന്നത് എന്റെ വസ്ത്രധാരണരീതി കൊണ്ടുകൂടിയാണെന്ന് അവർ ഇതിനകം തിരിച്ചറിഞ്ഞിരുന്നു. വിനയ ധരിക്കുന്നത് കണ്ട് പാന്റും ഷർട്ടുമിട്ടവരല്ല അവർ".

വിനയ തുടർന്നു."കളിക്കാനായി മൈതാനത്തിലെത്തിയ സ്ത്രീകളെ വട്ടത്തിൽ കുനിഞ്ഞ് നിർത്തിക്കും. പിന്നീട് പരമാവധി ശക്തിയിൽ 'ഹ' എന്നൊരു ശബ്ദമെടുത്ത് അവരോട് ഉയരാൻ പറയും.എന്നാൽ വല്ലാത്ത വികൃതമായ, നേരിയ ഒരു ശബ്ദം മാത്രമായിരുന്നു ആദ്യം അവരിൽനിന്നും പുറത്തുവന്നത്. എന്നെ ഇത് വല്ലാതെ അസ്വസ്ഥപ്പെടുത്തി".

സ്വാഭാവികമായ രീതിയിൽ ഒന്നുറക്കെ ശബ്ദമെടുക്കാൻപോലും കഴിയാത്തവിധം സ്ത്രീകളെ ഇങ്ങനെയൊക്കെ ആക്കിത്തീർത്തതാരാണ്? ചടുലമായ രീതിയിലുള്ള ഒരു സ്വാഭാവികചലനവും സാധ്യമാവാത്തതരത്തിൽ ആരാണ് സ്ത്രീകളെ കാലാകാലങ്ങളിലായി 'മെന്റൽ അറസ്റ്റി'ലാക്കിയത്? ഇങ്ങനെ പ്രതികരണശേഷിയില്ലാത്ത 'മുണ്ടാട്ടം മുട്ടിയ പെണ്ണുങ്ങൾ'വികലാംഗരായ ഗോവിന്ദച്ചാമിമാരെപ്പോലും നേരിടാനാവാതെ പീഡിപ്പിക്കപ്പെടുന്നതിൽ അദ്ഭുതപ്പെടാനുണ്ടോ?

കായികവിനോദത്തിലൂടെയുള്ള സ്ത്രീശാക്തീകരണം ലോകത്തിൽ തന്നെ ഒരു നൂതനാശയമാണ്. ഫിസിക്കൽ ഫിറ്റ്നസ് മാത്രമല്ല, മെന്റൽ ഫിറ്റ്നസ് കൂടി ഉറപ്പുവരുത്തി ലോകാരോഗ്യസംഘടന വിഭാവനം ചെയ്യുന്നതുപോലെ ആരോഗ്യമുള്ള,കരുത്തുറ്റ സത്രീകൾ ഉണ്ടാവേണ്ടതുണ്ട്. എതിർത്തും പ്രതിരോധിച്ചും ആർത്തുവിളിച്ചും കളിക്കളങ്ങളിലൂടെ സ്ത്രീ അവളുടെ സ്വാഭാവികത തിരിച്ചുപിടിക്കുകയാണ്. ഈ കളിക്കളത്തിൽ ഇറങ്ങിയവരുടെ നോട്ടവും ഭാവവും ശരീരഭാഷയുമെല്ലാം ഇന്നു മാറിക്കഴിഞ്ഞു. കൃത്യമായി നിരീക്ഷിക്കാനും, വേണ്ടിടത്ത് കണിശമായി വിമർശിക്കാനും,അംഗീകരിച്ച് അഭിനന്ദിക്കാനും ഇവരിന്ന് പഠിച്ചുകഴിഞ്ഞു.അവരുടെ ചർച്ചകളുടെ വിഷയംമാറി. രാജ്യസഭ പാസാക്കിയിട്ടും സ്ത്രീകൾക്ക് അമ്പതു ശതമാനം സംവരണം ഏർപ്പെടുത്താത്തതിനെതിരെ അവർ മനസ്സറിഞ്ഞു ചർച്ചചെയ്തു.കളിക്കളത്തിൽനിന്ന് കിട്ടുന്ന 'സ്പോർട്സ് വുമൺ

**ഫിസിക്കൽ ഫിറ്റ്നസ് മാത്രമല്ല, മെന്റൽ ഫിറ്റ്നസ് കൂടി ഉറപ്പുവരുത്തി ലോകാരോഗ്യസംഘടന വിഭാവനം ചെയ്യുന്നതുപോലെ ആരോഗ്യമുള്ള,കരുത്തുറ്റ സത്രീകൾ ഉണ്ടാവേണ്ടതുണ്ട്. എതിർത്തും പ്രതിരോധിച്ചും ആർത്തുവിളിച്ചും കളിക്കളങ്ങളിലൂടെ സ്ത്രീ അവളുടെ സ്വാഭാവികത തിരിച്ചുപിടിക്കുകയാണ്.**



സ്പിരിറ്റ് ഇവർ ജീവിതത്തിൽ പകർത്തിതുടങ്ങി. നിരന്തരം അലട്ടിയിരുന്ന ശാരീരികവേദനകളിൽനിന്നും അസ്വസ്ഥതകളിൽനിന്നും അവരിൽ പലരും മോചിതരായി. കളിക്കളം നൽകുന്ന പുതു ചൈതന്യത്തെക്കുറിച്ച് പറയാൻ വിനയയ്ക്ക് ഏറെയുണ്ട്.

ഇക്കൊല്ലം അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് എട്ടിന് അരയും തലയും മുറുക്കി കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ കേരളത്തിലെ വിവിധജില്ലകളിലുള്ള സാധാരണവീട്ടമ്മമാരുടെ 12 ടീമുകൾ ഇരുത്തം വന്ന പന്തുകളിക്കാരെപ്പോലെ പറന്നുകളിച്ചു. മാനുഷിക വികസനസൂചികയുടെ അടിസ്ഥാനത്തിൽ കണക്ക് നിരത്തി തമിഴരേക്കാളും കന്നടക്കാരേക്കാളും മറ്റാരേക്കാളും ഒരുപാട് നാഗരികരാണെന്ന് സ്വയം മേനിപറയുന്ന മലയാളിക്ക് ഇന്നും ഇത് ഒരത്ഭുത വാർത്തതന്നെ! പത്രമാധ്യമങ്ങളും ചാനലുകളും ഇതിനെ ഒരു വലിയ വിപ്ലവമുന്നേറ്റമെന്ന നിലയിൽ ഇപ്പോഴും ചർച്ചചെയ്യുന്നു!

കാലാകാലങ്ങളായി പുരുഷൻമാരും ആൺകുട്ടികളും പൊതുമൈതാനങ്ങളിലും റോഡിലും ഒഴിഞ്ഞ വയലുകളിലും തോടുകളിലും പുഴയിലും കടൽതീരത്തും വളരെ സ്വാഭാവികമായ രീതിയിൽ കളിക്കുകയും വിവിധ വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. എന്നാൽ തന്റെ തൊഴിൽകഴിഞ്ഞ്,വീട്ടുപണികളെല്ലാം ചെയ്തുതീർത്ത്, വീട്ടുകാര്യങ്ങളിൽ പലതിന്റേയും സമയക്രമങ്ങളിൽ



നീക്കുപോക്കുകൾ വരുത്തി,എല്ലാവരുടേയും അനുവാദം വാങ്ങി, ആരേയും പ്രകോപിപ്പിക്കാതെ,വീടിനടുത്തുള്ള ഒരു പൊതുമൈതാനത്തിൽ മധ്യവയസ്ക്കരായ ഒരു കൂട്ടം സ്ത്രീകൾ ഒത്തുകൂടിയത് വളരെ 'അഡ്വാൻസ്ഡ്'ആയ നമുക്ക് ഇന്നും അദ്ഭുതം തന്നെ! മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഒരു സ്ത്രീ വികസന സൂചിക ഉണ്ടാക്കി,നമ്മുടെ സംസ്കൃതിയെ ഒന്നളന്നാൽ അതോടെ തീരും നമ്മുടെ കഥ.പക്ഷേ, മലയാളി സ്ത്രീജീവിതം ഇതരസംസ്ഥാനങ്ങളിലേതിനേക്കാൾ എത്രയോ പിറകിലാണെന്ന് വിശ്വസിക്കാൻ നമ്മൾ തയ്യാറായെന്ന് വരില്ല.

പഴയകാലത്ത് ഓരോ പ്രദേശങ്ങളിലും ഒഴിഞ്ഞുകിടന്നിരുന്ന തുറന്ന സ്ഥലങ്ങൾ ധാരാളമുണ്ടായിരുന്നു.അവിടെ പലപലകാര്യങ്ങൾക്കായി ആളുകൾ ഒത്തുകൂടിയിരുന്നു.അന്നവിടെ സ്ത്രീകളുമുണ്ടായിരുന്നു.എന്നാൽ ഇന്ന് തുറന്ന സ്ഥലങ്ങളിലെല്ലാം കോൺക്രീറ്റ് കെട്ടിടങ്ങൾ നിറഞ്ഞുകഴിഞ്ഞു.'ദൈവത്തിന്റെ സ്വന്തം നാടാ'യ കേരളത്തിൽ ഓപ്പൺ സ്പെയ്സ് പരസ്യങ്ങളിൽമാത്രമേ കാണാനുള്ളൂ എന്ന് വന്നു. വിനോദത്തിനും വിശ്രമത്തി

**വിനോദത്തിനും വിശ്രമത്തിനുമുള്ള അവകാശം സ്ത്രീക്കും പുരുഷനുമുണ്ട്.അതിനുള്ള അവസരം ഒരുക്കിക്കൊടുക്കേണ്ടുന്ന ഉത്തരവാദിത്വം ഭരണകൂടത്തിനുണ്ട്.നഗര –ഗ്രാമ വികസനമാതൃകകൾ തയ്യാറാക്കുമ്പോൾ നിർബന്ധമായും അവിടെ ഓപ്പൺ സ്പേസ് ഉണ്ടായിരിക്കണം.ഇങ്ങനെയുള്ള തുറസ്സിടങ്ങൾ സ്ത്രീകൾക്കുകൂടി അവകാശപ്പെട്ടതാണെന്നതിൽ തർക്കമില്ലെങ്കിലും അതംഗീകരിക്കാനുള്ള മാനസികാരോഗ്യം മലയാളിസമൂഹം ഇന്നും കൈവരിച്ചിട്ടില്ല.**

നുമുള്ള അവകാശം സ്ത്രീക്കും പുരുഷനുമുണ്ട്.അതിനുള്ള അവസരം ഒരുക്കിക്കൊടുക്കേണ്ടുന്ന ഉത്തരവാദിത്വം ഭരണകൂടത്തിനുണ്ട്.നഗര-ഗ്രാമ വികസനമാതൃകകൾ തയ്യാറാക്കുമ്പോൾ നിർബന്ധമായും അവിടെ ഓപ്പൺ സ്പേസ് ഉണ്ടായിരിക്കണം.ഇങ്ങനെയുള്ള തുറസ്സിടങ്ങൾ സ്ത്രീകൾക്കുകൂടി അവകാശപ്പെട്ടതാണെന്നതിൽ തർക്കമില്ലെങ്കിലും അതംഗീകരിക്കാനുള്ള മാനസികാരോഗ്യം മലയാളിസമൂഹം ഇന്നും കൈവരിച്ചിട്ടില്ല. അതുകൊണ്ട് നിർബന്ധമായും നമ്മുടെ പൊതുഇടങ്ങൾ സ്ത്രീകൾക്കായി റിസർവ് ചെയ്യുകതന്നെ വേണം. സ്കൂളുകളിലും കോളേജുകളിലും സ്പോർട്സ് ഫീസ് നിർബന്ധമായും ആൺകുട്ടികളെപ്പോലെത്തന്നെ അടയ്ക്കുന്നുണ്ടങ്കിലും ഗ്രൗണ്ട് ഉപയോഗിക്കാനുള്ള ആർജ്ജവം പെൺകുട്ടികൾക്കില്ലെന്ന ഖേദകരമായ തിരിച്ചറിവിൽ പലകോളേജുകളിലും ഇത്തരത്തിലുള്ള ട്രൂപ്പുണ്ടാക്കാൻ 'വിംഗ്സ്'മുൻകൈയെടുത്തു. എന്നാൽ അതത് കോളേജുകളിലെ ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഇതിനെ എതിർത്ത തിക്താനുഭവം വിനയ പങ്കുവെയ്ക്കുന്നുണ്ട്.

ഇത്തരത്തിലുള്ള ഒരു പുതിയ കായിക സംസ്കാരം സ്ത്രീമുന്നേറ്റത്തിന് ഊർജ്ജമാവുമെന്നതിൽ തർക്കമില്ല. പക്ഷേ,എത്ര കാലം? വിനയക്കും പ്രവർത്തകർക്കും വെള്ളവും പോഷകവും കൊടുത്തും ജേഴ്സികൊടുത്തും പന്ത്കൊടുത്തും എത്രകാലം ഇതിന്റെ പിന്നാലെ നടക്കാൻ കഴിയും? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പേരിന് പദ്ധതികൾ ആവിഷ്ക്കരിച്ചും ഫണ്ടുകൾ വകയിരുത്തിവെച്ചും സ്ത്രീകളെ ഇനിയുമിനിയും ശാക്തീകരിക്കാനുള്ള ഔദാര്യം തീർച്ചയായും അവളിപ്പോഴും അബലയാണെന്ന് വിളിച്ചുപറയാനുള്ള തന്ത്രംകൂടിയാണെന്ന് തിരിച്ചറിയണം. ആകാശവും പുഴയും കാടും തോടും റോഡും മൈതാനവുമെല്ലാം തന്റേതുകൂടിയാണെന്ന തിരിച്ചറിവ് സ്ത്രീക്ക് ഉണ്ടാവണം.വളരെ സ്വാഭാവികമായി സ്ത്രീ പൊതുയിടങ്ങളിൽ പ്രത്യക്ഷപ്പെടണം.കളിവിനോദങ്ങളിൽ ഏർപ്പെടണം. ഈ കാഴ്ച ഒരസാധാരണത്വവുമില്ലാതെ അംഗീകരിക്കാൻ കഴിയുമ്പോൾ മാത്രമേ നമ്മുടെ സംസ്കാരത്തിന്റെ ഗ്രാഫ് ഉയരത്തിലാണെന്ന് സത്യസന്ധമായി നമുക്കവകാശപ്പെടാൻ കഴിയൂ. ഇനിയുമിനിയും സൗമ്യമാരും ജിഷമാരും ഉണ്ടാവാതിരിക്കാൻ അതിന് ഇത്തരത്തിലുള്ള പ്രതിരോധസമരവഴികൾ ജനങ്ങൾ ഏറ്റെടുത്തേ മതിയാവൂ. ●

# സ്ത്രീകളായ കായികതാരങ്ങളുടെ 'സൗന്ദര്യം' തിരയുന്ന മാദ്ധ്യമങ്ങൾ

*കായികതാരങ്ങളായാണ് ഈ സ്ത്രീകൾ പ്രശസ്തരെങ്കിലും അവരുടെ പ്രാഗത്ഭ്യത്തേക്കാളേറെ ശരീര 'സൗന്ദര്യം' അന്വേഷിക്കുക, അവരുടെ വസ്ത്രവൈവിധ്യങ്ങളെ ചർച്ച ചെയ്യുക, ശരീരം പ്രദർശനവസ്തുവാക്കുന്ന തരത്തിൽ കളികൾക്കിടയിൽത്തന്നെയുള്ള ഫോട്ടോകൾ എടുക്കുക തുടങ്ങിയ പ്രവണതകൾ മാധ്യമങ്ങളുടെ കടുത്ത ലിംഗവിവേചനത്തിന്റേയും സ്ത്രീകളുടെ ശരീരങ്ങളെ ആൺനോട്ടങ്ങൾക്ക് വിധേയമാക്കുന്നതിന്റേയും ദൃഷ്ടാന്തങ്ങളാണ്.*





# നമ്മുടെ പെൺ കായികതാരങ്ങൾ അവഗണിക്കപ്പെടുന്നതെങ്ങനെ?



കിഷ്വർ ദേശായ്

ഇന്ത്യയിൽ ജാതിയും വർഗ്ഗവും ആപൽക്കരമായ കൂട്ടുകെട്ടാണ് തീർക്കുന്നത്. ഇതിലേക്ക് ലിംഗഭേദത്തിന്റെ ഘടകം കൂടി ചേർത്താൽ പൂർത്തിയായി. ഇതിനും പുറമേ കായികരംഗത്തോടാണ് നിങ്ങൾക്ക് അഭിനിവേശമെങ്കിൽ നിങ്ങൾ വീണ്ടും തകരും. ക്രിക്കറ്റിലുള്ളവരൊഴിച്ച് മറ്റു കളികളിലേർപ്പെടുന്നവർ അത്ഭുതകരമായ അവഗണനയാണ് നേരിടുന്നത്.

എന്നാൽ സ്ത്രീകായികതാരങ്ങളോടുള്ള സമീപനം ഇതിലുമൊക്കെ എത്രയോ ജുഗുപ്സാവഹമാണ്.

പെൺകായികതാരങ്ങൾ മെഡലുകളുമായി വിജയിച്ചു തിരിച്ചെത്തുമ്പോൾ ചെമ്പട്ടുപരവതാനികൾ വിരിച്ച് സ്വീകരിച്ചും ക്യാഷ് അവാർഡുകൾ നൽകി ആദരിച്ചും കൊണ്ടാടും. എന്നാൽ പരിശീലനവേളകളിൽ, പരാതിപ്പെടാൻ ശേഷിയില്ലാതെ ഭയപ്പെടുന്ന കുരുന്നുപ്രായത്തിൽ അവരെ മണ്ണോളം ഇകഴ്ത്തുന്നു. വൃത്തിഹീനമായ ഡോർമിറ്ററികളിൽ താമസിപ്പിച്ചും, ഗുണനിലവാരമില്ലാത്ത കായികഉപകരണങ്ങൾ നൽകിയും ചിലപ്പോൾ കഴിവ് മെച്ചപ്പെടുത്താനുള്ള ഉത്തേജകമരുന്നുകൾ നൽകിപ്പോലും –

എന്നാൽ അവരെ ശല്യപ്പെടുത്തുന്നവരും അപായപ്പെടുത്താൻ സാധ്യതയുള്ളവരുമായവരെ ശ്രദ്ധിക്കുകയോ അവരിൽ നിന്ന് ഇവർക്ക് സംരക്ഷണം കൊടുക്കുകയോ ഇല്ല. ഈ നരകജീവിതം അതിജീവിച്ചു വേണം ഒരു കായികതാരമാവാൻ. പൊതുകാഴ്ചയിൽ നിന്നും അന്വേഷണത്തിൽ നിന്നും അകന്നാണ് കായികപരിശീലനം നടക്കാറുള്ളത്. ഇതു മാറേണ്ടിയിരിക്കുന്നു. പീഡനങ്ങളെക്കുറിച്ച് ധാരാളം പരാതികളുണ്ടായിട്ടുപോലും ഭരണകൂടമോ കായികവകുപ്പോ ഇടപെടാറില്ല. മാധ്യമശ്രദ്ധയിലേക്ക് തള്ളിവിട്ട് വീണ്ടും ജീവിതം ദുഷ്കരമാവുക എന്നതു മാത്രമാണ് നീതി തേടിയുള്ള വഴികളാവുന്നത്.

ആലപ്പുഴയിൽ സായ് കേന്ദ്രത്തിലെ തുഴയൽ താരം ആത്മഹത്യചെയ്തതിനു പുറകെ പുതിയ പദ്ധതികൾ ആവിഷ്കരിക്കപ്പെടുകയുണ്ടായി. പ്രശ്നങ്ങളനുഭവിക്കുന്ന കായികതാരങ്ങളെ സഹായിക്കാൻ ഒരു ഹെൽപ്ലൈൻ സംവിധാനം ആലോചനയിലുണ്ട്. പക്ഷേ, വൈകിപ്പോയില്ലേ കുറേയധികം? കായികവിനോദരംഗഘടനയിൽത്തന്നെ അതിന്റെ തെരഞ്ഞെടുപ്പിലും പരിശീലനത്തിലും– സമഗ്രമായ ഒരഴിച്ചുപണി നടത്തേണ്ടതില്ലേ? ഇതെല്ലാം അസുഖകരങ്ങളായ ചോദ്യങ്ങളാണ്. പക്ഷേ മാധ്യമങ്ങൾ അവരുടെ ചൂഴ്ന്ന് നോക്കുന്ന ക്യാമറകളുമായി ചവിട്ടിക്കയറുന്നതുവരെ, അവർ പരുഷമായ ചോദ്യങ്ങൾ ഉയർത്തുന്നതുവരെ പെൺകായികതാരങ്ങളെ പരിശീലിപ്പിക്കുന്ന സമ്പ്രദായത്തിൽ ഒരു മാറ്റം പ്രതീക്ഷിക്കുക കൂടി വയ്യെന്നതാണ് സത്യം. ദൗർഭാഗ്യകരമായ ദുരന്തങ്ങൾ സംഭവിക്കുമ്പോൾ മാത്രം മുതലക്കണ്ണീരൊഴുക്കി ചില താൽക്കാലിക തിരുത്തലുകൾ കാണപ്പെടും. രംഗം അഴുകിത്തുടങ്ങിയിട്ട് നാളുകളായി. ലോകത്തിന് കാര്യങ്ങൾ വ്യക്തമായി കാണാവുന്നതാണ്. വ്യക്തമായ മനുഷ്യാവകാശലംഘനങ്ങളാണിത്. പെൺകുട്ടികളെ അപമാനിക്കൽ, അവരിൽ ഒളിഞ്ഞും തെളിഞ്ഞും അപകർഷതാബോധം ജനിപ്പിക്കൽ. കായികതാരങ്ങൾക്ക് അസ്വസ്ഥതകളുണ്ടെങ്കിൽ അവരെ കൗൺസലിംഗ് ചെയ്യാൻ പ്രാപ്തരായവരുടെ സഹായങ്ങൾ അവർക്ക് ലഭ്യമാക്കണം.

കായികവിനോദങ്ങൾക്ക് ശാരീരികവും മാനസികവുമായ പരിശീലനം ആവശ്യമാണ്. വിദേശങ്ങളിൽ ക്രമമായ ഭക്ഷണവും വിശ്രമവുമൊക്കെ നൽകുമ്പോൾ കേരളത്തിൽ നിന്നു വരുന്ന വാർത്തകളിൽ ഇവിടുത്തെ കായികതാരങ്ങൾ പരിശീലനവേളകളിൽ ഒരു മേൽക്കൂരയെങ്കിലും മുകളിലുള്ളതിൽ ഭാഗ്യം കണ്ടെത്തുന്നു എന്നാണറിയാൻ കഴിഞ്ഞത്.

ഭൂരിഭാഗം വിദ്യാർത്ഥികളും ദരിദ്രമായ കുടുംബപശ്ചാത്തലങ്ങളിൽ നിന്നും വരുന്നു എന്നതാണ് ഏറ്റവും രൂക്ഷമായ പ്രശ്നം. സർക്കാർ സ്ഥാപനങ്ങളിലൂടെ പഠിച്ച് എന്തെങ്കിലും നേട്ടമുണ്ടായാൽ സ്വന്തം സമ്പാദ്യങ്ങൾ കൊണ്ട് കുടുംബം രക്ഷിക്കാനുള്ള തത്രപ്പാടിൽ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള പരിശീലനം നേടാൻ പ്രാപ്തിയില്ലാത്തവരായിരുന്നു ഇവർ. മരണപ്പെട്ട പെൺകുട്ടിയും ഇതേ ആഗ്രഹങ്ങൾ പുലർത്തിയവളായിരുന്നു. അച്ഛന് ഒരു ഹൗസ്ബോട്ടിലായിരുന്നു ജോലി, അമ്മ അംഗൻവാടി ടീച്ചറും മറ്റു പരിശീലനങ്ങളിൽ നിന്നും വ്യത്യസ്തമായി ശാരീരികസ്പർശം ആവശ്യപ്പെടുന്നുണ്ട് കായികപരിശീലനം. ഇവിടെയാണ് പീഡിപ്പിക്കപ്പെടാനുള്ള സാഹചര്യങ്ങൾ ഉടലെടുക്കുന്നത്. പല സന്ദർഭങ്ങളിലും പരിശീലകനോടുള്ള ബഹുമാനമോ ഭയമോ, വീട്ടിലേക്ക് തിരിച്ചു പോകാൻ പറ്റാത്ത സാഹചര്യമോ സ്വന്തം സ്വപ്നങ്ങൾ കൈവെടിയാനുള്ള വിസമ്മതമോ വർഷങ്ങളോളം പീഡനത്തിനിരയായിക്കൊണ്ട് പരിശീലനം നേടുന്ന അവസ്ഥകളിലേക്ക് ഈ വിദ്യാർത്ഥിനികളെ എത്തിക്കുന്നു. ദേശീയവനിതാകമ്മീഷൻ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ഇത് സംബന്ധിച്ചൊരു നോട്ടീസെങ്കിലും അയക്കേണ്ടതാണ്. ഇത്തരം പീഡനങ്ങൾ പുതിയ സംഭവങ്ങളല്ലെന്നും വർഷങ്ങളായി തുടരുന്നതാണെന്നും വ്യക്തം. സാധാരണ ഇത്തരം സംഭവങ്ങൾക്കൊരു രീതിയുണ്ട്. കേരളത്തിൽ നടന്ന സംഭവത്തെ സംബന്ധിച്ചാണെങ്കിൽ എന്തുകൊണ്ട് നാലു വിദ്യാർത്ഥിനികളും ഒരുമിച്ച് വിഷക്കായ ഭക്ഷിച്ചു ആത്മഹത്യക്ക് ശ്രമിച്ചുവെന്ന് ദേശീയ വനിതാ കമ്മീഷൻ അന്വേഷിക്കേണ്ടതാണ്. ബിയർ കഴിച്ചതിന് വഴക്കുപറഞ്ഞതിനാണ് ആത്മഹത്യ ചെയ്തതെന്ന് വിശദീകരണം ഒട്ടും തൃപ്തികരമല്ല. മരിച്ചപോയ കുട്ടിയുടെ അമ്മ ആരോപിക്കുന്നതുപോലെ മുറി പങ്കിടേണ്ടിയിരുന്ന മുതിർന്ന വിദ്യാർത്ഥിനികളാൽ അവർ പീഡിപ്പിക്കപ്പെട്ടിരിക്കാം. അപർണ്ണ രാമചന്ദ്രൻ എന്ന മരണപ്പെട്ട കുട്ടിക്ക് മാറിത്താമസിക്കണമെന്നുണ്ടായിരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അവസ്ഥയിൽ ഒന്നും സാധ്യമായിരുന്നില്ല.

മറ്റേതെങ്കിലും രാജ്യമായിരുന്നെങ്കിൽ ദരിദ്രമായ ചുറ്റുപാടുകളിൽ എന്നാൽ കായികതാരങ്ങളാവാൻ മോഹിച്ച ഈ നാലു വിദ്യാർത്ഥിനികളുടേയും ദാരുണമായ ആത്മഹത്യാശ്രമം ദിവസങ്ങളോളം പാർലമെന്റിൽ മുൻഗണനാ വിഷയമായേനെ ഇപ്പോൾ സർക്കാർ അന്വേഷിക്കുന്നുണ്ടെന്ന് പറയുന്നു. പക്ഷേ സമഗ്രമായ അഴിച്ചുപണി ഇതിൽ ആവശ്യമാണ്. നമുക്ക് നമ്മുടെ ചെറുപ്പക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക്, തൊഴിൽ നൽകണമെങ്കിൽ കായികരംഗം ധാരാളം അവസരങ്ങൾ നൽകുന്നു. അപർണ്ണ രാമഭദ്രന്റെ മരണം നമ്മെ കുത്തിമുറിവേൽപ്പിക്കുക തന്നെ വേണം. സൂക്ഷ്മമായ അന്വേഷണവും വ്യക്തമായ റിപ്പോർട്ടും വേണ്ടത്ര നടപടികളും ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കപ്പെടാതിരിക്കാൻ ഉണ്ടാവുന്നതുവരെ ആ മുറിവ് നമ്മെ വേദനിപ്പിക്കണം.

കടപ്പാട് : ദി ട്രിബ്യൂൺ 10 മെയ് 2015

# കറാച്ചിയിലെ കൗമാരക്കാരികളുടെ ബോക്സിങ്ങ് ക്ലബ്ബ് പാക് ഷഹീൻ

കറാച്ചിയിലെ വളരെ ദരിദ്രവും കുറ്റകൃത്യങ്ങൾക്ക് കുപ്രസിദ്ധവുമായ പ്രദേശത്തെ കൗമാരക്കാരായ പെൺകുട്ടികൾ ബോക്സിങ്ങ് അഭ്യസിക്കാൻ ക്ലബ്ബ് തുടങ്ങിയിരിക്കുന്നു. ഏറെ വിമർശനങ്ങളും കളിയാക്കലുകളും വീട്ടുകാരുടെ പോലും എതിർപ്പുകളും അതിജീവിച്ചാണ് ഈ പെൺകുട്ടികൾ സ്വന്തം കരുത്ത് തെളിയിക്കാൻ പുറപ്പെട്ടിരിക്കുന്നത്.



# വീൽചെയർ ബാസ്ക്കറ്റ് ബാൾ പരിശീലിക്കുന്ന ഗാസയിലെ സ്ത്രീകൾ



ശാരീരിക വെല്ലുവിളികൾ നേരിടുന്നവരും ഗാസയിലെ സംഘർഷങ്ങളിൽ അംഗവൈകല്യം സംഭവിച്ചവരുമായ സ്ത്രീകൾ വീൽചെയർ ബാസ്ക്കറ്റ് ബാൾ പരിശീലിക്കുകയാണ്. ആത്മധൈര്യത്തിന്റെയും അതിജീവനത്തിന്റെയും ഉത്തമമാതൃകകളായി 115 ഓളം വരുന്ന ഈ കളിക്കാർ കായികരംഗത്തു തന്നെ ചലനം സൃഷ്ടിച്ചിരിക്കുകയാണ്.

# അന്താരാഷ്ട്ര ഒളിമ്പിക് അസ്സോസിയേഷൻ ഐക്യരാഷ്ട്രസഭയുടെ 'ഹീ ഫോർ ഷീ' പ്രചാരണ പരിപാടി ഏറ്റെടുക്കുന്നു.

ലിംഗസമത്വം എന്ന ലക്ഷ്യം മുൻനിർത്തി ഐക്യരാഷ്ട്രസഭ (യു.എൻ.വിമൻ) നടപ്പിലാക്കാൻ ശ്രമിക്കുന്ന 'ഹീ ഫോർ ഷീ' എന്ന പ്രചാരണപദ്ധതി സജീവമായി ഏറ്റെടുക്കാൻ അന്താരാഷ്ട്ര ഒളിമ്പിക് അസ്സോസിയേഷൻ തീരുമാനിച്ചതായി പ്രസിഡന്റ് തോമസ് ബാക്ക് അറിയിച്ചു. ലിംഗസമത്വം സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമല്ലെന്നും ഇതൊരു മനുഷ്യാവകാശപ്രശ്നമായി കണ്ട് പുരുഷന്മാരും ഇതിനായി മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു. സ്ത്രീകളും പെൺകുട്ടികളും കായികവിനോദങ്ങളിലും കായികപ്രവർത്തികളിലും ഏർപ്പെടുന്നത് ശാക്തീകരണത്തിനും അതിക്രമങ്ങളെ ചെറുക്കാൻ ശേഷിയുണ്ടാവുന്നതിനും ഉപകരിക്കുമെന്നും അഭിപ്രായം ഉണ്ടായി.

HeForShe
UN Women Solidarity Movement for Gender Equality

വീട്ടുവിശേഷം

# കൊണ്ടേറിയുന്നവർ



റഷീദ ഗഫൂർ തൈവളപ്പിൽ

പത്ത് പെറ്റ പാത്താത്താക്ക് ആകെയുള്ള മോനാണ് കുഞ്ഞാപ്പു. പാത്താത്ത പത്ത് പെറ്റ പാപിയാണെങ്കിലും പത്തും തികഞ്ഞ് പ്രസവിച്ചത് കുഞ്ഞാപ്പുവിനെ മാത്രമായിരുന്നു. ബാക്കിയെല്ലാം എട്ടാം മാസത്തിൽ പെറ്റതുകൊണ്ട് ചാപിള്ളകളായിരുന്നു. കുഞ്ഞാപ്പു ഒറ്റ മോനായതുകൊണ്ട് തന്നെ പാത്താത്ത അവനെ താഴത്ത് വെച്ചാൽ ഉറുമ്പരിക്കും തലയിൽ വെച്ചാൽ പേനരിക്കും എന്ന് കരുതി, താഴത്തും തലയിലും വെക്കാതെയാണ് വളർത്തിയത്. കുഞ്ഞാപ്പുവിനെ നോക്കി ആരെങ്കിലും ഒന്ന് ചിരിച്ചാൽ തന്നെ പാത്താത്താക്ക് ആധി കയറും. പാത്താത്ത ഉടനെ ഉണക്കമുളകും കടുകും കയ്യിലെടുത്ത് മോന്റെ തലക്ക് വട്ടം ചുറ്റി വീശി കത്തുന്ന അടുപ്പിലേക്കിടും. കടുക് നന്നായി പൊട്ടുകയും മുളക് നന്നായി കരിയുകയും പാത്താത്ത തുമ്മി തുമ്മി മൂക്ക് പൊട്ടാറാവുകയും ചെയ്താൽ അവരപ്പോൾ പറയും എന്റെ മോൻക്ക് തട്ടിയ കണ്ണേറ് പൊയ്ക്കോട്ടേന്ന്. അങ്ങനെ പാത്താത്താന്റെ ഒട്ടനവധി മുളകും കടുകും കത്തിച്ചുകളഞ്ഞ മോനാണ് കുഞ്ഞാപ്പു. വർഷങ്ങൾ കടന്നുപോയത് പെട്ടെന്നായിരുന്നു. കുഞ്ഞാപ്പു പനപോലെ വളർന്നു. നിക്കാഹ് കഴിച്ചു. അവന്റെ ഭാര്യയാണ് സെജീറ. ഇന്നവർക്ക് നാലു കുഞ്ഞുങ്ങളും ഉണ്ട്. സെജീറാനെ വീട്ടിലേക്ക് കെട്ടിക്കൊണ്ടു വന്ന അന്ന് മുതൽ പാത്താത്താക്കവളെ കണ്ണിനു നേരെ കണ്ടു കൂടാ.

താൻ പൊന്നു പോലെ വളർത്തിയ മോനുമായി മരുമകൾ നേരംപോക്കു പറഞ്ഞിരിക്കുന്നത് കാണുമ്പോൾ പാത്താത്താക്ക് കലികയറും. പിന്നെ തൊട്ടതിനൊക്കെ കുറ്റം പറയുകയും നാവിൽ വരുന്നതെല്ലാം വിളിച്ച് പറയുകയും ചെയ്ത് ആ ദിവസം വഷളാക്കും. നാളിതുവരെയായിട്ടും ഇത് തന്നെയായിരുന്നു പതിവ്. സെജീറ കുഞ്ഞാപ്പുവിനോട് പരാതി പറയുമ്പോൾ കുഞ്ഞാപ്പു പറയും 'പെറ്റ തള്ളനെ വാങ്ങാൻ കിട്ടില്ലല്ലോ. അതുകൊണ്ട് നീ എല്ലാം കണ്ടില്ല കേട്ടില്ല എന്ന് നടിച്ചാളെ.'

സെജീറ എല്ലാം സഹിച്ച് തല പെരുത്ത് പിരാന്തിന്റെ വക്കിലെത്തിയിരുന്നു. ആയിടക്കാണ് പാത്താത്താക്കൊരു കറവയുള്ള പശുവിനെ കുഞ്ഞാപ്പു വാങ്ങിക്കൊടുത്തത്. പശുവിനെ കറക്കാനിരിക്കുമ്പോഴും പരിചരിക്കുമ്പോഴും തെല്ലുനേരമെങ്കിലും ഉമ്മ മിണ്ടാതിരുന്നോളുമല്ലോ എന്നാണയാൾ കരുതിയത്. അന്നും പതിവുപോലെ നിസ്സാര കാര്യം പറഞ്ഞ് മരുമകളുമായി വഴക്കടിച്ചുകൊണ്ടവർ പശുവിനെ കറക്കാൻ പാൽപാത്രവുമായി പശുവിന്റെ അകിടിൽ തൊട്ടതേ ഓർമ്മയുള്ളൂ. പശു ഒരൊറ്റ ചവിട്ട്! പാത്താത്ത പാൽപാത്രമടക്കം തെറിച്ചു വീണു. സഹായത്തിനായി അവർ മരുമകളെ വിളിച്ചു കരഞ്ഞു. ഓടി വന്ന സെജീറ ചുറ്റുപാടുമൊന്ന് നോക്കി, അടുത്തൊന്നും ആരുമില്ലെന്ന് ഉറപ്പിച്ച് തൊട്ടടുത്ത് കിടന്ന ഇരുമ്പിന്റെ കസേരയെടുത്ത് പാത്താത്താന്റെ തലയിൽ ആഞ്ഞടിച്ചു.

ബോധം മറഞ്ഞ അവരുടെ അരികിലിരുന്ന് ഓള് അലമുറയിട്ട് കരഞ്ഞു. ഓടിവന്നവരോട് അടങ്ങാത്ത കരച്ചിലിനിടയിൽ പശു ചവിട്ടിത്തെറിപ്പിച്ചതാണെന്നും പറഞ്ഞൊപ്പിച്ചു. ഉടനെ ആശുപത്രിയിൽ എത്തിച്ച പാത്താത്താക്ക് രണ്ട് ദിവസം കഴിഞ്ഞാണ് ബോധം വന്നത്. കണ്ണുതുറന്നപ്പോൾ അരികിൽ നിൽക്കുന്ന മരുമോളെ നോക്കി പാത്താത്ത സത്യം വിളിച്ചുപറഞ്ഞു. പശു തട്ടി മറിച്ച് നിലത്ത് വീണ തന്നെ അവൾ കസേര എടുത്ത് അടിച്ചതാണെന്നും പാത്താത്ത തൊണ്ട കീറി കരഞ്ഞു. ഇനിയവളെ വീട്ടിൽ നിർത്തുന്ന പ്രശ്നമില്ലെന്നും ആണയിട്ടു. രണ്ടുപേർക്കുമിടയിൽ കുഞ്ഞാപ്പു നിന്നു വിയർത്തു. അങ്ങനെ സെജീറാനെ കുഞ്ഞാപ്പു അവളുടെ വീട്ടിൽ കൊണ്ടാക്കി. വീട്ടിൽ തിരിച്ചെത്തിയ പാത്താത്തക്ക് സെജിറയില്ലാതെ വികൃതികളായ നാല് പേരക്കുട്ടികളെ നോക്കുക എന്ന വലിയ ഡ്യൂട്ടി പ്രശ്നമായി. ക്ഷമ നശിച്ചു തുടങ്ങിയിരുന്നു. രണ്ടുമാസം കഴിഞ്ഞപ്പോൾ അവർ മോനോട് പറഞ്ഞു. നീ ഓളേം കൂട്ടി കൊണ്ട് പോര്. ഈ മക്കളെ എനിക്ക് പൊറുപ്പിക്കാൻ വയ്യാണ്ടായിരിക്ക്ണ്. അങ്ങനെ സെജീറ വീണ്ടും പാത്താത്താന്റെ അടുത്ത് തന്നെ തിരിച്ചെത്തി. അന്ന് മുതൽ പാത്താത്തക്കിപ്പോൾ മരുമകളെ പെരുത്ത് ഇഷ്ടമാണ്. സെജീറാക്കാണെങ്കിൽ പാത്താത്താനെയും. ഇതെല്ലാം കണ്ടറിഞ്ഞ ജനം അപ്പോഴും രണ്ട് പക്ഷത്തായിരുന്നു. തള്ളക്കത് കിട്ടണമെന്ന് പറഞ്ഞവർ രഹസ്യമായി വന്ന് തള്ളയെ സോപ്പിട്ടു. മറ്റു ചിലർ മരുമകളെയും. കിട്ടേണ്ടത് കിട്ടിയപ്പോൾ തള്ള അടങ്ങി എന്നാണ് നാട്ടിലെ പൊതു(ജന) സംസാരം. കണ്ടേറിയാത്തവർ കൊണ്ടേറിയും എന്നല്ലേ പഴഞ്ചൊല്ല്. ●

കവിത

ഷീലാ ലാൽ



# തീപിടിക്കുന്ന ചിത്രശലഭങ്ങൾ

പ്രകാശം ചോർന്നൊലിക്കുന്ന
വിടവിലൂടെ
എനിക്കകലെയൊരാകാശം കാണാം
ചിറകൊടിഞ്ഞൊരു കിളി
താഴേക്കു വരുന്നുണ്ട്
അതിനെ സംരക്ഷിക്കാനാവാത്ത
ആകാശത്തിന്റെ വലിപ്പത്തെ
വിശാലതയെന്നെങ്ങിനെ പറയും
മഴക്കു കരയുവാനും
വെയിലിനു ചിരിക്കുവാനും
ഒരു വിശാലത വെറുതെ കിടക്കുന്നു
ചിറകിനിടയിലെ രക്തത്തുള്ളിക്കായ്
കമ്പിളി കാത്തുവച്ച്
കാലം ഉറ്റുനോക്കിയിരിക്കുമ്പോൾ
എനിക്കെന്റെ കൈകൾ നഷ്ടപ്പെടുന്നു
എല്ലാ ചിരികളും അലർച്ചകളാകുന്നു
എല്ലാ കണ്ണുനീരും പുഴകളാകുന്നു
പച്ചിലയിൽ വന്നിരിക്കുന്ന
ഒരു ചിത്രശലഭത്തിനു തീപിടിക്കുന്നു
വിജനതയിൽ കാൽതട്ടിവീഴുമ്പോൾ
കുഞ്ഞുങ്ങൾക്ക് നാവ് നഷ്ടപ്പെടുന്നു
വൃണമായ് തീരുന്ന
അവരുടെ കുഞ്ഞവയവങ്ങൾ നോക്കി
കാറ്റ് മൂക്ക് പൊത്തുന്നു.
ഞാൻ തപസിരിക്കുകയാണ്
എനിക്ക് കൈകൾ മുളക്കും
അപ്പോൾ എല്ലാപറവകൾക്കും
ചിറകടിച്ചുയരാനാവും
എല്ലാവാടികളിലും പൂക്കൾ വിരിയും ●

ഉപ്പും മുളകും

# പെൺമക്കൾക്കു വേണ്ടി



ഗീത

പെരുമ്പാവൂരിൽ ജിഷയെന്ന ദളിത് യുവതി അതിനിഷ്ഠൂരമായി കൊല്ലപ്പെടുന്നു. ആദ്യഘട്ടത്തിൽ ഒരു ചരമകോളത്തിൽ ഒതുങ്ങിപ്പോയ ആ കൊലപാതകം കേരളത്തെ പിടിച്ചുകുലുക്കിക്കൊണ്ടിരിക്കയാണിപ്പോൾ. ആരാണതു ചെയ്തത്? പട്ടാപ്പകൽ വീടിനകത്തുവെച്ച് ഇത്ര ധൈര്യത്തിൽ ആരാണതു ചെയ്തത്?

ലോക്കൽപോലീസിന്റെ ഇടപെടൽ അടിമുടി സംശയാസ്പദമായിരുന്നു. ബോധപൂർവ്വം എന്നു തോന്നിക്കുന്ന വീഴ്ചകളിലൂടെ തെളിവുകൾ മുഴുവൻ തേച്ചുമായ്ച്ചുകളയാൻ പോലീസിനു കഴിഞ്ഞു. നിയമപരം എന്നു പറയാനാകാത്ത ഇൻക്വസ്റ്റ്, പോസ്റ്റുമോർട്ടം എന്നിവക്കു ശേഷം നിയമവിരുദ്ധമായി ശവം കത്തിച്ചുകളയൽ വരെയെത്തി അത്. വാർഡ് മെമ്പർ മുതൽ  സ്ഥലം എം.എൽ.എ വരെ ഇതിനു കൂട്ടു നിന്നു എന്നു തോന്നും മട്ടിലായിരുന്നു ഇതൊക്കെ സംഭവിച്ചത്. ഇപ്പോൾ പുതിയ സർക്കാർ നിയോഗിച്ച പുതിയ അന്വേഷണ സംഘം ചുമതലയേറ്റു. അവർ ആവശ്യപ്പെട്ടു കുറേക്കൂടി സമയം വേണം. ജനം ഇനിയും ക്ഷമിക്കണമെന്ന്. അതിലവർക്ക് ഉത്കണ്ഠക്കവകാശമില്ല. മറവിക്കും ക്ഷമക്കും മലയാളിയെ തോല്പിക്കാൻ ആർക്കു കഴിയും!


പെൺകുട്ടികളെ കൊന്ന് സ്ത്രീവർഗ്ഗത്തെ തോല്പിക്കുന്ന പരിപാടി ആൺവർഗ്ഗം തുടങ്ങിയിട്ട് കുറേക്കാലമായി. കൊന്നാൽപ്പിന്നെ തെളിവ് അവശേഷിക്കില്ലല്ലോ. അവശേഷിക്കുന്ന തെളിവുകൾ നശിപ്പിച്ചു കളയാൻ പോലീസു മതി. ഒരു കാര്യം തീർച്ച പോലീസ് എവിടെയൊക്കെ തെളിവുകൾ നശിപ്പിച്ചിട്ടുണ്ടോ അവിടെയൊക്കെ വലിയ രീതിയിലുള്ള രാഷ്ട്രീയസ്വാധീനമുണ്ടായിരുന്നു. പാർട്ടി ആപ്പീസുകൾ, പഞ്ചായത്ത്, മുൻസിപ്പാലിറ്റി, എം.എൽ.എ, എം.പി.മന്ത്രി, മന്ത്രിയുടെ ഉദ്യോഗസ്ഥർ - ഇവയിലേതെങ്കിലും ഒരിടത്തു നിന്നുള്ള നിർദ്ദേശമനുസരിച്ചാവും തെളിവുകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ടാവുക. ആ നിലക്കാണ് തെളിവുകൾ നശിപ്പിച്ച പോലീസുകാരെ കൂടി അന്വേഷണപരിധിയിൽ ഉൾപ്പെടുത്തണമെന്നു പറയുന്നത്. അവരെ സ്ഥലം മാറ്റിക്കൊണ്ടല്ല പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്. സ്ഥലം മാറ്റൽ കണ്ണിൽ പൊടിയിടൽ മാത്രമാണ്. ഫലത്തിൽ കുറ്റക്കാരെ സംരക്ഷിക്കലുമാണ്. ആരാണ് പോലീസിൽ സമ്മർദ്ദമുണ്ടാക്കിയതെന്നറിയണമെങ്കിൽ അവരെ ചോദ്യം ചെയ്യണം. അതിനു പകരം അവരെത്തന്നെ അന്വേഷണസംഘത്തിൽ ഉൾപ്പെടുത്തുകയാണു യു.ഡി.എഫ് സർക്കാർ ചെയ്തതെങ്കിൽ അവരെ സ്ഥലം മാറ്റുകയാണ് എൽ.ഡി.എഫ് സർക്കാർ ചെയ്തത്. ഇരു സർക്കാരുകളും നിർലജ്ജം ജനങ്ങളെ ബോധ്യപ്പെടുത്തുന്നത്  ഒരേ കാര്യമാണ്. പ്രതികൾ അവരുടെ കൂട്ടത്തിൽപ്പെട്ടവരോ അവരുമായി ബന്ധമുള്ളവരോ ആണ്. അതുകൊണ്ട് എന്തു വിലകൊടുത്തും അവരെ രക്ഷിക്കുക തന്നെ ചെയ്യും. സന്ധ്യയെന്ന വനിതപോലീസുദ്യോഗസ്ഥയ്ക്ക് ഈ അധികാര താല്പര്യത്തെ മറികടന്ന് എത്ര ദൂരം മുമ്പോട്ടു പോകാനാവുമെന്ന് കണ്ടുതന്നെ അറിയണം. പി.ജെ.ജോസഫുമായി ബന്ധപ്പെട്ട കേസന്വേഷിച്ചപ്പോൾ അതിന്റെ ആത്യന്തിക പരിണതി എന്തായിരുന്നു? ആരായിരുന്നു ശിക്ഷിക്കപ്പെട്ടത്? കേസ് ഒത്തുതീർപ്പായോ? എങ്കിൽ അതിനാരായിരുന്നു ഉത്തരവാദി? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഇനിയും കേരളത്തിലെ പെണ്ണുങ്ങൾക്ക് ഉത്തരം കിട്ടിയിട്ടില്ല. അതുകൊണ്ടു തന്നെ 'ക്ഷമ' ആവശ്യപ്പെടുന്ന പോലീസുദ്യോഗസ്ഥയെ ജനം എത്ര കണ്ടു വിശ്വാസത്തിലെടുത്തുവെന്നതു മന്ത്രിമാർ പരിഗണിക്കില്ലെങ്കിലും അത് മനസ്സിലാക്കാൻ സ്ത്രീകൾക്കു ബാധ്യതയുണ്ട്. കാരണം എപ്പോഴും നഷ്ടക്കാരികൾ പെണ്ണുങ്ങളാണ്.

ജിഷാകേസിൽ മാത്രമായി സംഭവിച്ച ദുരന്തമല്ല ഇത്. കേരളത്തെ ഇളക്കിമറിച്ച ഇതുവരെയുള്ള സ്ത്രീപീഡനകേസുകളിൽ എത്ര പ്രതികൾ മാതൃകാപരമായി ശിക്ഷിക്കപ്പെട്ടു? എന്തേ കാരണം? രാഷ്ട്രീയനേതാക്കളുടെ നിയമവിരുദ്ധമായ ഇടപെടലാണ് സ്ത്രീപീഡനകേസിലെ ഇന്നോളമുള്ള എല്ലാ പ്രതികളെയും രക്ഷപ്പെടുത്തിയത്. ആണുങ്ങൾക്ക് വോട്ടു നേടി അധികാരത്തിലേറാനുള്ള ചവിട്ടുപടികൾ മാത്രമാണ് പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്ന പെൺകുട്ടികൾ. അതുകൊണ്ട് നമ്മൾ സ്ത്രീകൾ ഇനിയെങ്കിലും എല്ലാ വ്യത്യാസങ്ങളും മറന്ന് സംഘടിക്കുകയും ജാഗ്രതയോടെ മുന്നേറുകയും വേണം. നമ്മുടെ പെൺമക്കൾ ജീവനോടെ ഇരിക്കണ്ടേ? ●



എം.ഡി.രാധിക

# എന്താണ് പവർ ഫെമിനിസം?






**നിസ്സഹായതയുടെ, മൂകതയുടെ, വേദനയുടെ, തോൽവിയുടെ ബിംബങ്ങളിൽ അഭിരമിക്കുന്ന ഒരു ഫെമിനിസമല്ല ഇന്നത്തെ കാലത്തിന് ആവശ്യം എന്നവർ പറയുന്നു. ധനസാക്ഷരത, അധികാരസാക്ഷരത, ജയിക്കാനുള്ള അഭിനിവേശം എന്നിവയാണ് പുതിയസ്ത്രീക്ക് വേണ്ടത്. പുരുഷാധിപത്യത്തിന് പണത്തിന്റെയും വോട്ടിന്റേയും നാണംകെടുത്തലിന്റേയും സ്ഥൂലഭാഷ മാത്രമാണ് മനസ്സിലാവുക**

The Beauty Myth എന്ന പ്രശസ്തകൃതിയുടെ രചയിതാവാണ് Fire with Fire എഴുതിയ നയമി വൂൾഫ്. തീയെ തീ കൊണ്ടു നേരിടുക എന്ന പഴമൊഴിയിൽ നിന്നാണ് ഈ ശീർഷകം. സ്ത്രീവാദത്തിന്റെ രണ്ടാംതരംഗത്തെ എല്ലാ ആദരവോടും കൃതജ്ഞതയോടും കൂടിത്തന്നെ വിമർശനവിധേയമാക്കുന്നു ഈ പുസ്തകം. അങ്ങനെ ഒരു മൂന്നാംതരംഗത്തിന്റെ വരവ് നമ്മെ അറിയിക്കുകയും ചെയ്യുന്നു. ഇരയുടെ ഫെമിനിസത്തിൽ നിന്ന് (victim feminism) ശക്തിയുടെ, അധികാരത്തിന്റെ ഫെമിനിസത്തിലേക്ക് (power feminism) സ്ത്രീകൾ നീങ്ങേണ്ടതിന്റെ ആവശ്യകത നയമി വൂൾഫ് എടുത്തുകാട്ടുന്നു.

നിസ്സഹായതയുടെ, മൂകതയുടെ, വേദനയുടെ, തോൽവിയുടെ ബിംബങ്ങളിൽ അഭിരമിക്കുന്ന ഒരു ഫെമിനിസമല്ല ഇന്നത്തെ കാലത്തിന് ആവശ്യം എന്നവർ പറയുന്നു. ധനസാക്ഷരത, അധികാരസാ

ക്ഷരത, ജയിക്കാനുള്ള അഭിനിവേശം എന്നിവയാണ് പുതിയസ്ത്രീക്ക് വേണ്ടത്. പുരുഷാധിപത്യത്തിന് പണത്തിന്റെയും വോട്ടിന്റേയും നാണംകെടുത്തലിന്റേയും സ്ഥൂലഭാഷ മാത്രമാണ് മനസ്സിലാവുക. അതിനോട് ആ ഭാഷയിൽ തന്നെ വേണം സംസാരിക്കാൻ. എന്നാൽ വളർച്ചയുടെ ഈ ഘട്ടത്തിൽ ഫെമിനിസം അതിൽത്തന്നെ കൂടുതൽ സൂക്ഷ്മമാവേണ്ടതുണ്ട്. ലളിതവൽക്കരണങ്ങൾക്കപ്പുറം പോയി കാര്യങ്ങളെ അവയുടെ സങ്കീർണ്ണതയിൽ മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്. എന്തുകൊണ്ട് സ്ത്രീകൾ ഫെമിനിസ്റ്റുകളാവാൻ മടിക്കുന്നു? ഫെമിനിസത്തിന്റെ ചില കടുംപിടുത്തങ്ങൾ അവരെ അകറ്റുന്നുണ്ടോ? അവരെ സ്വന്തം ചട്ടക്കൂട്ടിലേക്ക് ഒതുക്കാതെ, അവരുടെ ജീവിതങ്ങളിൽ നിന്ന് പഠിച്ച് സ്വയം സമൃദ്ധമാവുകയാണ് സ്ത്രീവാദം ചെയ്യേണ്ടത് എന്ന് ഈ എഴുത്തുകാരി വിശ്വസിക്കുന്നു.

എന്താണ് പവർ ഫെമിനിസം? അത് സന്തോഷത്തിലും ശക്തിയിലും അധിഷ്ഠിതമാണ്. അത് പ്രത്യയശാസ്ത്ര നിഷ്ഠകൾക്കു പകരം പ്രായോഗികതയിൽ വിശ്വസിക്കുന്നു. സ്ത്രീവാദത്തിന്റേതായാൽ പോലും സ്വയം തളച്ചിടാൻ സ്വതന്ത്രബുദ്ധിയുള്ള ഒരു സ്ത്രീയും തയ്യാറാകില്ല എന്ന സത്യം അത് ഉയർത്തിക്കാട്ടുന്നു.

**ബാല്യത്തിൽ പെൺകുട്ടികൾ ആൺകുട്ടികളോളം തന്നെ വന്യതയുള്ളവരാണ്. ശരിക്കും പുലിക്കുട്ടികൾ. ഡാർവീനിയൻ മൃഗങ്ങൾ. ധാർഷ്ട്യവും മത്സരബുദ്ധിയും അഹന്തയും വിജയാസക്തിയുമുള്ളവർ. എന്നാൽ പിന്നീടവയെല്ലാം ഒളിവിൽ പോകുന്നു. അവൾ ആശ്രിതത്വത്തിൽ സുഖം കാണാൻ പഠിക്കുന്നു.**

ബാല്യത്തിൽ പെൺകുട്ടികൾ ആൺകുട്ടികളോളം തന്നെ വന്യതയുള്ളവരാണ്. ശരിക്കും പുലിക്കുട്ടികൾ. ഡാർവീനിയൻ മൃഗങ്ങൾ. ധാർഷ്ട്യവും മത്സരബുദ്ധിയും അഹന്തയും വിജയാസക്തിയുമുള്ളവർ. എന്നാൽ പിന്നീടവയെല്ലാം ഒളിവിൽ പോകുന്നു. അവൾ ആശ്രിതത്വത്തിൽ സുഖം കാണാൻ പഠിക്കുന്നു. സംരക്ഷിക്കപ്പെടുമ്പോൾ ലഭിക്കുന്ന ശ്രദ്ധയും എന്നും കുട്ടിയായി കരുതപ്പെടുന്നതിലെ ഗൗരവരാഹിത്യവും ജീവിതത്തിൽ ഏറെ തെരഞ്ഞെടുപ്പുകളില്ലാത്തതിന്റെ ലാളിത്യവും അവൾ ആഗ്രഹങ്ങളായി കണ്ടുതുടങ്ങുന്നു. ഇവയെല്ലാം വേണ്ടെന്നുവെച്ചാലേ സ്വന്തം മനുഷ്യത്വം സാക്ഷാത്കരിക്കപ്പെടൂ എന്നവൾ തിരിച്ചറിയുന്നില്ല. തന്നിലെ ആ 'ചീത്തക്കുട്ടി' യെ അവൾ തിരിച്ചുപിടിക്കണം. തന്നിലെ കാട്ടുകുതിരയുടെ ഊർജ്ജത്തെ മുതിർന്ന സ്ത്രീയുടെ വിവേകം കൊണ്ട് നിയന്ത്രിച്ച് ജീവിതം സഫലമാക്കണം. ഇരയുടെ ഫെമിനിസം സ്ത്രീയെ നന്മയുടെ പ്രതീകവും പുരുഷനെ മൃഗസമാനനുമായി കാണുന്നു. എന്നാൽ സ്ത്രീയിലും പുരുഷനിലെന്ന പോലെ നന്മയും തിന്മയുമുണ്ട്. ദൈവവും ചെകുത്താനും ചേർന്ന ആ മനുഷ്യാവസ്ഥ ഇരുവരിലുമുണ്ട്.

എല്ലാ പുരുഷന്മാരും വേട്ടക്കാരോ, അവരുടെ ലിംഗങ്ങൾ തോക്കുകളോ അല്ല. സ്ത്രീപീഡനത്തെപ്പറ്റി ഇരയുടെ ഫെമിനിസം വാചാലമാകുന്നു. എന്നാൽ സ്ത്രീയുടെ ലൈംഗികാഭിലാഷത്തെ, അനുഭൂതികളെ പ്രകാശിപ്പിക്കുന്ന ഒരു ഭാഷ അത് സ്വായത്തമാക്കിയിട്ടുണ്ടോ? ഫെമിനിസ്റ്റ് ദൈവശാസ്ത്രജ്ഞയായ മേരിഡാലിയുടെ പ്രസംഗങ്ങളിൽ നുരയുന്ന പുരുഷവിദ്വേഷവും പാരുഷ്യവും കടുത്ത പരിഹാസവും അയാളെ വെറുക്കാനാഗ്രഹിക്കാത്ത ഏതൊരു സ്ത്രീയേയും വേദനിപ്പിക്കും എന്ന് വൂൾഫ്. ഒരു മനുഷ്യാവകാശപ്രസ്ഥാനം കൂടിയാണ് ഫെമിനിസം. ചില പുരുഷന്മാരുടെ തെറ്റായ ചെയ്തികളുടെ പേരിൽ പുരുഷരാശിയെ ഒന്നടങ്കം വെറുക്കുന്ന നിലയിലേക്ക് സ്ത്രീവാദം ചെന്നെത്തരുത്. ഫെമിനിസത്തിന്റെ ഒന്നാംതരംഗം പുരുഷന്മാരെ അകറ്റി നിർത്തിയിരുന്നില്ല. അവർ അന്ന് ശത്രുക്കളായിരുന്നില്ല. സാമൂഹ്യനീതിക്കുവേണ്ടിയുള്ള സ്ത്രീയുടെ സമരത്തിലെ പങ്കാളികളായിരുന്നു. ബലാൽസംഗത്തെ എതിർക്കുമ്പോൾ തന്നെ ലൈംഗി



നയമി വൂൾഫ്

കതയെ പുൽകുവാനും നമുക്ക് കഴിയണം. സ്ത്രീയുടെ ലൈംഗികതയെപ്പറ്റി ലോകം തെറ്റായ ആശയങ്ങൾ പ്രചരിപ്പിക്കുമ്പോൾ, സ്വന്തം ലൈംഗിക സത്യം എന്തെന്ന് സ്ത്രീകൾ ലോകത്തോട് പറയണം- വാക്കുകളിലൂടെ, മറ്റ് ആത്മാവിഷ്കാരങ്ങളിലൂടെ ഉഭയസമ്മതത്തോടെയുള്ള മുതിർന്ന സ്ത്രീപുരുഷന്മാരുടെ ലൈംഗികവേഴ്ചയിൽ പവർഫെമിനിസത്തിന് പരാതിയില്ല. ഭർത്താവിന്റെ പരസ്ത്രീഗമനത്തിൽ ഹിലരിക്ലിന്റൺ എടുത്ത നിലപാട് (അത് ഞങ്ങളുടെ വ്യക്തിപരമായ കാര്യം മാത്രമാണ് എന്നത്) ഒരു പവർഫെമിനിസ്റ്റ് നിലപാടായി നയമി വൂൾഫ് കാണുന്നു.

പണം ഉണ്ടാക്കുന്നത് മോശമാണ് എന്ന ചിന്ത അത്തരം കാര്യങ്ങൾ പറയുന്നത് വിലകുറഞ്ഞ ഏർപ്പാടാണ് എന്ന മനോഭാവം മതത്തിലും പരമ്പരാഗത ഇടതുപക്ഷത്തിലും ഉപരിവർഗസ്ത്രീകളിലും ഒക്കെ കാണാം. അതിനവർക്കുള്ള കാരണങ്ങൾ വ്യത്യസ്തമാണെങ്കിലും. എന്നാൽ സാമ്പത്തികസ്വാതന്ത്ര്യമാണ് സ്ത്രീക്ക് ഏറ്റവുമാദ്യം വേണ്ടത്. പണത്തെ നല്ല കാര്യങ്ങൾക്കുപയോഗിച്ച് സമൂഹമാറ്റത്തിനുള്ള ഉപകരണമാക്കാൻ കഴിയും. സ്വന്തം കഴിവുകളുടെ പേരിൽ തൊഴിലുടമയോട് വിലപേശുന്നത് മോശം സംഗതിയല്ല. അതൊരു രാഷ്ട്രീയ പ്രവൃത്തി തന്നെയാണ്.

സ്ത്രീയിലും ഉൽക്കർഷേച്ഛ ഉണ്ട്. ജനപ്രിയമായ ഹാർലെക്വിൻ റൊമാൻസുകൾ സ്ത്രീയുടെ സ്വന്തമായ ജീവിതവിജയത്തെക്കുറിച്ചുള്ള ഫാന്റസികൾക്ക് പ്രാധാന്യം കൊടുത്തു തുടങ്ങിയത് ഇത് മനസ്സിലാക്കിയിട്ടാണ്. മുൻപ് ഭർത്താക്കന്മാരിലൂടെ നേടിയിരുന്ന വിജയം ഒറ്റക്കു നേടാൻ ഇന്നത്തെ സ്ത്രീ കൊതിക്കുന്നു. പ്രശസ്തി, പണം, സ്ഥാനമാനങ്ങൾ എല്ലാം അവളും ആഗ്രഹിക്കുന്നു. ഇരയുടെ ഫെമിനിസം സ്ത്രീകളുടെ ആത്മത്യാഗത്തിനുള്ള കഴിവിനെപ്പറ്റി പറയുമ്പോൾ, അവളുടെ മഹത്വാകാംക്ഷയാണ് ത്രാണിയുടെ ഫെമിനിസം ചൂണ്ടിക്കാട്ടുന്നത്. സ്ത്രീ, സ്വന്തം സ്വാതന്ത്ര്യത്തേക്കാൾ ബന്ധങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതായി രണ്ടാംതരംഗപഠനങ്ങൾ പറയുന്നു. അതുകൊണ്ട് തന്നെ അവൾ സ്വയം നിർണയത്തേയും (antonomy) ഒറ്റക്കു നിൽക്കേണ്ടി വരുന്ന നേതൃസ്ഥാനങ്ങളേയും എന്തിന് തന്നോടടുപ്പമുള്ളവരിൽ അസൂയയുണർത്തുന്ന വിജയങ്ങളെപ്പോലും ഭയപ്പെടുന്നു? സ്വന്തം ഇച്ഛയെ ഇത്തരത്തിൽ അടിച്ചമർത്തുന്നവരാണ് മറ്റു സ്ത്രീകളുടെ നേട്ടങ്ങളെ ആഘോഷിക്കാൻ അശക്തകളായിത്തീരുന്നത്. ഈ വിധം സ്വയം തീർക്കുന്ന ചങ്ങലക്കെട്ടുകൾ അവൾ പൊട്ടിച്ചെറിയണം. അവൾ അധികാരത്തെ ഭയപ്പെടുന്നതിന്റെ ഒരു കാരണം അതിന്റെ ചീത്ത ഉപയോഗം മാത്രമേ പൊതുവേ ആണുങ്ങൾക്കിടയിൽ അവൾ കണ്ടിട്ടുള്ളൂ എന്നതാണ്. അതിനെ നീതിബോധത്തോടെയും മനസ്സിലെവിടെയും ഉപയോഗിക്കാനാവും എന്നവൾ മനസ്സിലാക്കണം. അതിനെ പാടേ നിരാകരിക്കുന്ന സ്വഭാവം തിരുത്തണം.

വ്യക്തിബന്ധങ്ങൾക്കു നൽകുന്ന അമിതപ്രാധാന്യം സ്ത്രീക്ക് സംഘടനാപ്രവർത്തനവും ബുദ്ധിമുട്ടുള്ളതാക്കുന്നു. ഒരു സംഘത്തിലെ ചില വ്യക്തികളെ ഇഷ്ടപ്പെടാൻ കഴിയാത്തതിനാൽ അതിൽ നിന്നവൾ അകലുന്നു. ഇതിനുപകരം, വ്യക്തിപരമായ അടുപ്പമില്ലാതെത്തന്നെ, പരസ്പരബഹുമാനത്തോടെയും വ്യത്യസ്തകളെ അംഗീകരിച്ചും ഒരു മഹത്തായ ലക്ഷ്യത്തിനു വേണ്ടി കൂട്ടായി പ്രവർത്തിക്കാനുള്ള ശേഷി സ്ത്രീകൾ ആർജ്ജിക്കണം.

മാദ്ധ്യമപൂരിതമായ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. മുഖ്യധാരാമാദ്ധ്യമങ്ങൾ ഫെമിനിസത്തെ പരിഹസിക്കുകയും വളച്ചൊടിക്കുകയും ചെയ്യും. ഫെമിനിസ്റ്റുകളെ തമസ്ക്കരിക്കും. ജനപ്രിയ മാധ്യമങ്ങളെയാകട്ടെ ഫെമിനിസ്റ്റുകൾക്ക് പുച്ഛമാണ്. വനിതാമാസികകളേയും സ്ത്രീയെക്കുറിച്ചുള്ള ടിവി, റേഡിയോ പരിപാടികളേയും അവർ ഒഴിവാക്കുന്നു. നമ്മുടെ അന്നന്നത്തെ ചരിത്രത്തിന്റെ നിർമ്മാതാക്കളാണ് മാധ്യമങ്ങൾ എന്ന് നിയമവൂൾഫ് അവയെ സമർത്ഥമായി ഉപയോഗിക്കുകയാണ്. അവയിൽ നിന്ന് വരേണ്യഭാവത്തിൽ മാറി നിൽക്കുകയല്ല പുതിയ ഫെമിനിസ്റ്റുകൾ ചെയ്യേണ്ടത്.

ജനാധിപത്യത്തെക്കുറിച്ചുള്ള ആശയങ്ങൾപോലെ തന്നെ ഫെമിനിസ്റ്റ് ചിന്തയും മനുഷ്യവർഗ്ഗത്തിന്റെ പൊതുസ്വത്താണ്. അവ സാധാരണജനങ്ങളിലേക്ക് സ്ത്രീകളിലേക്കും പുരുഷന്മാരിലേക്കും കിനിഞ്ഞിറങ്ങണം. സ്ത്രീവാദസിദ്ധാന്തം സാങ്കേതികപദ ജടിലമായ ഒരു ഭാഷയായി പരിണമിച്ചു അക്കാദമികലോകത്തേക്ക് പിൻവലിയുകയാണുണ്ടായത്. ഇത് ഒരു ദുരന്തമാണ്. ഫെമിനിസവും സാധാരണ സ്ത്രീകളും വ്യത്യസ്തഭാഷകൾ സംസാരിക്കുന്നവ

**സ്ത്രീയിലും ഉൽക്കർഷേച്ഛ ഉണ്ട്. ജനപ്രിയമായ ഹാർലെക്വിൻ റൊമാൻസുകൾ സ്ത്രീയുടെ സ്വന്തമായ ജീവിതവിജയത്തെക്കുറിച്ചുള്ള ഫാന്റസികൾക്ക് പ്രാധാന്യം കൊടുത്തു തുടങ്ങിയത് ഇത് മനസ്സിലാക്കിയിട്ടാണ്. മുൻപ് ഭർത്താക്കന്മാരിലൂടെ നേടിയിരുന്ന വിജയം ഒറ്റക്കു നേടാൻ ഇന്നത്തെ സ്ത്രീ കൊതിക്കുന്നു. പ്രശസ്തി, പണം, സ്ഥാനമാനങ്ങൾ എല്ലാം അവളും ആഗ്രഹിക്കുന്നു.**

രായിത്തീരുന്നു എന്ന ദുരന്തം.

സ്ത്രീയുടെ വൈകാരികതയിലാണ് ഇരയുടെ ഫെമിനിസം ഊന്നുന്നത്. എന്നാൽ അവളുടെ യുക്തിബോധവും വൈകാരികതപോലെ തന്നെ പരിപോഷിപ്പിക്കപ്പെടണം. ചിട്ടയായും വ്യക്തമായും കൃത്യമായും ചിന്തിക്കാൻ പെൺകുട്ടികൾ പരിശീലിക്കണം. പൊതുകാര്യങ്ങളിൽ അമൂർത്തചിന്തക്കാണ് പ്രസക്തി (abstract thinking) Either/or (അത് / അല്ലെങ്കിൽ ഇത്) എന്ന ചിന്ത മനസ്സിന്റെ വറുതിയാണ് കാണിക്കുന്നത്. Both/and (അതും / ഇതും) എന്ന ചിന്താരീതിയാകട്ടെ അതിന്റെ സമൃദ്ധിയെ സൂചിപ്പിക്കുന്നു. ഉദാഹരണത്തിന് ഗർഭഛിദ്രത്തിനുള്ള അവകാശത്തിനുവേണ്ടി വാദിക്കുമ്പോൾത്തന്നെ, അത് കഴിയുന്നത്ര ഒഴിവാക്കാൻ ശ്രമിക്കുന്നു. ഉത്തരവാദിത്വബോധത്തോടെയുള്ള ഇണചേരലിനെപ്പറ്റിയും നമ്മൾ സംസാരിക്കണം.

നമുക്ക് മനസ്സും, ആത്മാവും പലതരം വിശപ്പുകളുടെ ഇടമായ ശരീരവും എല്ലാമുള്ള, ത്രിമാനങ്ങളുള്ള സ്ത്രീകൾ ആകേണ്ടതുണ്ട്. സ്ത്രീപീഡനത്തേയും പുരുഷാധിപത്യ പ്രവണതകളേയും പറ്റി മാത്രം ചർച്ച ചെയ്ത് സ്വല്പം ഇരുണ്ടു പോകുന്നുണ്ടോ ഫെമിനിസം? ഫെമിനിസ്റ്റ് ബുദ്ധിജീവികൾ നിസ്സാരമായിക്കാണുന്ന വനിതാമാസികകളിലെ ശുഭപ്രതീക്ഷയും സ്വയംസഹായ സംഘങ്ങളുടെ (self-help groups) മാറ്റത്തിലുള്ള അചഞ്ചലവിശ്വാസവും ഒരു വശത്ത്; ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ വ്യക്തമായ രാഷ്ട്രീയവിശകലനങ്ങളും ഫെമിനിസ്റ്റ് സംഘടനകളുടെ പ്രവർത്തനമികവും മറുവശത്ത്. ഇങ്ങനെ ചേരിതിരിയാതെ, ഇവയെല്ലാം ഒന്നിച്ച് ഒരു പുഴപോലെ ഒഴുകുമ്പോഴേ കൂടുതൽ സ്ത്രീകളെ ആകർഷിക്കാൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിനു സാധ്യമാകൂ എന്ന ബോധ്യവും നയമി വൂൾഫിന്റെ പവർ ഫെമിനിസം മുന്നോട്ടു വെക്കുന്നു.

പുസ്തകത്തിൽ നിന്ന് :

'നമ്മൾ പ്രായമുള്ള സ്ത്രീകളാണെങ്കിൽ, ചെറുപ്പക്കാരികൾ എല്ലാം എളുപ്പം തട്ടിയെടുക്കുമെന്ന നമ്മുടെ പേടിയെ പുനഃപരിശോധിക്കുക; നമ്മൾ യുവതികളാണെങ്കിൽ നമ്മുടെ പാത സുഗമമാക്കിയ മുതിർന്ന സ്ത്രീകൾക്ക് അവർ അർഹിക്കുന്ന ബഹുമാനം നൽകുക.' ●

Book : Fire with Fire, Author : Naomi Wolf, Publisher : Vintage Books, Random House, London Year of publication : 1994, first published : 1993



**അസ്മ ഷെറിൻ**
**വിദ്യാർത്ഥിനി,**
GGHS വണ്ടൂർ

വീടും സ്കൂളും മാത്രമായിരുന്ന ബാല്യവും സുഹൃദ് വലയത്തിൽ തീർത്ത കൗമാരവും കടന്നെങ്കിലും പഠനഭാരം ചുമലിലേററുന്നതിനിടയിൽ എനിക്കു കിട്ടാതെ പോയത് കായികവിനോദത്തിനുള്ള അവസരങ്ങളാണ്.

പകൽ സ്കൂളും രാത്രിയിലെ മദ്രസയും ജീവിതത്തെ തിരക്കുള്ളതാക്കിയപ്പോൾ സ്കൂളിലെ ഇന്റർവെൽ സമയം മാത്രമായിരുന്നു ഏകാശ്വാസം.

"പാവാട പൊങ്ങും. ആൺകുട്ടികൾ കാണും " മുതലായ അധ്യാപകരുടെ ശാസനകൾക്ക് മുന്നിൽ കരിഞ്ഞു പോയി പലപ്പോഴും കളിക്കാനുള്ള ആവേശം. പി.ടി.പിരീഡിൽ ആൺകുട്ടികൾ ഫുട്ബോൾ കളിക്കുന്നത് പെൺകുട്ടികൾ കൊതിയോടെ നോക്കുമായിരുന്നെങ്കിലും അവർ സിനിമാകഥയിലും വീട്ടുവിശേഷത്തിലും ഒതുങ്ങിക്കൂടി. പഠനഭാരത്താലും മതപരമായ കാരണത്താലും വ്യായാമം വഴിമുട്ടിയപ്പോൾ എനിക്ക് കിട്ടിയ സമ്മാനമാണ് അസുഖപരമ്പര. പണത്തിനോ പ്രശസ്തിക്കോ അല്ല, ആരോഗ്യത്തിന് വേണ്ടിയെങ്കിലും ഒന്ന് കളിക്കാൻ കഴിയേണ്ടതുണ്ട് പെൺകുട്ടികൾക്ക്. കായികമേഖലയെ പാഠ്യേതര വിഷയമായല്ല പാഠ്യവിഷയമായാണ് പരിഗണിക്കേണത്. എന്നാൽ മാത്രമേ ആരോഗ്യമുള്ള തലമുറയുണ്ടാകൂ...



# ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ്

**സ്കൂളിന്റെ പ്രവർത്തനങ്ങളിൽ കൂടി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വരുന്നതിന് പകരം കുട്ടികളെ പരിശീലിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിഞ്ഞാൽ ഇനിയും മികച്ച ഫലങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നും പി ടി ഉഷ പറയുന്നു.**



അത്‌ലറ്റിക്സിൽ ഭാവി വാഗ്ദാനങ്ങളെ രൂപപ്പെടുത്തിയെടുക്കാൻ ഉഷ ആരംഭിച്ച പദ്ധതിയാണ് ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ്. ഇരുപതുകോടി ഇന്ത്യൻ രൂപ മുടക്കിയാണ് ഈ വിദ്യാലയം ഉഷ ആരംഭിച്ചത്. അത്യാധുനിക സൗകര്യങ്ങളുള്ള ഒരു കായികവിദ്യാലയം ആണ് ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ്.കേരളസർക്കാർ ഉഷയുടെ ഈ സംരംഭത്തിന് മുപ്പത് ഏക്കർ സ്ഥലവും, പതിനഞ്ച് ലക്ഷം ഇന്ത്യൻ രൂപയും വാഗ്ദാനം ചെയ്തിരുന്നു. 50 കുട്ടികൾക്കു താമസിച്ചു പഠിക്കാവുന്ന സൗകര്യങ്ങൾ നിലവിൽ ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിൽ ഉണ്ട്. ടിന്റു ലൂക്കയെപ്പോലുള്ള അന്താരാഷ്ട്ര താരങ്ങൾ പിറവിയെടുത്തത് ഈ കായിക വിദ്യാലയത്തിൽ നിന്നുമാണ്.

അത്‌ലറ്റിക്സിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നവർ കൂടി ഉൾപ്പെടുന്ന നിരവധി പ്രഗത്ഭ കായിക താരങ്ങളെ വാർത്തെടുക്കുന്ന ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന് അധികാരികളിൽ നിന്ന്ഉൾപ്പെടെ വലിയ സഹായങ്ങൾ ലഭിച്ചിട്ടില്ല. സ്പോൺസർമാരെ കണ്ടെത്താൻ പോലും പ്രയാസം നേരിട്ടിട്ടും അത്‌ലറ്റിക്സ് രംഗത്ത് വലിയ താര നിരയെ സൃഷ്ടിക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. ടിന്റു ലൂക്ക, ജസി ജോസഫ്, ഷഹർബാൻ സിദ്ദീഖ്, ജിസ്ന മാത്യു, ശിൽപ, അശ്വതി മോഹൻ തുടങ്ങിയവർ ഈ രംഗത്തെ മുൻനിരക്കാരാണ്.

സർക്കാരിന്റേയും കായിക പ്രേമികളുടേയും പിന്തുണ ലഭിക്കുകയാണെങ്കിൽ കായിക താരങ്ങൾക്ക് അത് ഗുണം ചെയ്യുമെന്ന് പി ടി ഉഷ പറയുന്നു. ഉഷ സ്കൂളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഒരു കുട്ടിയുടെ ആദ്യ ചെലവുകൾ പോലും ഒരു ലക്ഷം രൂപയിലാണ് തുടങ്ങുന്നത്. സ്കൂളിന്റെ പ്രവർത്തനങ്ങളിൽ കൂടി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വരുന്നതിന് പകരം കുട്ടികളെ പരിശീലിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിഞ്ഞാൽ ഇനിയും മികച്ച ഫലങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നും പി ടി ഉഷ പറയുന്നു.



ഗുജറാത്തിലെ ബറോഡയിൽ പരിശീലന കേന്ദ്രം തുടങ്ങാൻ സ്പോറ്റ്സ് അതോറിറ്റി ഓഫ് ഗുജറാത്തുമായി പിടി ഉഷ ധാരണയിൽ എത്തി. ഒരു പാട് കായിക താരങ്ങളെ  വളർത്തിയെടുത്ത പി ടി ഉഷയെ സംസ്ഥാനത്തിന്റെ കായിക വികസനം ലക്ഷ്യമിട്ടാണ് സർക്കാർ ക്ഷണിച്ചിരിക്കുന്നത്.

കേരളത്തിന്റെ ഉഷാ സ്കൂളിന്റെ മാതൃകയിൽ ബറോഡയിൽ അത്‌ലറ്റിക് കേന്ദ്രം തുടങ്ങാനാണ് പദ്ധതി. സ്പോർട്സ് അതോറിറ്റി ഓഫ് ഗുജറാത്ത് ഡയറക്ടർ സതീഷ് പ്രധാനുമായി ധാരണപത്രം ഒപ്പിടാൻ തീരുമാനിച്ചതായി പിടി ഉഷ അറിയിച്ചു.  ബറോഡയിൽ പിടി ഉഷയുടെ നേതൃത്വത്തിൽ സെലക്ഷൻ ട്രയൽ നടക്കും. 30 കുട്ടികൾക്കാണ് ആദ്യ ഘട്ടത്തിൽ പ്രവേശനം. പിന്നീട് 40 കുട്ടികൾ വരെ പ്രവേശനം. ●

പെൺപക്ഷം



അജിത കെ.

# പിണറായി മന്ത്രിസഭ അധികാരമേറ്റപ്പോൾ

ഇത്തവണത്തെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലങ്ങൾ എന്തുകൊണ്ടും ഒരാശ്വാസമായിരുന്നു. കേരളത്തിലെ ജനങ്ങൾ ഒരു മുന്നണിക്കും തുടർച്ചയായ ഭരണം നൽകില്ലായെന്ന രീതി ഇത്തവണയും തുടർന്നു. അഴിമതിക്കഥകളിൽ അങ്ങേയറ്റം പുഴുത്തു നാറിയ യു.ഡി.എഫ് ഭരണം, എത്ര ആരോപണങ്ങളുണ്ടായാലും അധികാരത്തിൽ കടിച്ചു തൂങ്ങുന്ന കീഴ്‌വഴക്കം സൃഷ്ടിച്ചുകൊണ്ട് ജനാധിപത്യവിരുദ്ധമായ രീതിയിലാണ് മുന്നോട്ട് പോയത്. അതിനു തക്കതായ ശിക്ഷ കിട്ടി. ഇതിനിടയിൽ ബി.ജെ.പി അക്കൗണ്ട് തുറന്നു. തീർച്ചയായും സംസ്ഥാനത്ത് ഹിന്ദുമത വർഗ്ഗീയത ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ ആപത് സൂചനയാണിത്. യഥാർത്ഥ ഇടതുപക്ഷശക്തികൾ ഗൗരവത്തോടെ സമീപിക്കേണ്ട ഒരു വിഷയമാണിത്.



വൻ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്ന പിണറായി മന്ത്രിസഭയുടെ തുടക്കം മാറ്റത്തിന്റെ പ്രതീക്ഷ നൽകുന്നതാണ്. ഇ.പി.ജയരാജൻ, കടകംപള്ളി സുരേന്ദ്രൻ തുടങ്ങിയ വിവാദനേതാക്കളുണ്ടെങ്കിലും, പുതുമുഖങ്ങളേറെയുണ്ട്. സ്ത്രീകൾ രണ്ടുപേരുണ്ട്. സി.പി.ഐക്ക് മൂന്ന് സ്ത്രീ

**അഴിമതിക്കഥകളിൽ അങ്ങേയറ്റം പുഴുത്തു നാറിയ യു.ഡി.എഫ് ഭരണം, എത്ര ആരോപണങ്ങളുണ്ടായാലും അധികാരത്തിൽ കടിച്ചു തൂങ്ങുന്ന കീഴ്‌വഴക്കം സൃഷ്ടിച്ചുകൊണ്ട് ജനാധിപത്യവിരുദ്ധമായ രീതിയിലാണ് മുന്നോട്ട് പോയത്.**

എം.എൽ.എമ്മാരുണ്ടെങ്കിലും ഒരാളെയെങ്കിലും മന്ത്രിസ്ഥാനത്തേക്ക് നിർദ്ദേശിക്കാൻ അവർ തയ്യാറായില്ല. പാരമ്പര്യം അവരും വിട്ടു കളിച്ചില്ല.

സാമൂഹ്യനീതി വകുപ്പിന്റെ മന്ത്രി വർഷങ്ങളോളം പ്രവർത്തനപാരമ്പര്യമുള്ള ശൈലജ ടീച്ചറാണ്. എൽ.ഡി.എഫിന്റെ പ്രകടനപത്രികയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ഒരു പ്രത്യേക വകുപ്പ് കൊണ്ടുവരുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അതടുത്ത് തന്നെ രൂപീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാം. സാമൂഹ്യനീതി- സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനു വേണ്ടിയുള്ള വകുപ്പ് മറ്റെല്ലാ വകുപ്പുകളെയും പോലെത്തന്നെ ഒന്നാംകിട പദവി നൽകപ്പെടേണ്ട വകുപ്പാണെന്നാണ് എന്റെ പക്ഷം. നിലവിൽ അത് രണ്ടാംകിട പദവിയിലാണ് വാഴിക്കപ്പെടുന്നത്.

**ഐ.എ.എസ്.– ഐ.പി.എസ് തലത്തിലും മാറ്റങ്ങളുണ്ടായി. അഴിമതിക്കെതിരെ കഴിഞ്ഞ ഭരണകാലത്ത് വിട്ടുവീഴ്ചയില്ലാതെ പോരാടിയ ജേക്കബ് തോമസിന് വിജിലൻസ് ഡയറക്ടറായി സ്ഥാനം ലഭിച്ചു വെന്നത് ആവശ്യമായിരുന്നു. ഈ മാറ്റങ്ങളൊക്കെയും ഗുണകരമാണോ എന്ന് കാലക്രമേണ തെളിയിക്കപ്പെടേണ്ടതാണ്.**



ഐ.എ.എസ്.- ഐ.പി.എസ് തലത്തിലും മാറ്റങ്ങളുണ്ടായി. അഴിമതിക്കെതിരെ കഴിഞ്ഞ ഭരണകാലത്ത് വിട്ടുവീഴ്ചയില്ലാതെ പോരാടിയ ജേക്കബ് തോമസിന് വിജിലൻസ് ഡയറക്ടറായി സ്ഥാനം ലഭിച്ചു വെന്നത് ആവശ്യമായിരുന്നു. ഈ മാറ്റങ്ങളൊക്കെയും ഗുണകരമാണോ എന്ന് കാലക്രമേണ തെളിയിക്കപ്പെടേണ്ടതാണ്.

സഖാവ് വി.എസ്.അച്യുതാനന്ദന് അർഹമായ ഒരു പദവിയും നൽകിയില്ല എന്നത് പുത്തരിയിൽ കല്ലുകടിക്കുന്നത് പോലെയായി. 92-ാം വയസ്സിൽ അദ്ദേഹത്തിന്റെ എല്ലാ കഴിവുകളും ഊർജ്ജവും പാർട്ടിയുടെയും മുന്നണിയുടെയും ജയത്തിനു വേണ്ടി ഉപയോഗിച്ച ശേഷം ഇപ്രകാരം അവഗണിക്കുന്ന കാഴ്ച പ്രതിഷേധാർഹവും വേദനാജനകവുമാണെന്ന് പറയാതെ വയ്യ. മാത്രമല്ല, അതിരപ്പിള്ളി-മുല്ലപ്പെരിയാർ വിഷയത്തിൽ അധികാരമേറ്റ് അഞ്ചു ദിവസങ്ങൾക്കുള്ളിൽ തികച്ചും ജനവിരുദ്ധമായ ഒരു നിലപാട് പ്രഖ്യാപിച്ചു കൊണ്ട് മുഖ്യമന്ത്രി പൊതുവെ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. ജലവൈദ്യുതി കൂടാതെ മറ്റു ഊർജ്ജസ്രോതസ്സുകളെക്കുറിച്ച് സജീവചർച്ച നടക്കുന്ന ഇക്കാലത്ത് ഇത്തരം ജനവിരുദ്ധനിലപാടുകളിൽ നിന്ന് പിന്തിരിയേണ്ടതല്ലേ? ചുളുവിൽ ആണവോർജ്ജവും കൊണ്ടുവരാനുള്ള ഗൂഢപദ്ധതി വല്ലതുമുണ്ടോ? ●

അഭിമുഖം



ചാരുലത



# എന്നും സഖാവായിത്തന്നെ ജീവിതം; മീനാക്ഷിതമ്പാൻ

ഒരു കാലത്തെ കേരളരാഷ്ട്രീയത്തിലെ നിറസാന്നിദ്ധ്യമായിരുന്നു പ്രൊഫ. മീനാക്ഷിതമ്പാൻ. 10 വർഷക്കാലം കേരളനിയമസഭയിലെ സാമാജികയായി പ്രവർത്തിച്ചിരുന്നു. ശ്രീമതി മീനാക്ഷി തമ്പാൻ കേരള നിയമസഭയിലവതരിപ്പിച്ച സ്വകാര്യബിൽ സർക്കാർ ഔദ്യോഗിക ബില്ലായി പരിഗണിച്ച് അവതരിപ്പിച്ചു. സ്ത്രീകളുടെ അവകാശങ്ങൾ ആരും നൽകേണ്ട ഔദാര്യമല്ലെന്ന് ഉറച്ചു വിശ്വസിക്കുകയും അതിനു വേണ്ടി ശബ്ദമുയർത്തുകയും ചെയ്തു. ചില ആരോഗ്യപ്രശ്നങ്ങളാൽ ടീച്ചർ പൊതുരംഗത്ത് ഇന്ന് സജീവമല്ല. ഇപ്പോൾ ഓർക്കേണ്ടതു പലതും ഓർമ്മയിൽ നിന്ന് മറഞ്ഞു പോകുന്നുവെന്നും ഓർമ്മിക്കേണ്ടാത്തതു പലതും ഓർമ്മയിൽ തങ്ങി നിൽക്കുന്നു എന്നും ടീച്ചർ പറയുന്നു. താനൊന്നും നേടിയിട്ടില്ലെന്നും ഒന്നും നേടേണ്ടതില്ലെന്നും വിശ്വസിക്കുന്ന മീനക്ഷി ടീച്ചർക്കൊപ്പം കുറച്ചു നേരം...

*ഓരോരുത്തരുടേയും ലഭിച്ച കുടുംബപശ്ചാത്തലവും കാലഘട്ടവും അവസരങ്ങളും... ഇതെല്ലാം ഒരാളിൽ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും ഉണ്ടാക്കുന്നു. 1941ൽ പാലക്കാട് ജില്ലയിലെ ഒരു സമ്പന്നകുടുംബമായ പാറക്കൽ തറവാട്ടിൽ ജനിച്ച മീനാക്ഷി എങ്ങനെയാണ് വിപ്ലവത്തിന്റെ പാതയിലേക്ക് വന്നത്?*

രാഷ്ട്രീയമില്ലാതെ എനിക്കോ എന്റെ വീട്ടിലെ മറ്റാർക്കെങ്കിലോ ജീവിക്കാൻ അന്നും ഇന്നും പറ്റുമായിരുന്നില്ല. എന്നുപറഞ്ഞാൽ രാഷ്ട്രീയത്തിലേക്ക് യാദൃശ്ചികമായി വന്നു വീഴുകയായിരുന്നില്ല ഞാൻ. വലിയൊരു തറവാടായിരുന്നു പാറക്കൽ. Distribution of wealth ഇല്ലായിരുന്നുവെങ്കിലും മറ്റു തരത്തിലുള്ള പല പോസിറ്റീവ്സും അന്നുണ്ടായിരുന്നു. എന്റെ അമ്മമ്മ പാ

റയ്ക്കൽ ഗൗരിയമ്മ ഒരു പോരാട്ടം നയിക്കാൻ പ്രാപ്തയായ സ്ത്രീയായിരുന്നു. ആദ്യകാലത്തെ സ്ത്രീവിമോചനത്തെക്കുറിച്ചോ സ്ത്രീപങ്കാളിത്തത്തെക്കുറിച്ചോ എഴുതുകയാണെങ്കിൽ അവരെ അറിയാതെ എഴുതാൻ വയ്യ. അക്കാലത്ത് അങ്ങനെയുള്ള സ്ത്രീപ്രവർത്തനങ്ങൾ എന്തെങ്കിലുമുണ്ടാവുകയാണെങ്കിൽ പാറയ്ക്കൽ വരുക പതിവായിരുന്നു. വളരെ മൗലികമായ അഭിപ്രായങ്ങളാണ് അക്കാലത്തു പോലും അവർ പറഞ്ഞിരുന്നത്. ലളിതമായ ജീവിതരീതികളായിരുന്നു അവരുടേത്. ഖാദിയാണ് ഉടുത്തിരുന്നത്. ആഭരണങ്ങൾ ഒന്നും തന്നെ അണിഞ്ഞിരുന്നില്ല. എന്റെ അമ്മാവൻ ബാലചന്ദ്രമേനോൻ (ഏട്ടമ്മാമ എന്നാണ് ഞങ്ങൾ വിളിച്ചിരുന്നത്.) കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചിരുന്ന ആ കാലത്തെ കമ്മ്യൂണിസ്റ്റായിരുന്നു. അന്നെല്ലാം അദ്ദേഹം ഒളിവിലായിരുന്നു. ചില രാത്രികളിൽ അമ്മമ്മയെ കാണാൻ വന്നിരുന്നു. അങ്ങനെ ഒരു രാത്രി ഏട്ടമ്മാമ വീട്ടിലുള്ളപ്പോൾ പോലീസ് വീടു വളഞ്ഞു. രക്ഷപ്പെടാൻ ഒരു പഴുതുമില്ലാതിരുന്ന അദ്ദേഹം പോലീസിനു കീഴടങ്ങി. ഇന്നും അദ്ദേഹത്തെ കുറിച്ചോർക്കുമ്പോൾ അഭിമാനമാണ് തോന്നുന്നത്. പലപ്പോഴും പറച്ചിലിൽ മാത്രമായി പോവുന്നതും പിൻതുടരാൻ പ്രയാസമുള്ളതുമായ വഴിയിലൂടെയാണ് അദ്ദേഹം സഞ്ചരിച്ചിരുന്നത്.

*മഞ്ചേരി ഗവ.സ്കൂളിൽ ആയിരുന്നു സ്കൂൾ വിദ്യാഭ്യാസം. പാലക്കാട് വിക്ടോറിയ കോളേജിൽ കോളേജ് വിദ്യാഭ്യാസം. ആ കാലഘട്ടത്തെക്കുറിച്ച് പറയാൻ കഴിയുമോ?*

അതെ; വളരെ കുറച്ചു കുട്ടികൾ മാത്രമേ അന്ന് ക്ലാസ്സിൽ ഉണ്ടായിരുന്നുള്ളൂ. ചിലവേറിയ ഒരു കാര്യമായിരുന്നു അന്ന് വിദ്യാഭ്യാസം. ഇന്നും അതേ, പക്ഷേ ഇത്രയധികം പണം അന്ന് സമൂഹത്തിന് ഉണ്ടായിരുന്നില്ല. കോളേജ് വിദ്യാഭ്യാസകാലത്ത് ഒന്നാന്തരം ബാഡ്മിന്റൺ കളിക്കാരിയായിരുന്നു ഞാൻ. ക്ലാസ്സ് റൂമിലിരിക്കുമ്പോഴും എന്റെ മനസ്സ് കളിക്കളത്തിൽ ആയിരിക്കും. വെറുതെ ഇരിക്കുമ്പോഴും എങ്ങനെ ഡിഫന്റ് ചെയ്യാം എന്നായിരിക്കും ആലോചന. നല്ല ഹെൽത്തി ആയിരുന്നു ഞാൻ അന്നെല്ലാം. സ്പോർട്സുമായി ബന്ധപ്പെട്ട് തൃശൂരിൽ എന്തെല്ലാമുണ്ടാകുമോ, സംശയം വേണ്ട അതിലെല്ലാം ഞാനുമുണ്ടാകുമായിരുന്നു. 'മീനാക്ഷിയുണ്ടല്ലോ' എന്നത് ഒപ്പമുള്ളവരുടെ ആശ്വാസവും സന്തോഷവുമായിരുന്നു. ഇന്നുമതിനെക്കുറിച്ചോർക്കുമ്പോൾ വലിയ സന്തോഷമാണ് ഉണ്ടാകുന്നത്. പ്ലേഗ്രൗണ്ട് കണ്ടാൽ ഇന്നും എനിക്ക് വല്ലാത്തൊരു ആവേശമാണ്. കേരളവർമ്മ കോളേജിലാണ് ആദ്യം പഠിച്ചത്. അവിടെ നിന്നുമാണ് പിന്നീട് വിക്ടോറിയയിലേക്ക് വരുന്നത്.

**കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചിരുന്ന ആ കാലത്തെ കമ്മ്യൂണിസ്റ്റായിരുന്നു. അന്നെല്ലാം അദ്ദേഹം ഒളിവിലായിരുന്നു. ചില രാത്രികളിൽ അമ്മമ്മയെ കാണാൻ വന്നിരുന്നു. അങ്ങനെ ഒരു രാത്രി ഏട്ടമ്മാമ വീട്ടിലുള്ളപ്പോൾ പോലീസ് വീടുവളഞ്ഞു. രക്ഷപ്പെടാൻ ഒരു പഴുതുമില്ലാതിരുന്ന അദ്ദേഹം പോലീസിനു കീഴടങ്ങി. ഇന്നും അദ്ദേഹത്തെ കുറിച്ചോർക്കുമ്പോൾ അഭിമാനമാണ് തോന്നുന്നത്.**



*വിവാഹം?*

വക്കീലായിരുന്നു അദ്ദേഹം. (അഡ്വ.തമ്പാൻ) അമ്മാവന്റെ മകനായിരുന്നു. ഓർമ്മയുള്ള കാലം മുതൽ അദ്ദേഹം ഒപ്പമുണ്ടായിരുന്നു. വിവാഹമെന്നു പറഞ്ഞ് അന്ന് വലിയ ആർഭാടമൊന്നുമുണ്ടായില്ല. അഭിഭാഷകനെന്ന നിലയിൽ ഒരു സമർപ്പിത ജീവിതമായിരുന്നു സഖാവിന്റേത്. അടിച്ചമർത്തപ്പെട്ടവരുടെ പോരാട്ടങ്ങൾക്കുമുമ്പിൽ എക്കാലത്തും സഖാവ് ഉണ്ടാവുമായിരുന്നു.

*1987ൽ കരുണാകരനോട് പരാജയപ്പെട്ടു. 1991ലും 96ലും 9 ഉം 10 ഉം കേരളനിയമസഭയിലേക്ക് കൊടുങ്ങല്ലൂരിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടു. ആ കാലഘട്ടത്തിന്റെ ഓർമ്മകൾ എങ്ങനെയാണ്?*

അന്ന് , ഏറ്റവുമധികം ശ്രദ്ധിക്കപ്പെട്ട നിയോജകമണ്ഡലമായിരുന്നു മാള. കരുണാകരൻ തോറ്റുപോകുമെന്നാണ് അന്ന് വിചാരിച്ചിരുന്നത്. 'അടിച്ചാലും പൊന്നുകൊണ്ടുള്ള അടിയല്ലേ' (ചിരിക്കുന്നു) എന്ന് അന്ന് കരുണാകരൻ പറഞ്ഞതായി ഓർക്കുന്നു. പക്ഷേ, അയ്യായിരം വോട്ടിന് കരുണാകരനോട് തോല്ക്കുകയായിരുന്നു. മാളയിലെ ഇലക്ഷൻ പിടിച്ചു കുലുക്കിയ ഒന്നായിരുന്നു. തൃശൂർ ലോക്സഭാ സീറ്റിൽ എ.കെ.ആന്റണിക്കെതിരെയും മത്സരിച്ചിട്ടുണ്ട്. പക്ഷേ വിജയിക്കാൻ ആയില്ല.

*2011ൽ ഉമേഷ് ചള്ളിയിലിനോട് പരാജയപ്പെട്ടതിനു ശേഷം ടീച്ചർ പൊതുരംഗത്ത് സജീവമല്ലാതായോ? ജയിക്കുമെന്ന അമിതവിശ്വാസമായിരുന്നില്ലേ ആ പരാജയത്തിനു കാരണം?*

തീർച്ചയായും; നോമിനേഷൻ കൊടുത്തു കഴിഞ്ഞപ്പോൾ തന്നെ മീനാക്ഷി തമ്പാൻ 'ഇത്ര' വോട്ടിന് ജയിച്ചു കഴിഞ്ഞു എന്നാണ് അന്ന് പലരും പറഞ്ഞിരുന്നത്. സത്യം പറഞ്ഞാൽ ഒരു മത്സരാർത്ഥിയായിട്ട് എനിക്ക് തന്നെ തോന്നിയിരുന്നില്ല, മത്സരത്തിനു വേണ്ടിയുള്ള ഒരു പ്രവർത്തനവും അന്ന് നടത്തിയിട്ടുമില്ല. 'മീനാക്ഷി തമ്പാൻ അല്ലേ, ജയിക്കും' എന്ന അതിരുകവിഞ്ഞ ഒരു വിശ്വാസം ഞാൻ ഉൾപ്പെടെ എല്ലാവർക്കും ഉണ്ടായിരുന്നു

*1996ൽ ഒരു സുപ്രധാന ബില്ല് നിയമസഭയിൽ ടീച്ചർ അവതരിപ്പിച്ചു. എന്തായിരുന്നു അത്?*

വിവാഹിതയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, തക്കതായ കാരണങ്ങളാൽ പിരിഞ്ഞു ജീവിക്കുന്നതോ ആയ ഭാര്യക്ക് ഭർത്താവിൽ നിന്നും നിശ്ചയിച്ചിരുന്ന സംരക്ഷണച്ചിലവ് 500 രൂപയായിരുന്നു. ഇതിൽ യാതൊരു യുക്തിയില്ലെന്നും അതിനാൽ ഈ തുക വർദ്ധിപ്പിക്കണമെന്നുമാണ് ബില്ലിൽ പറയുന്നത്. ഭർത്താവ് മാസം തോറും കൊടുക്കേണ്ട സംരക്ഷണച്ചെലവ് നിശ്ചയിക്കുമ്പോൾ ഭക്ഷണം, വസ്ത്രം, വീട്, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവമാത്രമല്ല ഭാവിയിൽ സംഭവിച്ചേക്കാവുന്ന അത്യാഹിതങ്ങളടക്കം പരിഗണിച്ചുകൊണ്ടു വേണം സംരക്ഷണച്ചെലവ് നിശ്ചയിക്കേണ്ടതെന്ന ഒരു കേരള അമന്റ്മെന്റ് ആണ് ഞാൻ അന്ന് നിയമസഭയിൽ അവതരിപ്പിച്ചത്.

കാലമെത്ര കഴിഞ്ഞു. എന്തെല്ലാം മാറ്റങ്ങൾ വന്നു ഇന്നും ആ ബില്ല് പാസ്സായിട്ടില്ല എന്നാണ് തോന്നുന്നത്.

*കോഴിക്കോട് ഐസ്ക്രീം പാർലർ കേസ് നിയമസഭ സമിതിയുടെ അന്വേഷണം അവസാനിപ്പിക്കണം എന്നാവശ്യപ്പെട്ട് കുഞ്ഞാലിക്കുട്ടി സമീപിച്ചിരുന്നു എന്ന് ടീച്ചർ പറഞ്ഞിരുന്നു. ശരിയാണോ?*

ശരിയാണ്. രണ്ടുപ്രാവശ്യം വന്നിരുന്നു. ഇത്രയൊക്കെയായില്ലേ. ഇനി ഇത് നീട്ടിക്കൊണ്ടു പോകണോ എന്നാണ് ചോദിച്ചത്. അപ്പോൾ ഞാൻ പറഞ്ഞു "This is not my decision that which i can take alone, and there is evident proof that u have done this"

*ഗൗരിയമ്മയും വി.എസ്സും ഒക്കെ ഉണ്ടായിരുന്ന മന്ത്രിസഭയായിരുന്നില്ലേ അത്. എന്തായിരുന്നു നിലപാട്?*

ഗൗരിയമ്മയ്ക്ക് വലിയ താല്പര്യമില്ലായിരുന്നു. വി.എസും അപ്പോഴൊന്നും പറഞ്ഞിരുന്നില്ല. പാർട്ടിയുടെ നിലപാടിനനുസരിച്ച് നിൽക്കുകയായിരുന്നു അവരെല്ലാം.

*എന്തായിരുന്നു പാർട്ടിയുടെ നിലപാട്?*

അനുകൂലമായി ആരും ഒന്നും പറഞ്ഞില്ല.

*ടീച്ചറെ ആ സംഭവം വല്ലാതെ ബാധിച്ചിരുന്നു അല്ലേ?*

ബാധിച്ചിട്ടുണ്ട്.... കഠിനമായി ബാധിച്ചു. ഞാൻ ആരോടും അധികം സംസാരിക്കാതെയായി. അർത്ഥമില്ലാത്ത ഒരു വ്യായാമമാണിതെന്ന് തോന്നിച്ചു.

I was never same after that. ചെയ്യാൻ പറ്റാതെയാവുക. Party also did not go earnestly to this. ചെയ്യുമെന്ന് വിചാരിച്ചവർ പോലും ഒന്നും ചെയ്തില്ല. ഗൗരിയമ്മ ഇത് ചർച്ചയ്ക്ക് വന്ന ദിവസം നിയമസഭയിൽ വന്നിരുന്നു. അന്നൊക്കെ പലപ്പോഴും അവർ നിയമസഭയിൽ വന്നിരുന്നില്ല.

*കമ്മ്യൂണിസം എന്നു പറയുന്നത് മനുഷ്യന്റെ സ്വപ്നമാണ്. മഹത്തായ വിശാലതയും വ്യക്തി സ്വാതന്ത്ര്യവും അഗാധമായ തീക്ഷണതയുമാണ് കമ്മ്യൂണിസം. എന്നിട്ടും എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം അല്ലേ?*

(മൗനം)

*ഒരുപാട് ചരിത്ര മുഹൂർത്തങ്ങളിലൂടെയാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉണ്ടായിവന്നിട്ടുള്ളത്. അത് വായിച്ച അറിവോ കേട്ട അറിവോ ആണ് ഞങ്ങളുടെ തലമുറയ്ക്ക്. അതിന്റെ ഭാഗമായി നിന്നവരാണ് നിങ്ങളെപ്പോലുള്ളവർ. കമ്മ്യൂണിസത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടു തുടങ്ങിയെന്ന് ടീച്ചർക്കെപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?*

ഒരിക്കലുമില്ല. വേറെയെന്താണ് ഒരു ഓപ്ഷൻ. പകരം വെക്കാൻ മറ്റെന്താണ് ഉള്ളത്. ●





ഡോ.ജാൻസി ജോസ്

# വാസ്തവം

## ഏറെ ആശിപ്പിച്ച് ഏറെ മോഹിപ്പിച്ച് ഭരണത്തിൽ കയറി

പുതിയ സർക്കാറിൽ നിന്ന് ജനങ്ങൾ ഏറെ പ്രതീക്ഷിക്കുന്നുണ്ട്. പാർട്ടി നോക്കി വോട്ടു ചെയ്തവനും ചെയ്യാത്തവനും എല്ലാം. ജയിപ്പിച്ചവർക്കു മാത്രം പ്രതീക്ഷകൾ നിറവേറ്റുന്ന ഗവൺമെന്റാകരുത് ഇവിടെ ഭരിക്കുന്നത്. പദ്ധതികളും നിർവ്വഹണങ്ങളുമെല്ലാം സ്വന്തം പാർട്ടി പ്രവർത്തകർക്കു നേരെ നീളാതെ സാധാരണ ജനങ്ങളിലേക്കു കൂടി എത്തിക്കാൻ കഴിഞ്ഞാൽ ഇനിയൊരു ഭരണമാറ്റം കേരളത്തിൽ സംഭവിച്ചേക്കില്ല. അതല്ല എന്നുണ്ടെങ്കിൽ തകർന്നടിഞ്ഞ രാജ്യങ്ങളുടെയും സംസ്ഥാനങ്ങളുടെയും കൂട്ടത്തിൽ കേരളത്തിലെ ഇടതുപക്ഷവും സ്ഥാനം പിടിച്ചേക്കാം. കാലാകാലങ്ങളായി ഇവിടെ കുറെ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. മാറി മാറി ഭരിച്ചിട്ടും ആരുടേയും കണ്ണിൽപ്പെടാതെ തന്നെ. നമ്മുടെ സ്കൂളുകളുടെ കാര്യം തന്നെ പ്രധാനം. തൂണുവീണു പോലും മരിക്കാൻ സാധ്യതയുള്ള സ്കൂളുകൾ പുതുക്കി പണിയുന്നത് അത്യാവശ്യമല്ലേ? അർപ്പണബോധമുള്ള അദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ എന്തെങ്കിലും പോംവഴി കണ്ടെത്തേണ്ടതുണ്ട്. അവനവന്റെ കഴിവിൽ വിശ്വാസമുള്ള അദ്ധ്യാപകരെ വേണം നിയമിക്കാൻ. അങ്ങനെയാണെങ്കിൽ അവരുടെ കുട്ടികളും മറ്റു കുട്ടികളും ഗവൺമെന്റ് സ്കൂളിൽ തന്നെ ചേരും എന്നത് ഉറപ്പ്. ഇഷ്ടം പോലെ ജോലിക്കാരെ തീറ്റിപ്പോറ്റുന്ന സർക്കാരാണ് കേരളസർക്കാർ. പിന്നെ എന്തുകൊണ്ട് സ്കൂളുകളിൽ ക്ലീനിംഗിനും മറ്റ് ആവശ്യത്തിനും ആളുകളെ എടുക്കാത്തത് എന്നാണ് ഞാൻ ആലോചിക്കുന്നത്. വൃത്തിഹീനമായ ബാത്റൂമുകളിൽ പോകാൻ മടിച്ച് രാവിലെ എട്ടു മുതൽ വൈകുന്നേരം 5 വരെ മൂത്രമൊഴിക്കാതെ തിരിച്ചെത്തുന്ന പെൺകുട്ടികളിലധികം പേരും രോഗത്തിന്നടിമകളാകുന്നു. ഇതൊന്നും ആരുടേയും രാഷ്ട്രീയപ്രശ്നമല്ല എന്നറിയാം.

2016 ജൂൺ 2 ന് വന്ന വാർത്ത എന്നത്തേയും പോലെ ഞെട്ടിക്കുന്നതായിരുന്നു. പെൺകുട്ടിയെ കാറിൽ തട്ടിക്കൊണ്ടുപോയി നാലു ദിവസം പീഡിപ്പിച്ചു എന്നതാണ് വാർത്ത. മതപരമായ കാര്യങ്ങൾ ഏറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട് എന്നത് ഈയുള്ളവൾ മനസ്സിലാക്കിയതാണ്. വൈകുന്നേരങ്ങളിലുള്ള ക്രിസ്ത്യൻ പ്രാർത്ഥനകൾ, മദ്രസ്സ ക്ലാസ്സുകൾ എന്നിവ പെൺകുട്ടികൾക്ക് എന്നും ഉപദ്രവകരങ്ങളാണ്. ഉസ്താദുമാരും പള്ളിയിലച്ചന്മാരും പീഡിപ്പിച്ച കഥകൾ വായിച്ചു കഴിഞ്ഞതാണ് നമ്മൾ. ഇരുട്ടിന്റെ മറവിൽ നടക്കുന്ന ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കേണ്ടിയിരിക്കുന്നു.

സ്കൂൾ കുട്ടികൾ പോലും നടന്നുപോകുന്ന പെൺകുട്ടികളെ വലിച്ചിഴച്ചുകൊണ്ടു പോയി ബലാത്സംഗം ചെയ്യുന്ന സംസ്ക്കാരത്തിലേക്കാണ് നാം പോകുന്നതെങ്കിൽ എങ്ങനെ പെൺകുട്ടികളും സ്ത്രീകളും ഇവിടെ ജീവിക്കും. ആരു ഭരിച്ചാലാണ് ഈ അവസ്ഥക്ക് ഒരറുതി വരുക എന്നറിയില്ല. സ്ത്രീ സുരക്ഷ അജണ്ടയാക്കിയെടുക്കുന്നവരുടെ കൂടെ സ്ത്രീകൾ നിൽക്കും എന്നതുറപ്പ്. ഇത്തവണ വോട്ട് ചോർന്നതിനെക്കുറിച്ച് ഉറക്കം കളയുന്ന കോൺഗ്രസ്സിനോട് ഒന്നേ പറയാനുള്ളൂ. സ്ത്രീകളെല്ലാം കൂട്ടത്തോടെ സ്ത്രീസുരക്ഷ അജണ്ടയാക്കിയ മുന്നണിക്കു വോട്ടുകൊടുത്തു എന്ന്. സ്ത്രീകൾക്ക് കാര്യങ്ങൾ മനസ്സിലായിത്തുടങ്ങി. അവർ തീരുമാനിക്കും ആരു ഭരിക്കണമെന്ന്. ഭരിച്ചു തുടങ്ങിയവർക്കും ഭരണം നഷ്ടപ്പെട്ടവർക്കും ഇത് ഓർമ്മവേണം. ●

കഥ

നിഷ്സ.സി

# വാക്കിൽ തൊടാൻ കൊതിച്ച്

പുലരാതിരിക്കട്ടെ എന്ന് പ്രാർത്ഥിച്ചാണ് ഇന്നലേം ഉറങ്ങാൻ കിടന്നത്. അടുക്കളയോടുള്ള വിരോധം പകലുകളോടുള്ള വെറുപ്പായി പരിണമിച്ചിരിക്കുന്നു.

'വായിക്കാനേറ്റവും നല്ലത് രാവിലെയാണ് ... നിങ്ങളൊക്കെ ചാരുകസേരയിലിരുന്നു കാലിച്ചായേം കുടിച്ചു പേപ്പർ വായിക്കണ ഈ സമയല്ല്യേ ഇതന്നെ...'

ഭർത്താവ് കേൾക്കാൻ വേണ്ടിതന്നെയാണ് അല്പം ഉച്ചത്തിൽ പറഞ്ഞത്.

ഭാര്യ അതായത് ഈ ഞാൻ പറയുന്ന ഇത്തരം സുഭാഷിതങ്ങൾ ഈയിടെയായി രാഷ്ട്രീയപ്രവർത്തകനായ ഭർത്താവിനു അസഹ്യമായിതുടങ്ങിയിട്ടുണ്ട്.

ഈ അടുക്കളപ്പണീന്നു വെച്ചാ കയ്യിമിന്നും കാലിമിന്നും വേറിടാത്ത ഒന്നാണെന്നും കൂലിയൊന്നുമില്യലും റൂമും ചെലവും കിട്ടുമെന്നുമൊക്കെ ഉമ്മ പണ്ട് പറയുമായിരുന്നത് ഓർമ്മയിൽ വരുന്നുണ്ട്. ഉമ്മ, എല്ലാമറിഞ്ഞിട്ടും എന്നെയും അടുക്കള ക്കുരുതിക്കു വിട്ടുകൊടുത്തല്ലോന്നു ഗദ്ഗദപ്പെടാതെ വയ്യ.

ഭർത്താവ്...

നന്നായി പഠിച്ചോണ്ടിരുന്ന ഒരുവളെ ഇനീം പഠിപ്പിക്കാൻ തയ്യാറെന്നു പാഴ്വാഗ്ദാനം തന്നു കൊണ്ടു വന്നു. അടിക്കടി വർഷങ്ങളുടെ വ്യത്യാസത്തിൽ മൂന്നെണ്ണത്തിനെ പ്രസവിപ്പിച്ചു, കുഞ്ഞിനെ ആരുനോക്കും ഉമ്മയെ ആരു നോക്കും ഉപ്പയ്ക്കാരു ചൂടുള്ള ഭക്ഷണം കൊടുക്കും എന്നൊക്കെയുള്ള മുടന്തൻ ന്യായങ്ങൾക്ക് മുന്നിൽ കുഴിച്ചുമൂടിയ എന്റെ പഠനം, അതിനോടൊപ്പം കുഴിക്കകത്തു വീണു പോയ വായന. ഓർക്കാതെ വയ്യ. പക്ഷെ വായന



അലാവുദ്ദീന്റെ അത്ഭുതവിളക്കിലെ ഭൂതത്തെ പ്പോലെ എങ്ങനെയോ വീണ്ടും പുറത്തുചാടി. ഇപ്പോഴതെന്നെ വല്ലാത്ത മാനസികസംഘർഷത്തിലാക്കുന്നുമുണ്ട്.

എന്റെ ജല്പനങ്ങൾക്ക് മുൻപിൽ ഏറിയശക്തിയിൽ വാതിലടച്ചു പുറത്തു കടന്ന ഭർത്താവ് തിരിച്ച് അതേ വേഗതയിൽ വാതിൽ തുറന്നു ഇങ്ങിനെ പറഞ്ഞു

'ഇന്നുച്ചക്ക് ഉണ്ണാൻ രണ്ടാളുണ്ടാവും സ്പെഷ്യൽ എന്തേലും ഉണ്ടാക്കിക്കോ'

എണ്ണ വീണാൽ എന്നപോലെ അടുപ്പ് ആളിക്കത്തി.

'നിങ്ങടെ പാർട്ടി ഭരണത്തിലേറിയാൽ ഞങ്ങൾ വീട്ടമ്മമാർ സ്വന്തം ഇഷ്ടങ്ങളിലേക്ക് മോചിപ്പിക്കപ്പെടുമായിരിക്കും അല്ലെ..?'

എന്റെ ചോദ്യത്തിന്റെ വിറങ്ങലിപ്പിൽ ചുവന്ന നാക്ക് പുറം ചട്ടയായുള്ള പുസ്തകം ഷെൽഫിൽ നിന്നൂർന്നു വീണു. വെറുതെ തുറന്നതും എന്റെ ചോദ്യത്തിന്റെ ഉത്തരം ഞാൻ തന്നെ ഉറക്കെ വായിച്ചു...,

'...ആര്.?.., ഏതു ദൈവവിളി കൊണ്ടത്തരും? നിന്നെ മോചിപ്പിക്കേണ്ടത് നീ തന്നെ.'

ഇടക്ക് അടുക്കളയിൽ ഒരു മിന്നൽസന്ദർശനത്തിന് വന്ന അമ്മായിയമ്മ എന്റെ മുഖത്തേക്കും പുസ്തകത്തിലേക്കും മാറിമാറി നോക്കി,

'ഈ ബുക്ഷെൽഫ് എന്തിനീ അടുക്കളയിൽ? ലോകത്തൊരിടത്തും ഇല്ലാത്ത ഫാഷൻ. മണി പതിനൊന്നാവാറായി. അടുപ്പ് വെറുതെ കത്തുന്നത് കാണുന്നില്ലേ... ?'

വീട്ടുജോലിയിലുള്ള ആത്മാർത്ഥത ഉമ്മയുടെ മനസ്സിലേക്കും രാത്രി വേഴ്ചയിലെ ചടുലത ഭർത്താവിന്റെ മനസ്സിലേക്കുമുള്ള വഴികളാണെന്നു ബോധ്യപ്പെട്ടതുമുതൽ വീട്ടുജോലിയിൽ കഴുതയെപ്പോലും തോൽപ്പിക്കുന്ന പ്രകടനമാണ് ഞാൻ കാഴ്ച്ച വെക്കുന്നത്.

രാത്രി കട്ടിലിൽ കുരിശിൽ കിടന്നു പിടയുന്ന യേശുവായി സ്വയം മാറി. എന്നും ഒരേ ദിവസങ്ങളുടെ തനിയാവർത്തനങ്ങൾ.

ഇന്നലെ കണ്ട സ്വപ്നത്തിൽ എന്റെ കാലിലൊരു ചങ്ങലയുണ്ടായിരുന്നു. വികൃതമായ ആ ചങ്ങലയുടെ കണ്ണികൾ പാത്രം, ചൂൽ, കയിൽ, ചട്ടി, കത്തി,വിഴുപ്പുതുണികൾ,അയല,മത്തി, തേങ്ങ, പാര, പയറ്.....പിന്നെ തീയും പുകയും ചിരനാക്കും ടോയ്ലെറ്റ് ബ്രെഷും. തൊട്ടു മീതെ കയ്യെത്തും ദൂരത്തു എന്റെ ബുക്ക് ഷെൽഫും.

ഷെൽഫിലെ ബുക്കിന് നേരെ കൈനീട്ടുമ്പോ കാലിലെ ചങ്ങല മുറുകി , മറിഞ്ഞു വീണു ,പിന്നെ കട്ടിലിലെണീച്ചിരുന്നു കരഞ്ഞു.

ഭർത്താവു എന്തു പറ്റിയെന്നു ചോദിക്കും മുൻപേ ഞാൻ പറഞ്ഞു തുടങ്ങി.

'എനിക്കൊന്നു സ്വതന്ത്രയാവാൻ എന്തുണ്ട് ഇക്കാ വഴി?'

'സ്വതന്ത്രയാവണോ..., എന്തിന്?'

സ്ത്രീവിമോചനത്തെ കുറിച്ച് ഗംഭീര പ്രസംഗം നടത്താറുള്ള ആളാണ് ചോദിക്കുന്നത്!

'വായിക്കാൻ'

'നിന്നോട് വായിക്കണ്ടാന്നു ആരാ പറഞ്ഞത്, വീട്ടുജോലോകളൊക്കെ തീർത്തു വെച്ചിട്ട് ഉച്ചക്ക് ശേഷം നിനക്കിരുന്നു വായിക്കാലോ.'

ഉച്ചയ്ക്ക് ശേഷത്തെ തന്റെ ശരീരത്തിന്റേം മനസ്സിന്റെം അവസ്ഥ പറയാതിരികയാവും ഭേദം.

ഉച്ച വരെ താങ്ങിയ ജോലിയുടെ ഭാരം, പുസ്തകത്തിനകത്ത് ഒഴുകി പരക്കുന്നതിനു പകരം പുറത്ത് മരിച്ചു കിടക്കുന്ന ദുരാത്മാവ് മാത്രമാക്കിയിരിക്കുന്നു എന്നെ.

സ്നേഹത്തോടെ തന്നെ തലോടുന്ന കൈകൾ തട്ടിമാറ്റി അതു പറയാൻ എനിക്ക് കഴിയാറില്ല, പകയും ദേഷ്യവും എന്നെ വളർത്താൻ ശ്രമിക്കുമ്പോൾ സ്നേഹമാണെന്നെ തളർത്തിയൊടുക്കുന്നതെന്നു ഈയിടെ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു.

എനിക്കെന്നാണ് സ്വാതന്ത്ര്യം കിട്ടുക എന്ന് മുൻപൊരിക്കൽ ചോദിച്ചപ്പോൾ അതിനു നമ്മുടെ മകൻ പെണ്ണു കെട്ടി കൊണ്ടു വരണമെന്നും ഞാൻ വന്നുകേറിയ അന്നായിരുന്നു ഉമ്മ വീട്ടുജോലിയിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക് കുതിച്ചു കയറി സീരിയലുകൾക്ക് മുൻപിൽ അടയിരിപ്പായതെന്നുമായിരുന്നു മറുപടി.

'എന്താ ആലോചിച്ചു നിക്കണ്. ഉച്ചക്ക് ആളുകള് കേറിവരുമ്പോഴെക്കും ഊണ് റെഡിയാവൂലെ സാജിയെ ... മോന് തറയിൽ മുള്ളീണ്ട് ട്ടോ ഒന്ന് തൊടച്ചേക്കു. മക്കൾ ഓടിക്കളിക്കണേനെടയ്ക്ക് വഴുക്കി വീഴും.

**ഇന്നലെ കണ്ട സ്വപ്നത്തിൽ എന്റെ കാലിലൊരു ചങ്ങലയുണ്ടായിരുന്നു. വികൃതമായ ആ ചങ്ങലയുടെ കണ്ണികൾ പാത്രം,ചൂൽ,കയിൽ, ചട്ടി,കത്തി,വിഴുപ്പുതുണികൾ,അയല,മത്തി, തേങ്ങ, പാര, പയറ്.....പിന്നെ തീയും പുകയും ചിരനാക്കും ടോയ്ലെറ്റ് ബ്രെഷും.തൊട്ടു മീതെ കയ്യെത്തും ദൂരത്തു എന്റെ ബുക്ക് ഷെൽഫും.**

പിന്നേ എന്റെ വിരിപ്പിന്നൊന്നലക്കണ ട്ടോ മോളെ, അല്ല അന്റെ ചോറ് പണികളും അടിക്കലും തൊടക്കലുമൊക്കെ കഴിഞ്ഞിട്ടു മതി ട്ടോ..'

രാവിലത്തെ ചായകുടി കഴിഞ്ഞ ശേഷം ഒരു പണീമിവിടെ തൊടങ്ങീട്ടില്യ എന്നുള്ള ഓർമപ്പെടുത്തലാണ് സ്നേഹത്തോടെ ഉള്ള ഉമ്മയുടെ ഈ ആജ്ഞാപിക്കൽ.

ഇപ്പോൾ സമയം പതിനൊന്നായിക്കാണും. പുറത്ത് റോഡിൽ ചെണ്ടമേളം മുറുകി കേൾക്കുന്നു.കേട്ടു നിൽക്കുന്നവർ വല്ലാത്തോരവസ്ഥയിലാകും. ഉച്ചയ്ക്ക് പന്ത്രണ്ട് മണിയാവുമ്പോ ഏതാണ്ട് അതേയൊരു മുറുകൽ. ഈ അപശബ്ദങ്ങൾ എന്നിൽ ഭ്രാന്ത് സൃഷ്ടിക്കാറുണ്ട്. അന്നേരം അടുപ്പത്തു ചോറ് വേവുന്നുണ്ടാവും.

ഗ്യാസിൽ മീൻ പൊരിയുകേം കറി തിളക്കുകേം ഒപ്പം തോരൻ അരിയുകേം കുഞ്ഞിന് കുറുക്കു കൊടുക്കുകേം അപ്പിയിട്ടത് കോരുകേം ചെയ്യുന്നുണ്ടാവും. അതിനിടയ്ക്ക് വിയർപ്പിൽ നനഞ്ഞ മാക്സിയുടെ സിബ്ബ് വലിച്ചൂരി നിലവിളിക്കുന്ന കുഞ്ഞ് വായിലേക് ചാഞ്ഞു തുടങ്ങിയ മാറിടത്തിലൊന്നു പതിയെ തിരുകി നേരം പോയല്ലോന്ന് വേവലാതിപ്പെടുന്നുമുണ്ടാവും. സത്യം എന്റെ കൈകൾ അന്നേരം ഇരട്ടിക്കും.... ഒരു ട്രപ്പീസുകാരന്റെ കൈയടക്കം വന്നുചേരും.

ഒന്ന് നിശ്വസിച്ചതും അത്ഭുതവിളക്കിലെ ഭൂതം ബാക്ക്, വായനപുസ്തകങ്ങൾക്കിടയിൽ നിന്നും കണ്ണിറുക്കി ചോദിക്കുന്നു

'വെറുതെ പരാതി ഭാണ്ഡമഴിക്കുന്നവളെ....

നിന്റെ അശ്രദ്ധ കൊണ്ട് കാലിൽ വീണ കുരുക്കിന് ആരെ പഴിക്കുന്നു?

വാക്കുകൾ പൊടിപിടിച്ചത് കണ്ടില്ലേ?

ഞാൻ നിന്റെ ഇഷ്ടം. എത്ര നാളെന്നെ കൂടാതെ കഴിയാനാകും?'

പിന്നെ മതിലുകൾക്കിടയിലൂടെ വായനാശാലയിലേക്ക് ചൂണ്ടി പുതിയ വാക്കായി പറന്ന് വഴികാട്ടി.

സ്വന്തം ഇഷ്ടങ്ങളിലേക്ക് വാതിൽ തുറന്ന് പിന്നാലെ ഞാനും പുറത്തിറങ്ങി. ഇങ്ങനൊന്നെഴുതീം വച്ചു.

'എന്റെ മെയ്പാതിക്,
മറന്നുപോയ അക്ഷരങ്ങളെ കാണാൻ
പോകുന്നു..., തിരികെയെത്തും.

ഇവിടെ ഈ അടുക്കളയിൽ ഞാൻ ചെയ്യാറുണ്ടായിരുന്ന പണികളെല്ലാം ഇന്ന് അപൂർണ്ണമാണ് . പൂർത്തിയാക്കണമെങ്കിലാവാം. എന്നുമുണ്ണാൻ എത്താറുള്ളവർക്ക് വിളമ്പി നൽകാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ അതും ചെയ്യാം. ഭർതൃപരിപാലനം, ഗൃഹപരിപാലനം, ശിശുപരിപാലനം എന്നിവയാണ് ഒരു പെണ്ണിന് ചെയ്യാവുന്ന പുണ്യ പ്രവൃത്തികൾ എന്ന് പഠിപ്പിച്ചു തന്ന നിങ്ങളുടെ പ്രിയ ഉമ്മയോട് പറയുക, അത് വഴി കിട്ടിയെക്കാവുന്ന സ്വർഗം ഞാൻ വേണ്ടാന്ന് വെച്ചിരിക്കുന്നെന്ന്. വലതു തോളിലെ മാലാഖ എഴുതി മടുത്തിരിക്കുന്നു, ഇനി കുറച്ച് ഇടതു മാലാഖ എഴുതട്ടെ.'

അടുക്കളവാതിൽ ചാരി പുറത്തേക്കിറങ്ങിയപ്പോ കാർമേഘം നീങ്ങി തെളിഞ്ഞൊരാകാശം വെളിവായി.

●



**സുധ മഞ്ചേരി**
അഡ്വക്കേററ്

ആണുങ്ങൾ കളിക്കളത്തിൽ ആർമാദിച്ച് കളിക്കുന്നത് കാണാൻ നിൽക്കുന്ന ആൾക്കൂട്ടത്തെ നമ്മളൊരുപാട് കണ്ടിട്ടുണ്ട്. പക്ഷെ അവിടെയൊന്നും കളിക്കാരാ യോ കാഴ്ചക്കാരായോ സ്ത്രീകൾ ഇല്ല. കളിക്കളത്തിലെ സന്തോഷവും കൂട്ടായ്മയും അനുഭവിക്കാൻ ഉള്ള അവസരം സ്ത്രീകൾക്കൊരിക്കലും ലഭിക്കുന്നില്ല.


കുട്ടിക്കാലം മുതൽ കളിക്കളത്തിൽ നിന്നു ലഭിക്കുന്ന കൂട്ടായ്മയാണ് പുരുഷനിൽ സംഘടിത ബോധം വളർത്തുന്നത്. സ്ത്രീകൾക്കില്ലാത്തതും അതുതന്നെ. സ്ത്രീകളിൽ കൂട്ടായ്മയും സംഘടിത ബോധവും വളർത്തേണ്ടതിന്റെ ആദ്യപടി അവരെ കളിക്കളത്തിലെത്തിക്കുക എന്നതാണ്. സന്തോഷവും വിനോദവും തനിക്ക് കൂടി അവകാശപ്പെട്ടതാണെന്ന തിരിച്ചറിവ് അവരിലുണ്ടാക്കാൻ ഇത് സഹായിക്കും. ഇതിലൂടെ പൊതു ഇടം സ്ത്രീകളുടേതു കൂടിയാണെന്ന് സമൂഹത്തിനോട് നമ്മൾ പറയുകതന്നെയാണ് ചെയ്യുന്നത്.

ചരിത്രത്തിൽ നിന്ന്....

# വിധവാവിവാഹം

ചിങ്ങം 27ാം തിയ്യതി രാത്രി ഒരു മണി. ഒരു സ്പെഷ്യൽ ബസ്സ് തൃശൂരിൽ നിന്നു പുറപ്പെട്ടു ചാലക്കുടിക്കുള്ള നിരത്തിലൂടെ പായുന്നു. മുറുകി നിൽക്കുന്ന കമ്പിവലകൾ എന്റെ വലതുകയ്യിന്മേൽ ശീതം പുരട്ടി; തിരക്കിയിരിക്കുന്ന ശ്രീ.ഒ.എം.എസ്സ് നമ്പൂതിരിപ്പാട് എന്റെ ഇടതുകയ്യിന്മേൽ ചൂടും. എന്റെ മടിയിൽ ശ്രീ.എം.എസ്സ് കൃഷ്ണൻനമ്പൂതിരി ഒരോമനക്കുഞ്ഞിനെപ്പോലെ അമർന്നിരുന്നു; പക്ഷേ, അദ്ദേഹത്തിനു നൂറ്റമ്പതുറാത്തലോളം തൂക്കമുണ്ടായിരിക്കണെന്നു ഞാൻ ഊഹിച്ചു. ശ്രീ.എം.പി.ഭട്ടതിരിപ്പാട് (അതേ, പ്രേമ്ജി) ബസ്സിന്റെ ഏറ്റവും മുമ്പിലത്തെ സീറ്റിൽ നിശ്ശബ്ദം മുമ്പോട്ടു നോക്കിയിരിക്കുന്നു; ആ ബസ്സിനെക്കാൾ വേഗത്തിൽ പായുന്ന തന്റെ മനസ്സിനെ അദ്ദേഹം നോക്കിക്കൊണ്ടിരിക്കുകയാണോ എന്നു നാം സംശയിച്ചുപോകും.

ഇരുപുറത്തും കുടിലുകൾ, വലിയവീടുകൾ, ഓടിട്ടവ, പടികകൾ, പുഴകൾ, പച്ചനെല്പാടങ്ങൾ, കായലുകൾ, റെയിൽപ്പാളങ്ങൾ, കട്ടവണ്ടിനിരത്തുകൾ കൂടി. ആ പരന്ന ഭാഗങ്ങളിലൂടെ വന്നടിച്ചുകൊണ്ടിരിക്കുന്ന തണുത്ത കാറ്റ് എന്റെ ഷർട്ടിന്നിടയിലൂടെ ഇടയ്ക്കോരോ മാന്തു മാന്തും. ശ്രീ. പട്ടേരി (എന്നു പറഞ്ഞാലാണ് നിങ്ങളറിയുക) 'ഒന്നു മുറുക്കാൻ തരൂഹേ' എന്നലോസരപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ, ഉറങ്ങിയാൽക്കൊള്ളാമെന്ന എന്റെ മോഹം പാഴിലായി. എന്റെ മുമ്പിലുള്ള സീറ്റിൽ നേർക്കു നേരെയിരിക്കുന്ന ശ്രീ. ഒളപ്പമണ്ണ, ഉറങ്ങിക്കാണണം. നിശബ്ദനായിരുന്നു; പക്ഷേ അദ്ദേഹത്തിന്റെ കണ്ണടകളാകട്ടേ, ആ സീറ്റിലിരുന്നിരുന്ന മറ്റെല്ലാവരുടേയും തലയ്ക്കു മുകളിലൂടെപ്പോകുന്ന ഒരു രേഖയിൽ വെട്ടിത്തിളങ്ങി നിന്നു. ശ്രീ.എം.ആർ.ബിയും ശ്രീ.നരിക്കാട്ടിരിയും മറ്റും


വിധവാവിവാഹം

ഉണ്ണിനമ്പൂതിരി, പുസ്തകം 1, ലക്കം 5, 1947

അക്കിത്തം

വിധവാവിവാഹം

ചിങ്ങം 27-ാംതിയ്യതി രാത്രി ഒരുമണി. ഒരു സ്പെഷ്യൽ ബസ്സ് ...ശ്ശൂരിൽനിന്നു പുറപ്പെട്ടു ചാലക്കുടിക്കുള്ള നിരത്തിലൂടെ പായുന്നു. ...റുകിനില്ക്കുന്ന കമ്പിവലകൾ എന്റെ വലതുകയ്യിന്മേൽ ശീതം പു

**ശ്രീ.എം.പി.ഭട്ടതിരിപ്പാട് (അതേ, പ്രേമ്ജി) ബസ്സിന്റെ ഏറ്റവും മുമ്പിലത്തെ സീറ്റിൽ നിശ്ശബ്ദം മുമ്പോട്ടു നോക്കിയിരിക്കുന്നു; ആ ബസ്സിനെക്കാൾ വേഗത്തിൽ പായുന്ന തന്റെ മനസ്സിനെ അദ്ദേഹം നോക്കിക്കൊണ്ടിരിക്കുകയാണോ എന്നു നാം സംശയിച്ചുപോകും.**

കൂടി ബ്രിട്ടീഷ് സാമ്രാജ്യം പോലെ, പരന്ന ആ ബസ്സിന്റെ മറ്റൊരു മൂലയിലിരുന്ന് അടവ് പറയുകയായിരുന്നു; ഇടയ്ക്കിടക്ക് നയാഗ്ര പോലുള്ള ഓരോ കൂട്ടച്ചിരി മാത്രം ഇങ്ങോട്ടു കേൾക്കാം. ഞാൻ മടിയിലിരുത്തി ഓമനിക്കുന്ന ശ്രീ.എം.എസ്സിനു സഹിക്കാതെയായി; അങ്ങോരുടനെ ആ പൊട്ടിച്ചിരി കേൾക്കുന്നേടത്തേയ്ക്കൊരു ഊളിയിട്ടും ഒരായാ

**ആ സ്ത്രീയുടെ നിരാശതപോലെ, പുക അകന്നകന്നു പോയി ആകാശത്തിന്റെ അനന്തതയിൽ വിലയിച്ചു. ഞാൻ ശ്രീ.പ്രേമ്ജിയുടെ മുഖത്തേക്ക് നോക്കി. ആ മുഖം അത്രമേൽ തേജോമയമായിരിക്കുന്നു! അതേ, ധർമ്മത്തിന്റെ, ത്യാഗത്തിന്റെ, ധൈര്യത്തിന്റെ, സ്നേഹത്തിന്റെ, മഹത്വത്തിന്റെ തീ ആ മുഖത്ത് ആളിക്കത്തുന്നുണ്ട്.**

സം കിട്ടിയ എന്റെ കാലുകൾ അദ്ദേഹത്തോടു നന്ദി പറഞ്ഞു.

ചാലക്കുടിയ്ക്കടുത്ത പരിയാരത്തു കുറിയേടത്തു മനയ്ക്കലെ പത്തായപുരയിൽ വൈദ്യുതവിളക്കിന്നു കീഴിലിരുന്നു ഞങ്ങളെല്ലാവരും കൂടി മുറുക്കുന്നു, സിഗരറ്റു വലിക്കുന്നു, ചീട്ടുകളിക്കുന്നു. പിന്നേയും മുറുക്കുന്നു, പിന്നേയും സിഗരറ്റു വലിക്കുന്നു, പിന്നേയും ചീട്ടുകളിക്കുന്നു. അതേ, എല്ലാവർക്കും ഉത്സാഹം: അവാച്യമായ ആഹ്ലാദം, നിർഭരമായ നിലത്തുനിന്നു കൂടായ്മ! അങ്ങിനെ നേരം പുലർന്നു.

കറുത്തിരുണ്ട മേഘപ്പരപ്പുകളെ തട്ടിനീക്കിക്കൊണ്ടു പ്രഭാതം വന്നണഞ്ഞു; മണി 7 1/2യായി. ശാന്തം, അന്തരീക്ഷമാകെ ശാന്തം! 'ആറപ്പുവേയ്... പൂയ്... പൂയ്... പൂയ്...' ഉത്സവത്തിമർപ്പിലാണ്ട ശ്രീ.എം.എസ്സ്.ആർത്തു. കുളിച്ചു തലചീകി ഉടുപ്പിട്ടു ശുചിയായി നിന്നിരുന്ന ആ പുരുഷപ്രവാഹം കുറിയേടത്തെ ഇറയത്തേക്കു നീങ്ങി; അകത്തുള്ളാളുകൾ കെഴുക്കിനിയിൽ നിന്നു കുരവയിട്ടു: ' കുലു കുലു കുലു...' നമ്പൂതിരിമാരും അകത്തുള്ളാളുകളും കുട്ടികളും – എല്ലാവരും തെക്കിനിയിലെത്തി നിരന്നിരുന്നു– നിശബ്ദം, ഒരു പ്രാർത്ഥനാഭാവത്തോടു കൂടി.

അതേ, അങ്ങിനെ വേണം. ചരിത്രത്തിൽ – കൊച്ചിരാജ്യത്തിന്റെയാകെ ചരിത്രത്തിൽ– സ്വർണ്ണലിപികളിലെഴുതപ്പെടുന്ന ഒരു സംഭവം നടക്കാൻ പോകുന്നു; നമ്പൂതിരിസമുദായത്തിന്റെ പുരോഗതിയുടെ പന്ഥാവിൽ സ്വർണ്ണം കൊണ്ടുള്ള ഒരു നാഴികക്കല്ലിതാ പോകുന്നു.!

നിശ്ശബ്ദനിമിഷങ്ങളും, തുടിക്കുന്ന ഹൃദയങ്ങളും സാക്ഷിനിന്നു. കുറിയേടത്തെ വിധവയായ (അല്ല, വിധവയായിരുന്ന) ശ്രീ. ആര്യാ അന്തർജ്ജനത്തെ. മിസ്സിസ് .എം.ആർ.ബി കൈപിടിച്ചു തെക്കിനിയിലേക്കാനയിച്ചു.

അതേ, മിസ്സിസ് എം.ആർ.ബി തന്നെയാണ് ആ വിധിവഞ്ചിതയെ വിവാഹമണ്ഡപത്തിലേക്കു കൂട്ടിക്കൊണ്ടുവരാൻ അധികാരപ്പെട്ട സ്ത്രീ. വൈധവ്യത്തിന്റെ വിങ്ങിപ്പൊട്ടലുകളും വീർപ്പുമുട്ടലുകളും അവർക്കസ്സലായിട്ടറിയാം; മൂന്നുകൊല്ലത്തോളം അതനുഭവിച്ച ശേഷമാണവർ സുമംഗലിയായത്. അപ്പോൾ, ഒരു വിധവയെ വിമുക്തയാക്കുന്നതിൽ അവരോളം ശുഷ്കാന്തി, അവിടെയുള്ള മറ്റാർക്കും ഉണ്ടാവാൻ വയ്യല്ലോ!

മിസിസ്സ് എം.ആർ.ബിയാൽ ആനയിക്കപ്പെട്ട നവവധു ശ്രീ.പ്രേമ്ജിയുടെ വലത്തുപുറത്തെ ആവണപ്പലകയിന്മേലിരുന്നു: ശ്രീ.പ്രേമ്ജി തുടർന്നിരുന്നു ഹോമം നടത്തി– ശ്രീ.പാണ്ടത്തിന്റെ പൗരോഹിത്യത്തിൽ.

ശ്രീ.പ്രേമ്ജി ആ വിധി വഞ്ചിതയുടെ കണ്ഠത്തിൽ താലികെട്ടിച്ചു; അവരദ്ദേഹത്തെ മാലയണിയിച്ചു; അദ്ദേഹമവർക്കു പുടവ നൽകി.

ഉവ്വ്, ഒരു വിധവ കൂടി വിമുക്തയായി; ഒരു മരിച്ച ജീവിതത്തിനു കൂടി ജീവൻ കിട്ടിക്കഴിഞ്ഞു.

ആ സ്ത്രീയുടെ നിരാശതപോലെ, പുക അകന്നകന്നു പോയി ആകാശത്തിന്റെ അനന്തതയിൽ വിലയിച്ചു. ഞാൻ ശ്രീ.പ്രേമ്ജിയുടെ മുഖത്തേക്ക് നോക്കി. ആ മുഖം അത്രമേൽ തേജോമയമായിരിക്കുന്നു! അതേ, ധർമ്മത്തിന്റെ, ത്യാഗത്തിന്റെ, ധൈര്യത്തിന്റെ, സ്നേഹത്തിന്റെ, മഹത്വത്തിന്റെ തീ ആ മുഖത്ത് ആളിക്കത്തുന്നുണ്ട്. ശ്രീ. പ്രേമ്ജി കറുത്തിട്ടാണെന്ന് പറയുന്നതു തെറ്റാണെന്നെനിക്കു തോന്നി. കാരണം, അദ്ദേഹത്തിന്റെ മുഖത്തതാ, പ്രഭാതത്തിന്റെ പ്രസന്നതയുണ്ട്; പനിനീർപ്പൂവിന്റെ തുടുപ്പും മിനുപ്പുമുണ്ട്; അഗ്നിസ്ഫുലിംഗത്തിന്റെ ശുദ്ധിയും! അതേ, ഒരു സർവ്വാംഗപുംഗൻ!

തലേന്നു രാത്രി തുടങ്ങിയതാണ്. ഇടയ്ക്കിടക്കു ശ്രീ. പ്രേമ്ജിയുടെ മുഖത്തേക്കെനിക്കു നോക്കണം. ഒന്നുരണ്ടു കുറി അദ്ദേഹം ചോദിക്കുക തന്നെ ചെയ്തു. 'എന്താണ്, അക്കിത്തമിങ്ങനെ തുറിച്ചു നോക്കുന്നത്?'

ആവോ! പക്ഷേ എനിക്കങ്ങോട്ടു നോക്കണം; അവിടം തേജോമയമായി എനിക്ക് തോന്നുന്നു.

വിവാഹച്ചടങ്ങുകളവസാനിച്ചപ്പോൾ ശ്രീ.എം.എസ്സ് കൃഷ്ണൻനമ്പൂതിരിയാണ് ആദ്യം ആർപ്പുവിളിച്ചത്. ഈ പ്രപഞ്ചത്തിന്റെ മുഴുവൻ പൊട്ടിച്ചിരി ആ ആർപ്പിൽ അടങ്ങിയിരുന്നു; ഓരോ യാഥാസ്ഥിതികന്റേയും കാതിൽ ഒരു കൊടുങ്കാറ്റു പോലെ, ശ്രീ. എം.എസ്സിന്റെ ആ ആർപ്പു മുഴങ്ങിക്കൊണ്ടിരിക്കും– അതേ, എന്നെന്നും.

അനന്തരം ശ്രീ.സി.എം.സി.നാരായണൻനമ്പൂതിരിപ്പാടിന്റെ അധ്യക്ഷതയിൽ കൂടിയ അനുമോദനയോഗത്തിൽ ഹൃദയത്തിന്റെ ഭാഷയിൽ പലരും പ്രസംഗിച്ചു; ശ്രീ. കുറിയേടം ഈ വിവാഹത്തിന്റെ ചരിത്രം വിവരിച്ചു; പലരും വധൂവരന്മാർക്ക് സമ്മാനങ്ങൾ നൽകി. ആ സമ്മാനങ്ങളിലെല്ലാം വെച്ച് അമൂല്യം ഹൃദയമായിരുന്നു. അവിടെ കൂടിയിരുന്ന എല്ലാവരുടേയും ഹൃദയം! മറുപടി പ്രസംഗമെന്ന നിലയിൽ ശ്രീ.പ്രേമ്ജി നിറഞ്ഞ കണ്ണുകളോടെ, ഇടറിയ കണ്ഠത്തോടെ പറഞ്ഞു: 'ഹൃദയം ഉറക്കെ സംസാരിക്കുമ്പോൾ നാവു മൗനം കൊള്ളാനിഷ്ടപ്പെടുന്നു. കൈനിറയെ വിവാഹസമ്മാനങ്ങൾ, ഹൃദയം നിറയെ വികാരങ്ങൾ, കണ്ണുനിറയെ ആനന്ദാശ്രു– ഈ പരിതഃസ്ഥിതിയിൽ എന്താണ് പറയേണ്ടതെന്നെനിക്കറിഞ്ഞു കൂടാ. ഞാൻ ഇപ്പോൾ അവിവാഹിതരായ എന്റെ കൂട്ടുകാരിൽ നിന്നു ചേരിപിരിഞ്ഞിരിക്കുന്നു; നിങ്ങളെന്നെ ഒറ്റപ്പെടുത്തരുത്. സമുദായപ്രസ്ഥാനത്തിൽ വിവാഹപ്രശ്നത്തിനുള്ള ഗൗരവം എല്ലാ അവിവാഹിതരും മനസ്സിലാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.' എല്ലാവർക്കും മിഴി നിറഞ്ഞു– ആനന്ദം കൊണ്ട്, അതേ പ്രപഞ്ചത്തോളം പരന്ന സ്നേഹനിർമ്മലമായ ആനന്ദംകൊണ്ട്! ●

## ആദരാഞ്ജലികൾ



**ആര്യാ അന്തർജ്ജനം**

ചരിത്രം കുറിച്ച വിപ്ലവാത്മകമായ വിധവാവിവാഹത്തിലൂടെ
യാഥാസ്ഥിതികത്വത്തെ തോൽപ്പിച്ച് ആര്യാ അന്തർജ്ജനം കടന്നു പോയി.

# മാരത്തോൺ ചരിത്രത്തിലെ ആദ്യ സ്ത്രീ ഇടപെടൽ

മാരത്തോൺ ഓടാനുള്ള ശേഷി സ്ത്രീകൾക്കില്ലെന്ന് തന്റെ പരിശീലകൻ ആവർത്തിച്ചിട്ടും 1967ലെ ബോസ്റ്റൺ മാരത്തോൺ 261ാംനമ്പർ ജഴ്സി അണിഞ്ഞ് ആദ്യത്തെ രജിസ്റ്റേർഡ് ഓട്ടക്കാരിയായി കാത്തറീൻ സ്വിറ്റ്സർ പൂർത്തിയാക്കി. സ്വിറ്റ്സർ എന്ന പേരിൽ രജിസ്ട്രേഷന് അപേക്ഷിച്ചതിനാൽ സ്ത്രീയാണെന്ന് തിരിച്ചറിയാഞ്ഞതിനാലാണ് അനുമതി ലഭിച്ചത്. എന്നാൽ ഓട്ടത്തിനിടെ ഔദ്യോഗിക ചുമതലയുള്ളയാൾ അവരെ ട്രാക്കിൽ നിന്ന് തള്ളിമാറ്റാൻ ശ്രമിച്ചു. "Get the hell out of my race and give me those numbers" എന്നവരോട് ആക്രോശിക്കുന്നതിന്റെ ചിത്രം ഏറെ ശ്രദ്ധിക്കപ്പെട്ടു.





**പി. കെ. ഇന്ദിര ദേവി**
റിട്ടയേർഡ് അധ്യാപിക

ലോക പ്രശസ്തരായ ധാരാളം സ്ത്രീ കായികതാരങ്ങൾ നമുക്കുണ്ട്. ഇപ്രാവശ്യവും അതലറ്റിക്സിൽ കിരീടം കേരളത്തിലെ പെൺകുട്ടികൾക്കാണ്. എന്നാൽ സാധാരാണ ജീവിതത്തിൽ സ്ത്രീകൾ കായിക വിനോദത്തിനും കായിക പരിശീലനത്തിനും വേണ്ടത്ര പ്രാധാന്യം നൽകുന്നതായി കാണുന്നില്ല. മിക്കവാറും പെൺകുട്ടികൾ പഠനശേഷം കായിക രംഗത്തു നിന്നും പതിയെ പിൻമാറുന്നു. സ്കൂളുകളിൽ പോലും മത്സരത്തിനായി തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് മാത്രമാണ് അധ്യാപകർ പരിശീലനം നൽകുന്നത്. ബാക്കിയുള്ള പെൺകുട്ടികളുടെ കാര്യം ആരും ശ്രദ്ധിക്കാറില്ല. ഗ്രൗണ്ടുകൾ മിക്കവാറും ആൺകുട്ടികൾ കയ്യടക്കിയിരിക്കും. പെൺകുട്ടികൾ സ്വാഭാവികമായും ക്ളാസ് മുറികളിലും വരാന്തകളിലും ഒതുങ്ങിക്കൂടുന്നു. പ്രത്യേകിച്ചും ഹൈ സ്കൂൾ ക്ളാസ്സുകളിൽ. സ്കൂൾ വിട്ടു വരുന്ന ആൺ കുട്ടികൾ കളിക്കാൻ ഗ്രൗണ്ടുകളിലേക്ക് പോകുമ്പോൾ പെൺകുട്ടികൾ വീടിന്റെ അകത്തളങ്ങളിൽ ഒതുങ്ങിക്കൂടുന്നു. അങ്ങനെ ആരോഗ്യവും കായികക്ഷമതയും ഇല്ലാത്ത ഒരു വിഭാഗമായി പെൺകുട്ടികൾ മാറുന്നു. സ്കൂൾ കോളേജ് തലങ്ങളിൽ മികവ് തെളിയിച്ച പെൺകുട്ടികൾക്ക് പോലും വിവാഹശേഷം കായികജീവിതം സാധ്യമാകുന്നില്ല. കായിക വിനോദങ്ങളും കളിസ്ഥലങ്ങളും തങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് തിരിച്ചറിവ് പെൺകുട്ടികളിൽ വളർത്തിയെടുക്കേണ്ടത് അധ്യാപകരും മാതാപിതാക്കളുമാണ്. ഓരോ സ്കൂളിലും പെൺകുട്ടികൾക്ക് മാത്രമായി ഗ്രൗണ്ടിന്റെ ഒരു ഭാഗം നീക്കി വക്കുകയും അവിടെ സ്വതന്ത്രമായി കളിക്കുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയും വേണം. ഓരോ വാർഡിലും സ്ത്രീകൾക്ക് മാത്രമായി ഒരു ഗ്രൗണ്ടും കായിക പരിശീലനത്തിനുള്ള സൗകര്യവും ഏർപ്പെടുത്തണം.



**ശോഭ**
തൃശൂർ ,വീട്ടമ്മ.

എൻറെ ആരോഗ്യം സ്പോർട്ട്സിലൂടെ എന്ന ആശയത്തിൽ ആകൃഷ്ടയായി 2015 നവംബർ മാസത്തിൽ ഞാൻ വിംഗ്സിന്റെ ഒരു സഹയാത്രികയായി.തുടർന്നുള്ള എന്റെ ദിനങ്ങൾ തിരക്കുനിറഞ്ഞതായിരുന്നു. മറ്റംഗങ്ങളുമായുള്ള അടുപ്പം മാനസികമായും എന്നെ ഏറെ സന്തോഷവതിയാക്കി. എനിക്കുചുറ്റും ഒരുവിളിപ്പാടകലെ എത്രയോ കൂട്ടുകാരികൾ! മാർക്കററിൽ ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് എങ്ങിനെ ആരോഗ്യപോഷണം നടത്താം എന്ന് ചിന്തിച്ചിരുന്ന ഞാൻ എല്ലാം വലിച്ചെറിഞ്ഞു കളിയിൽ മുഴുകി.ഫലമോ സുഖ നിദ്രയും ശരീരത്തിന്റെ സുഗമമായ ചലനസ്വാതന്ത്ര്യവും. നെഞ്ചുവിരിച്ച് എന്തിനേയും നേരിടാനും എന്നിലെ എന്നെ തിരിച്ചറിയാനും വിംഗ്സും വോളിബോളും എന്നെ പ്രാപ്തയാക്കി.



**അനു പൂക്കോട്ടുംപാടം**
ബാങ്ക് ഉദ്യോഗസ്ഥ.

ഇന്ത്യയിൽ വിഷാദ രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിൽ അധികം സ്ത്രീകളുമാണ്. ഒററപ്പെടലുകളാണ് മിക്കപ്പോഴും ഈ അവസ്ഥയിലേക്ക് നയിക്കുന്നത്.ശരീരവും മനസ്സും തമ്മിൽ അഭേദ്യമായ ബന്ധമാണ് ഉള്ളത് എന്ന് നമുക്കെല്ലാം അറിയാം. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. നിത്യജീവിതത്തിലെ മടുപ്പുകളിൽ നിന്നുള്ള ഒരു മോചന മാർഗമാണ് കായിക വിനോദങ്ങൾ.ഇത് മാനസീകോല്ലാസത്തിനുള്ള ഒരു ഉപാധി കൂടിയാണ്. സംഘബോധവും ആത്മവിശ്വാസവും പ്രദാനം ചെയ്യുന്നതുമാണ്. കായിക വിനോദത്തിനുള്ള അവസരങ്ങൾ നഷ്ടപ്പെടുന്നതിലൂടെ ഓരോ സ്ത്രീക്കും നഷ്ടമാകുന്നത് ശാരീരികമായ ആരോഗ്യം മാത്രമല്ല , മാനസിക ആരോഗ്യം കൂടിയാണ്.

മെയ് 1 ലോക തൊഴിലാളി ദിനത്തോടനുബന്ധിച്ച് അസംഘടിത മേഖല തൊഴിലാളി യൂണിയന്റെ (AMTU - kerala)മെയ് ദിനാചരണ പരിപാടികൾ കോഴിക്കോട് ശിക്ഷക്ക് സദനിൽ വച്ച് നടന്നു. രാവിലെ 10 മണിയോട് കൂടിയാണ് പരിപാടികൾ ആരംഭിച്ചത്. 10 മണി മുതൽ 1 മണി വരെ ഒരു സ്ത്രീ തൊഴിലാളി പ്രസ്ഥാനത്തിന്റെ ആവശ്യകതയെ കുറിച്ച് ചർച്ച നടന്നു. അഡ്വ. മരിയയാണ് ചർച്ച ഉദ്ഘാടനം ചെയ്ത് സംസാരിച്ചത്. മായ, ഷൈല ചാക്കോ എന്നിവർ AMTU വിന്റെ നേതൃത്വത്തിൽ സമരം ചെയ്തവർ എന്ന നിലയ്ക്ക് അനുഭവങ്ങൾ പങ്കുവച്ചു. തുടർന്ന് സ്ത്രീതൊഴിലാളിപ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ട രീതികളും ചർച്ചാവിഷയമായി.



ഉച്ചക്ക് ശേഷം സംഘടിത മാസികയുടെ പ്രത്യേക തൊഴിലാളിസ്ത്രീ പതിപ്പ് പ്രകാശനവും 30 ഉം 40 ഉം വർഷമായി കോഴിക്കോട് നഗരത്തിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളെ ആദരിക്കൽ ചടങ്ങും ഉണ്ടായിരുന്നു. ഇത് ഉദ്ഘാടനം ചെയ്തത് അന്വേഷി പ്രസിഡന്റ് കെ.അജിതയാണ്. സംഘടിത മാസികയുടെ പ്രത്യേക തൊഴിലാളിസ്ത്രീ പതിപ്പിന്റെ പ്രകാശനം അസംഘടിത മേഖല തൊഴിലാളി യൂണിയൻ (AMTU - kerala) സംസ്ഥാന പ്രസിഡന്റ് / ടെക്സ്റ്റൈൽ മേഖല തൊഴിലാളിയായ മായ അലക്കു തൊഴിലാളി മണിക്ക് നല്കിക്കൊണ്ടാണ് നിർവഹിച്ചത്. മിഠായി തെരുവിൽ നിരവധി വർഷങ്ങളായി ജോലി ചെയ്തു വരുന്ന ശുചീകരണ തൊഴിലാളികളെയും മുതലക്കുളത്തെ അലക്കു തൊഴിലാളികളെയുമാണ് ആദരിച്ചത്. തുടർന്ന് വീണ, അഡ്വ അണിമ, സുബിഷ, ജാൻസി ജോസ്, ഹാജിറ എന്നിവർ ആശംസകൾ അർപ്പിച്ചു.



**വാർത്തകൾ**

# ജിഷയുടെ ഘാതകരെ പിടികൂടുക

കൊലപാതകത്തിൽ പ്രതികൾക്കു വേണ്ടി പ്രവർത്തിച്ച പെരുമ്പാവൂർ പോലീസ് ഉദ്യോഗസ്ഥരെ പ്രതി ചേർക്കുക, ചോദ്യം ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് മെയ് 11 ബുധനാഴ്ച വൈകീട്ട് 6 മണി മുതൽ കോഴിക്കോട് പോലീസ് കമ്മീഷണർ ഓഫീസിനു മുന്നിൽ സ്ത്രീകളുടെ രാത്രികാല സമരം നടത്തി.

അധികാരം മാറി മാറി വന്നിട്ടും കാലാകാലങ്ങളായി ബലാൽക്കാരങ്ങളിൽ മരിച്ചുപോയവർക്കും അതിന്റെ ക്രൂരമായ മുറിവുകൾ പേറി ജീവിച്ചിരിക്കുന്നവർക്കും കിട്ടാനവകാശപ്പെട്ട നീതി എവിടെ? ഒരു സൗമ്യയുടെ കൊലയാളിയെ പിടിച്ചതു കൊണ്ടായില്ല. ആ സൂര്യനെല്ലിക്കാരി ഇവിടെത്തന്നെ ഉണ്ട്. എല്ലാ പേരുകളും വിളിച്ചുപറഞ്ഞ് ആശുപത്രിക്കിടക്കയിൽ തീർന്നുപോയ ശാരി ഞങ്ങളുടെ ഉറക്കം കെടുത്തുന്നുണ്ട്. പേരറിയാത്തവരും പറഞ്ഞാൽ ജീവിതം തീർന്നു പോകുമെന്ന് പേടിക്കുന്നവരും ഇവിടെ നമ്മുടെ ഇടയിൽത്തന്നെയുണ്ട്.

ഒട്ടനവധി നിയമങ്ങൾ സ്ത്രീകൾക്കനുകൂലമായി ഉണ്ടായിട്ടു പോലും, ഇപ്പോൾ പെരുമ്പാവൂരിലേതടക്കം കേരളത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുന്ന ലൈംഗികാതിക്രമങ്ങളിൽ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് ആരുടെ കഴിവുകേടാണ്? ജിഷയുടെ കാര്യത്തിൽ പോലീസ് കാണിക്കുന്നത് വെറും അനാസ്ഥയായി കാണാനാവില്ല. തെളിവുകൾ നശിപ്പിക്കാനും കേസ് പൊതുദൃഷ്ടിയിൽ നിന്ന് മറയ്ക്കാനും പോലീസ് കാണിച്ച താൽപ്പര്യത്തെ അത്ര എളുപ്പം മറന്നു കളയാനാവില്ല. ജിഷ സ്ത്രീയും ദളിതയുമായതുകൊണ്ടാണ് പോലീസിന് ഇങ്ങനെ പെരുമാറാൻ ധൈര്യമുണ്ടായത്.

എന്നാൽ എത്ര കാലം നമ്മളിതിന് സാക്ഷികളാകും? ഇനിയുമെത്ര



പെൺകുട്ടികൾ പൊലിഞ്ഞുപോകുന്നത് കാത്തിരിക്കും? സമയമായി, ഇങ്ങനെ അച്ചിൽ തീർത്തപോലെയുള്ള കേസുകൾ കാലാകാലം നമ്മെ വേട്ടയാടുന്നതിനു തൊട്ടു മുൻപ് നമുക്ക് പ്രതിഷേധിക്കാം പോലീസിനെതിരെ, സവർണ്ണ പുരുഷാധിപത്യ വ്യവസ്ഥിതിക്കെതിരെ.

# സ്ഥാനാർത്ഥികളോട്

നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി 2016 മെയ് 5 വ്യാഴാഴ്ച കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വെച്ച് അന്വേഷി 'സ്ഥാനാർത്ഥികളോട് ചോദിക്കുക' എന്ന പരിപാടി നടത്തി. മുൻ തെരഞ്ഞെടുപ്പുകളിൽ നിന്നു വ്യത്യസ്തമായി മൂന്നു മുന്നണികളാണ് (LDF, UDF, NDA) ഇത്തവണ മത്സരിച്ചത്. സ്ത്രീപ്രാതിനിധ്യം സ്ഥാനാർത്ഥി പട്ടികയിലും. നിയമസഭയിലും ഭരണ സംവിധാനങ്ങളിലും വളരെ കുറവായ സാഹചര്യത്തിൽ രാഷ്ട്രീയക്കാർ എന്തു നിലപാട് സ്വീകരിക്കുന്നു എന്നതിനെക്കുറിച്ച് സ്ഥാനാർത്ഥികളുടെ അഭിപ്രായം അറിയുന്നതിനും വേണ്ടിയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. സംസ്ഥാനത്തെ സാമ്പത്തിക നയത്തിന്റെയും വികസനത്തിന്റെയും സാമൂഹ്യനീതിയുടെയും കാര്യത്തിലും സ്ത്രീകൾക്കെതിരായ വിവേചനം, ചൂഷണം, പീഡനം എന്നീ പ്രശ്നങ്ങളിലും ലിംഗസമത്വത്തിന് എത്ര പ്രാധാന്യം നൽകുന്നു എന്നതിലും കോഴിക്കോട് 1, 2 നിയോജക മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികൾ അവരുടെ അഭിപ്രായം വ്യക്തമാക്കി.




ഭരണപക്ഷം നടത്തിയ സ്ത്രീപക്ഷ പ്രവർത്തനങ്ങളും മന്ത്രി എന്ന നിലയിലും ങഘഅ എന്ന നിലയിലും നടത്തിയ പ്രവർത്തനങ്ങൾ എടുത്തുകാട്ടിയാണ് മുനീർ പ്രസംഗിച്ചത്.

സ്ത്രീകളുടെ അടിസ്ഥാനപ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുമെന്ന ഉറപ്പാണ് സൗത്തിലെ എൽ.ഡി.എഫ് സ്ഥാനാർത്ഥി പ്രൊഫ.അബ്ദുൾ വഹാബ് നൽകിയത് 50% സ്ത്രീ പ്രാതിനിധ്യം ഉണ്ടാവണമെന്ന് ബി.ജെ.പി സ്ഥാനാർത്ഥി സതീഷ് കുറ്റിയിൽ അഭിപ്രായപ്പെട്ടു. മണ്ഡലങ്ങളിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എടുത്തുകാട്ടിയിരുന്നു North MLA പ്രദീപ് കുമാർ സംസാരിച്ചത്. ഭാവിയിലും ഇതു തുടരാമെന്ന് അദ്ദേഹം ഉറപ്പു നൽകി.

അസംഘടിത തൊഴിലാളികളോടും സപ്ലൈകോ പാക്കിംഗ് തൊഴിലാളികളോടും ഉള്ള അവഗണനയ്ക്കെതിരെ പലരും ശബ്ദമുയർത്തി.

പ്രസ്തുത പരിപാടിയിൽ അന്വേഷി സെക്രട്ടറി ശ്രീജ സ്വാഗതം പറഞ്ഞു. കെ.അജിത അദ്ധ്യക്ഷയായിരുന്നു. വിവിധ സാമൂഹിക സ്ത്രീപ്രശ്നങ്ങളോട് സ്ഥാനാർത്ഥികളുടെ പ്രതികരണം അറിയാൻ അന്വേഷി തയ്യാറാക്കിയ ചോദ്യാവലി. കെ.അജിത അവതരിപ്പിച്ചു. പ്രൊഫ.കുസുമംജോസഫ് മോഡറേറ്ററായിരുന്നു. പി.പ്രമീള നന്ദി പറഞ്ഞു.

ശാസ്ത്രം



സീമ ശ്രീലയം

# വായു മലിനമാവുമ്പോൾ ...

'ഫാക്റ്ററിപ്പുകയുറഞ്ഞാസ്ത്മാ വലിക്കാത്തൊരോക്സിജൻ വീശുന്ന നാടെവിടെ മക്കളേ ?'

കാടെവിടെ മക്കളേ എന്ന കവിതയിൽ അയ്യപ്പപ്പണിക്കർ പാടിയതെത്ര ശരി!

ശുദ്ധജലം, ശുദ്ധവായു, കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന പച്ചപ്പ്...ഇതൊക്കെ അത്യപൂർവ്വ വസ്തുക്കളായി മാറിക്കൊണ്ടിരിക്കുന്നു. സർവ്വജീവജാലങ്ങളുടെയും നിലനില്പിനു തന്നെ ഭീഷണിയുയർത്തിക്കൊണ്ട് മണ്ണും ജലവും ആകാശവും വിഷരാസവസ്തുക്കളുടെ ചവറ്റുകുട്ടയായി മാറിക്കഴിഞ്ഞു. ചുട്ടുപൊള്ളുന്ന ,അനുദിനം മലിനമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജീവഗ്രഹത്തിൽ ഇനി വരും തലമുറകൾക്ക് സ്വച്ഛമായ ജീവിതം സാധ്യമാവുന്നതെങ്ങനെ? കുടിവെള്ളം പോലെ പ്രാണവായുവും കൈയിൽ കൊണ്ടുനടക്കേണ്ട അവസ്ഥയിലേക്കാണ് നമ്മുടെ പോക്ക്. ചൈനയിലും മറ്റും ശുദ്ധവായു നിറച്ച കുപ്പികൾ മാർക്കറ്റിൽ എത്തിക്കഴിഞ്ഞു.

ഈയിടെ നേച്ചർ മാഗസിനിൽ പ്രസിദ്ധീകരിച്ച പഠനറിപ്പോർട്ടനുസരിച്ച്  പ്രതിവർഷം മലേറിയ, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾ കൊണ്ടുള്ള മരണനിരക്കിനെക്കാൾ കൂടുതലാണ് വായുമലിനീകരണം കൊണ്ടുള്ള മരണനിരക്ക്. ചിലരാജ്യങ്ങളിൽ ഇത് റോഡപകടങ്ങൾ കൊണ്ടുണ്ടാവുന്ന മരണസംഖ്യയെക്കാൾ പത്തുമടങ്ങ് കൂടുതലാണ്. വായുമലിനീകരണത്തിൽ ചൈനയെയും കവച്ചുവയ്ക്കുന്ന അവസ്ഥയിലേക്കാണ് ഇന്ത്യയുടെ പോക്ക് എന്ന് ലോകാരോഗ്യസംഘടനയുടെ പുതിയ പഠനങ്ങൾ അടിവരയിടുന്നു. ലോകത്തിലെ രണ്ടായിരത്തോളം നഗരങ്ങളിൽ നടത്തിയ പഠനമനുസരിച്ച് സമീപവർഷങ്ങളിൽ  വായുമലിനീകരണത്തിന്റെ തീവ്രത മാരകമായ തോതിലാണ് കൂടിയിരിക്കുന്നത്. പല വൻ നഗരങ്ങളും മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള പുക, വ്യവസായശാലകളുടെ പുകക്കുഴൽ തുപ്പുന്ന വിഷപ്പുക, നിർമ്മാണപ്രവർത്തനങ്ങളിൽ നിന്നുള്ള പൊടിപടലങ്ങൾ, ഊർജോല്പാദനം, വീടുകളിലെ വിറക് കത്തിക്കൽ , ഇന്ധനങ്ങളുടെ അപൂർണ്ണ ജ്വലനം എന്നിവയിൽ നിന്നുത്സർജിക്കപ്പെടുന്ന വിഷവാതകങ്ങൾ, പർട്ടിക്കുലേറ്റ് മാറ്റർ എന്നിവ ചേർന്നുണ്ടാവുന്ന സ്മോഗിന്റെ നിഴലിലാണ്. ലണ്ടൻ പോലുള്ള വൻനഗരങ്ങളുടെ ആകാശത്ത് തിങ്ങിനിറഞ്ഞിരിക്കുന്ന സ്മോഗ് മേഘങ്ങളുടെ ഭയാനകത ബഹിരാകാശത്തുനിന്നെടുത്ത ചിത്രങ്ങളിൽ വ്യക്തമാണ്. ആഗോളതാപനത്തിനു കാരണമാവുന്ന കാർബൺ ഡൈ ഓക്സൈഡ്, നൈട്രസ് ഓക്സൈഡ്, മീഥേൻ , ജലബാഷ്പം, ക്ലോറോഫ്ലൂറോ കാർബണുകൾ എന്നിവയുടെ തോതും അന്തരീക്ഷത്തിൽ കുതിച്ചുയർന്നുകൊണ്ടിരിക്കുന്നു. കാർബൺ ഡൈ ഓക്സൈഡിന്റെ അളവാണെങ്കിൽ കഴിഞ്ഞ എട്ടുലക്ഷം വർഷങ്ങളിലെ റെക്കോഡ് തോതിൽ എത്തിക്കഴിഞ്ഞു.  അന്തരീക്ഷത്തിൽ നൈട്രജന്റെയും സൾഫറിന്റെയും ഓക്സൈഡുകളുടെ അതിസാന്നിധ്യം അമ്ല മഴയ്ക്ക് കാരണമാവും എന്ന അപകടം വേറെ.

ആസ്ത്മ, ന്യൂമോണിയ, ശ്വാസകോശ കാൻസർ, ഹൃദ്രോഗങ്ങൾ , പക്ഷാഘാതം, ഡെമൻഷ്യ തുടങ്ങി പല രോഗങ്ങളുടെയും

പ്രഹരശേഷി വർധിക്കാൻ വായുമലിനീകരണം കാരണമാവും. ലോകത്ത് 55 ലക്ഷത്തോളം ജീവനാണ് വായുമലിനീകരണം വിതയ്ക്കുന്ന ആരോഗ്യപ്രശ്നങ്ങളാൽ അകാലത്തിൽ പൊലിയുന്നത്. വായുമലിനീകരണം ചൈനയിൽ പ്രതിവർഷം പതിനഞ്ച് ലക്ഷത്തോളവും ഇന്ത്യയിൽ പതി മൂന്ന് ലക്ഷത്തോളവും മനുഷ്യജീവനാണ് തുടച്ചുനീക്കുന്നത്. ലോകത്തിൽ വായുമലിനീകരണം കൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങളാലുള്ള മരണങ്ങളിൽ പകുതിയോളവും ഇന്ത്യയിലും ചൈനയിലും കൂടിയാണെന്നു സാരം. ഈയിടെ ലോകാരോഗ്യസംഘടന പുറത്തിറക്കിയ റിപ്പോർട്ടനുസരിച്ച് ലോകത്തിൽ വായുമലിനീകരണത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഇരുപത് നഗരങ്ങളുടെ പട്ടികയിൽ ന്യൂഡൽഹി, ഗ്വാളിയോർ , അലഹബാദ് , പാറ്റ്ന , റായ്പൂർ , കാൺപൂർ , ലുധിയാന, ഫിറോസാബാദ് എന്നീ ഇന്ത്യൻ നഗരങ്ങളുമുണ്ട്. നാസയുടെ ഉപഗ്രഹചിത്രങ്ങൾ നൽകുന്ന സൂചനയനുസരിച്ച് വായുമലിനീകരണത്തിന്റെ കാര്യത്തിൽ ഇന്ത്യ ചൈനയെ കടത്തിവെട്ടിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ വായുമലിനീകരണത്തിന്റെ ഭീകരത തിരിച്ചറിഞ്ഞതോടെ പ്രധാന നഗരങ്ങളിലെ വായുമലിനീകരണത്തിന്റെ തോത് അറിയാനായി ആരംഭിച്ച സംവിധാനമാണ് നാഷണൽ എയർ ക്വാളിറ്റി ഇൻഡക്സ്.

ശുദ്ധവായു നിറച്ച കുപ്പിയും കൈയിലേന്തി നടക്കേണ്ട അവസ്ഥ വരാതിരിക്കണമെങ്കിൽ ഇനിയെങ്കിലും നാം ഉണർന്നു പ്രവർത്തിച്ചേ തീരൂ. ഭൂമിക്ക് തണുപ്പും തണലുമേകുന്ന പച്ചപ്പിന്റെ കടയ്ക്കൽ മഴുവെറിയാതിരിക്കാം. ഈ പരിസ്ഥിതിദിനത്തിൽ കഴിയുന്നത്ര മരങ്ങൾ നട്ടുവളർത്താം. ഫോസ്സിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കാം. അനാവശ്യമായി സ്വന്തം മോട്ടോർവാഹനങ്ങൾ ഉപയോഗിക്കാതെ പൊതുഗതാഗത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താം. നടക്കാവുന്ന ദൂരം നടന്നു യാത്ര ചെയ്യാം. പ്ലാസ്റ്റിക്ക് കത്തിക്കാതിരിക്കാം. ഒരു ഹരിത ജീവിതശൈലി പിന്തുടരാം. ഹരിതരസതന്ത്രത്തിലെയും മറ്റും നൂതന മുന്നേറ്റങ്ങളിലൂടെ തികച്ചും ഹരിതമാവട്ടെ വ്യവസായശാലകൾ .പരിസ്ഥിതിക്ക് പരിക്കേല്പിക്കാതെയും ഈ ഭൂമിയിലെ വിഭവങ്ങൾ ഭാവിതലമുറകൾക്ക് വേണ്ടി കരുതിവച്ചുകൊണ്ടും ആവട്ടെ വികസനപ്രവർത്തനങ്ങൾ .

## കാർട്ടൂൺ




**ഞാൻ ആഗ്രഹിക്കുന്നു : വീട്ടുപണി, പാചകം, വൃത്തിയാക്കൽ ഒന്നും ഇനി ഉണ്ടാവരുതേ...**




Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# കേരളത്തിന്റെ പ്രതിഭകൾ


പി.ടി.ഉഷ


ഷൈനി എബ്രഹാം


വത്സമ്മ


മേഴ്സി കുട്ടൻ


അഞ്ജു ബോബി ജോർജ്ജ്


ടിന്റു ലൂക്ക



**ആകാംക്ഷ സിങ്**
ദേശീയ ബാസ്ക്കറ്റ് ബാൾ ടീം ക്യാപ്റ്റൻ മോസ്റ്റ് വാല്യൂബൾ പ്ലേയർ അവാർഡിന് അർഹമായി.



**അലിഷ അബ്ദുള്ള**
അന്താരാഷ്ട്ര മോട്ടോർ സൈക്ലിങ് ഫെഡറേഷന്റെ ഇന്ത്യൻ പ്രതിനിധി

# പുരുഷാധിപത്യത്തെ



**ഒയ്നം ബെംബെം ദേവി**
ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ. സൗത്ത് ഏഷ്യൻ ഗെയിംസിൽ ഇന്ത്യയെ വിജയകിരീടമണിയിക്കുന്നതിൽ നേതൃത്വം നൽകി.



**മിഥലി രാജ്**
ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ. പത്തൊമ്പതാം വയസ്സിൽ നിലവിലുള്ള ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോറിന്റെ ലോക റിക്കോർഡ് തകർത്തു.



**റാണി രാംപാൽ :** ഇന്ത്യൻ ഹോക്കി ടീം ക്യാപ്റ്റൻ. പതിനഞ്ചാം വയസ്സിൽ ഒരു ദേശീയ ടീമിനെ നയിക്കുന്ന ഏറ്റവും കുറഞ്ഞ പ്രായമുള്ള കായികതാരം എന്ന ബഹുമതിയോടെ (സച്ചിൻ ടെണ്ടുൽക്കറേക്കാൾ) 2010ൽ ലോകക്കപ്പ് മത്സരത്തിൽ കളിച്ചു.

# അതിജീവിച്ച കായികപ്രതിഭകൾ



**സൈനനെഹ്‌വാൾ**
ഒളിമ്പിക്സ് മത്സരത്തിൽ ബാഡ്മിന്റൺ കളിയിൽ മെഡൽ നേടുന്ന ആദ്യ വനിത. 2012ൽ വെങ്കലം നേടിയാണ് ഈ റെക്കോർഡ് സ്ഥാപിച്ചത്.



**സോനിക കലിരാമം**
ദോഹ ഏഷ്യൻ ഗെയിംസ് അടക്കം നിരവധി മത്സരങ്ങളിൽ പങ്കെടുത്ത ഗുസ്തി താരം



**മേരി കോം**
അഞ്ചു തവണ ലോക അമേച്വർ ബോക്സിങ്ങ് മത്സരജേതാവ് ആറു ലോക മത്സരങ്ങളിലും മെഡൽ നേടിയ ഏക വനിത.



**സാനിയ മിർസ :** ടെന്നീസ് റാങ്കിൽ വനിതാഡബിൾസിൽ ഒന്നാമതായി റാങ്ക് ചെയ്യപ്പെട്ട കായികതാരം. പത്മഭൂഷൺ, പത്മശ്രീ, അർജ്ജുന അവാർഡുകൾക്ക് അർഹയായി.



**താന്യ സച്ച്ദേവ് :** ചെസ്സ് കളിയിൽ ഇന്റർനാഷണൽ മാസ്റ്റർ(2008) വുമൺ ഗ്രാന്റ്മാസ്റ്റർ (2005) പട്ടങ്ങൾ കരസ്ഥമാക്കിയ താരം.


BEYPORE SULTHAN
SAROVARAM
COMPASSIONATE KOZHIKODE
CROWN THEATRE
BEACH
KOZHIKODE
IBN BATTUTA
KAPPAD
PT USHA
KALLAI
BANANA CHIPS
SM STREET
RAMADAS VAIDYAR
SK POTTEKAD
OPERATION SULAIMANI
BIRIYANI
GHAZAL
HALWA
IIMK
MANANCHIRA
NIT
FOOTBALL
THE KANNANORE SHOP
Thottathil
SILKS & COTTONS
thottathiltextiles